Phone No. 2972

26

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.





ഗ്രന്ഥാലോകം

വരിസംഖ്യ
...ികവരി മുൻകൂർ രൂ. 6.
...പ്രതി അണ. 8.

# ഗ്രന്ഥാലോകം

പത്രാധിപർ

ശ്രീ. സി. നാരായണപിള്ള. ബി. ഏ; ബി. എൽ.

## വിഷയവിവരം


1. പത്രാധിപവീഥി- 1. ഒരു മുന്നറിയിപ്പ്.
2. വിദ്യാഭ്യാസബോർഡ് 1- 4

2. ശ്രീ. നാരായണഗുരുസ്വാമി — ശ്രീ. ബോധേശ്വരൻ — 5–10

3. ഗ്രന്ഥശാലാപ്രസ്ഥാനം അന്നും ഇന്നും. ഡാ: പി. കെ. നാരായണപിള്ള, എം. ഏ. പിഎച്ച്. ഡി. — 10–21

4. വിചാരവേദിയിലെ വാഗ്ഗതി. — ശ്രീ. പി. ദാമോദരൻപിള്ള ബി. ഏ. — 22–26

5. നക്ഷത്രപ്പാന. — ശ്രീ. വട്ടോളി കൊച്ചുകൃഷ്ണൻനായർ. — 27–28

6. ഗ്രന്ഥനിരീക്ഷണം.

1. പെൺബുദ്ധി
2. പമ്പവിളക്ക്
3. ബ്ളീച്ച്.

ഡാ: കെ. രാഘവൻപിള്ള. — 29–35

7. ഗ്രന്ഥശാലാവാർത്തകൾ — 36–48


### മുഖചിത്രം

പ്രബോധിനി ഗ്രന്ഥശാല, പണ്ടാരത്തുരുത്ത്,
ചെറിയഴീക്കൽ.

വിദ്യാഭ്യാസത്തിലും ധനസ്ഥിതിയിലും പിന്നോക്കം നില്ക്കുന്ന ഒരു സമുദായം-കടലോരപ്രദേശത്തെ തൊഴിലാളിവർഗ്ഗം—സാംസ്കാരികമായി പുരോഗമിക്കയാണിവിടുത്തെ ജ്ഞാനസങ്കേതത്തിൽക്കൂടി.

# ഗ്രന്ഥാലോകം

വാല്യം 4 | ജനുവരി 1952 | ലക്കം 1


# പത്രാധിപവീഥി

## ഒരു മുന്നറിയിപ്പ്

ഈ കുറിപ്പ് അച്ചടിയിൽ വരുന്നതിനു മുൻപുതന്നെ ഗ്രന്ഥശാലകൾ പരിശോധിച്ച് ഗ്രേഡു തിരിക്കുവാൻ ഗവമ്മെൻറു നിയമിച്ചിട്ടുള്ള കമ്മററി അതിൻെറ പ്രവൎത്തനം ആരംഭിച്ചിരിക്കുന്നതാണ്. ഈ ബഡ്ജററുവഷമവസാനിക്കുന്നതിനു മുൻപു പരിശോധന പൂൎത്തിയാക്കി, ഗ്രാൻറനുവദിച്ചിട്ടുള്ള സംഖ്യ വിതരണം ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടു് കമ്മററിയുടെ ജോലി കാലവിളംബംകൂടാതെ തുടൎന്നുകൊണ്ടുപോകുവാൻ രാജ്യമൊട്ടുക്കുള്ള ഗ്രന്ഥശാലകളും ആർഗനൈസിംഗ് ഇൻസ്പെക്ടറന്മാരും വേണ്ടത്ര സഹകരണം നൽകുമെന്നു പ്രതീക്ഷിക്കുന്നു. ഗ്രന്ഥശാലകൾ പകൽ മുഴുവൻസമയവും രാത്രി ഏകദേശം 10 മണി വരെയും തുറന്നിരിക്കുന്നതും ആർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ പരിശോധന കമ്മററി ആവശ്യപ്പെടാവുന്ന വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ചുവെയ്ക്കുന്നതും കമ്മററിയുടെ ജോലി ലഘൂകരിക്കുന്നതാണ്. പരിശോധന പൂൎത്തിയാകുവാൻ താമസംവരികയാണെങ്കിൽ ഏപ്രിൽ 1-ാം നു- ബഡ്ജററനുവാദമുള്ള സംഖ്യകൾ ലാപ്സാകുമെന്നുള്ളതുകൊണ്ടു് ഗ്രാൻറു തുകകൾ നഷ്ടപ്പെട്ടേയ്ക്കാനിടയുണ്ടെന്ന് ഗ്രന്ഥശാലാപ്രവൎത്തകന്മാരെ അറിയിക്കട്ടെ.

അതിപ്രധാനമായ മറെറാരു സംഗതികൂടി ഗ്രന്ഥശാലാഭാരവാഹികളെ ഗ്രഹിപ്പിക്കുവാനുണ്ട്. ജനകീയ ഗവമ്മെൻറധികാരത്തിൽവന്നതിനുശേഷം ഗ്രാൻറിനത്തിൽ ഗ്രന്ഥശാലകൾക്കു വിതരണംചെയ്തിട്ടുള്ള സംഖ്യ മുൻകാലങ്ങളെ അപേക്ഷിച്ച് തികച്ചും തൃപ്തികരമായിരുന്നു എന്നകാൎയ്യം ചാരിതാൎത്ഥ്യജനകമാണ്. ഗ്രന്ഥശാലകൾക്കു നൽകിവന്ന ഏററവും കൂടിയ ഗ്രാൻറ് 240 രൂപയിൽ നിന്നും 800 രൂപയായും ഗ്രാൻറു ലഭിക്കുന്ന ഗ്രന്ഥശാലകളുടെ സംഖ്യ തൊള്ളായിരത്തിലധികമായും വൎദ്ധിപ്പിക്കുവാൻ ഇക്കാലത്തു കഴിഞ്ഞിട്ടുണ്ട്. 1124-ൽ ഗ്രാൻറിനർഹതയുള്ള ഗ്രന്ഥശാലയൊന്നുക്ക് ശരാശരി 124 രൂപയും 1125-ൽ 107 രൂപയും ആണ് ഗ്രാൻറായി വിതരണം ചെയ്തിട്ടുള്ളതു്. 1125-ൽ ഗ്രാൻറ് വിതരണം ചെയ്യുവാൻ ബഡ്ജററിൽ അനുവദിച്ചിരുന്ന സംഖ്യ മതിയാകാതെ വരുമെന്ന് ഗ്രന്ഥശാലാസംഘത്തിനു ബോദ്ധ്യപ്പെട്ടപ്പോൾ സംഘം പ്രതിനിധികൾ അധികാരസ്ഥാനങ്ങളെ സമീപിക്കുകയും ഗവർമ്മെൻറു അനുവദിച്ചിരുന്നതിൽ കവിഞ്ഞ് നാല്പതിനായിരത്തിൽ പരം രൂപകൂടി ഗ്രാൻറിനത്തിലേയ്ക്ക് നീക്കിവയ്ക്കുകയും ചെയ്തു. 1126-ൽ ഒരു

ലക്ഷം രൂപ മാത്രമാണു് ഗ്രന്ഥശാലാ പ്രവൎത്തനങ്ങൾക്കായി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്. ഈ തുകയുടെ അപര്യാപ്തതയെപ്പററി അക്കാലത്തുതന്നെ സംഘം പ്രതിനിധികൾ ഗവൎമ്മെൻറിനെ അറിയിക്കയുണ്ടായി. സംഘത്തിൻെറ നിവേദനങ്ങൾ ഗവൎമ്മെൻറ് സഹതാപപൂൎവ്വം വീക്ഷിക്കുകയും സപ്ലിമെൻററിബഡ്ജററ് മൂലമെങ്കിലും ബഡ്ജററുതുക വൎദ്ധിപ്പിച്ചുകൊള്ളാമെന്നുറപ്പുതരികയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തെപ്പററി പിന്നീടുണ്ടായ എഴുത്തുകുത്തുകൾക്കോ നിവേദനങ്ങൾക്കോ ഗവൎമ്മെൻറിൽനിന്നാശാവഹമായ യാതൊരു മറുപടിയും ഇതുവരെ ലഭിച്ചിട്ടില്ല. ഒരു ലക്ഷം രൂപ ഈ ഇനത്തിൽ ബഡ്ജററിൽ ഉൾപ്പെടുത്തിയിരുന്നതിൽ അഞ്ചിലൊന്നു സംഖ്യ സംഘത്തിൻെറ ഭരണച്ചെലവുകൾക്കു് നീക്കിവച്ചിട്ടുള്ളതു കഴിച്ചാൽ കഷ്ടിച്ചു് എൺപതിനായിരം രൂപ മാത്രമാണു് ഗ്രാൻറുവിതരണത്തിനിനിയും ശേഷിച്ചിട്ടുള്ളതു്. ഇന്നു ഗ്രാൻറു ലഭിച്ചുപോരുന്ന ഗ്രന്ഥശാലകൾക്കു മാത്രമായി ഈ സംഖ്യ വിതരണം ചെയ്യുകയാണെങ്കിൽ ശരാശരി ഒരു ഗ്രന്ഥശാലയ്ക്കു് ലഭിക്കുന്ന സംഖ്യ 67 രൂപ മാത്രമായി കുറയുന്നതാണു്. 124 ൽ നിന്നും 107–ലേയ്ക്കും 107–ൽനിന്നു് 67ലേയ്ക്കുമുള്ള ഗ്രാൻറുതുകയുടെ ഈ പതനം എത്രമാത്രം അസ്വാസ്ഥതാജനകമാണെന്നു എടുത്തു പ്രസ്താവിക്കേണ്ടതില്ലല്ലോ! സംഘം പ്രവൎത്തകസമിതി ഈ തുക വൎദ്ധിപ്പിച്ചു കിട്ടുവാൻവേണ്ടി ഇതിനു മുൻപു പലപ്പോഴും ഗവൎമ്മെൻറിനെ അലട്ടിയിട്ടുണ്ടെങ്കിലും ഇന്നുവരെ അവരുടെ ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. സംഘം വായനശാലകൾക്കുവേണ്ടിയുള്ള ഈ അവകാശവാദങ്ങൾ ഇനിയും തുടരുന്നതാണു്. ഫലമെന്തായിരിക്കുമെന്നു് മുൻകൂട്ടി തീൎച്ചചെയ്യുവാൻ സാധ്യമല്ല. സംഘത്തിനുള്ള ഗ്രാൻറു് വൎദ്ധിപ്പിക്കണമെന്നു് കാണിച്ചു് ഏതാനും മാസങ്ങൾക്കു മുൻപു് ഗവൎമ്മെൻറിലേയ്ക്കയച്ചിരുന്ന അപേക്ഷയ്ക്കു് ലൈബ്രറി ബിൽ പാസായതിനുശേഷം മാത്രമേ കൂടുതൽ ധനസഹായത്തെപ്പററി ആലോചിക്കുവാൻ നിർവാഹമുള്ളു എന്നായിരുന്നു ഗവൎമ്മെൻറിൻെറ മറുപടി. ഗൎഭസ്ഥമായിട്ടില്ലെന്നു മാത്രമല്ല, അധികാരികളുടെ ഭാവനയിൽ പോലും ഇന്നുവരെ രൂപമെടുത്തിട്ടില്ലാത്ത ലൈബ്രറിബിൽ എഴുതിയുണ്ടാക്കി നിയമസഭയിൽ മൂന്നാവൎത്തി വായിച്ചു് നിയമമാക്കിയശേഷം ധനസഹായത്തെപ്പററി ആലോചിക്കാമെന്നു മറുപടിയയച്ച ഭാവനാശക്തിയില്ലാത്തതും ലൈബ്രറിപ്രസ്ഥാനമെന്തെന്നു പൂൎണ്ണമായി മനസ്സിലാക്കിയിട്ടില്ലാത്തതുമായ ഒരുഗവൎമ്മെൻറ് ഗ്രാൻറ് വൎദ്ധിപ്പിക്കണമെന്നുള്ള അപേക്ഷ എത്ര ആവൎത്തിച്ചു ബോധിപ്പിച്ചാലും എന്തു മറുപടിയാണു് നൾകുവാൻ പോകുന്നതെന്നു് മുൻകൂട്ടി പ്രതീക്ഷിക്കാവുന്നതേയുള്ളു.

അതുകൊണ്ടു് ഈ വൎഷത്തിൽ ഗ്രന്ഥശാലകൾക്കു് ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാൻറു് ഗണ്യമായി കുറയുകയാണെങ്കിൽ അതിലേയ്ക്കുള്ള കാരണങ്ങൾ മുൻകൂട്ടി ഗ്രന്ഥശാലകളെ അറിയിക്കുവാൻവേണ്ടി കൂടിയാണു് ഈ കുറിപ്പെഴുതുന്നതു്. സംഘം ഗ്രാൻറു വൎദ്ധിപ്പിച്ചുകിട്ടുവാൻ അതിൻെറ സകല കഴിവുകളും സംഘടിതശക്തിയും പ്രയോഗിക്കുന്നതാണു്. എന്നാൽ ആ ശ്രമങ്ങൾ വിഫലങ്ങളായിത്തീരുകയാണെങ്കിൽ ഗ്രാൻറു കുറഞ്ഞതിനുള്ള ഉത്തരവാദിത്വം സംഘത്തിൻെറ ചുമലിൽ ആരും നിക്ഷേ

പിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ വിഷയത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ആവശ്യമെന്നു തോന്നുന്നപക്ഷം പിന്നീടു വെളിപ്പെടുത്തുന്നതാണ്.

## വിദ്യാഭ്യാസബോർഡ്

തിരുവിതാംകൂർ കൊച്ചി ഗവൺമെൻറ് ഒരു വിദ്യാഭ്യാസബോർഡു സംഘടിപ്പിക്കയും പ്രസ്തുത സമിതി സമ്മേളിച്ചു് അതിപ്രധാനമായ ചില തീരുമാനങ്ങളെടുക്കുകയും ചെയ്തതായി പത്രങ്ങളിൽ വായിക്കയുണ്ടായി. മൂന്നാം ഫാറത്തിൽ പബ്ളിക് പരീക്ഷ ഏർപ്പെടുത്തുന്നതുമുതൽ ഡ്റായിങ് ബുക്കുകൾ പഠിപ്പിക്കേണ്ട ആവശ്യം വരെയുള്ള കാര്യങ്ങൾ ബോർഡിൻെറ ആലോചനയ്ക്കു വിഷയമായതായി മനസ്സിലാകുന്നു. കൂടാതെ ഒരു പഞ്ചവത്സരപദ്ധതി അനുസരിച്ചു് അടിസ്ഥാനവിദ്യാഭ്യാസം രാജ്യമൊട്ടുക്കു പ്രചരിപ്പിക്കുവാൻ വേണ്ട പരിപാടികളെപ്പറ്റി മറെറാരു വിദഗ്ദ്ധക്കമ്മററി ആലോചന നടത്തിക്കൊണ്ടിരിക്കുന്നതായും അറിയുന്നു. വിദ്യാഭ്യാസബോർഡിനു് ഇക്കാര്യത്തിലെന്തെങ്കിലും അഭിപ്രായം പ്രകടിപ്പിക്കുവാനർഹതയുണ്ടോ എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഏതായാലും പ്രൈമറിയും സെക്കൻഡറിയുമായ വിദ്യാഭ്യാസപദ്ധതികളുടെ കാര്യങ്ങൾ മാത്രമാണ് ബോർഡിൻെറ ആലോചനയ്ക്കു വിഷയമായതായി റിപ്പോർട്ടുചെയ്തിട്ടുള്ളതു്.

ഈ സംസ്ഥാനത്തു നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസപ്രചരണ പ്രവർത്തനങ്ങളെല്ലാംതന്നെ ഒരേ ഒരു ചിത്രത്തിൽ മാത്രമാണു ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളതു്. പ്രൈമറിവിദ്യാഭ്യാസമായാലും സെക്കൻഡറിവിദ്യാഭ്യാസമായാലും അടിസ്ഥാനവിദ്യാഭ്യാസമായാലും വയോജനവിദ്യാഭ്യാസമായാലും അവയൊക്കെ ഒരു വിദ്യാഭ്യാസപദ്ധതിയുടെ വിവിധ വശങ്ങൾ മാത്രമാണ്. ഗ്രന്ഥശാലാപ്രവർത്തനങ്ങൾ ഇങ്ങിനെയുള്ള വിദ്യാഭ്യാസപ്രചരണസംരംഭങ്ങളിൽ അതിപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. ഇവയിലൊന്നുംതന്നെ പൊതുവിദ്യാഭ്യാസപദ്ധതിയിൽനിന്നു് ഒററപ്പെടുത്തി പരിചിന്തനം ചെയ്യാവുന്ന വിഷയമല്ല. അതുകൊണ്ടു വിദ്യാഭ്യാസകാര്യങ്ങളിൽ ഗവൺമെൻറിനെ ഉപദേശിക്കുവാൻ നിയമിച്ചിട്ടുള്ള വിദ്യാഭ്യാസബോർഡിൻെറ കർത്തവ്യം ഈ രാജ്യത്തിലിന്നു നിലവിലുള്ള നാനാവിധമായ വിദ്യാപ്രചരണസംരംഭങ്ങളെ ഒരേ ചിത്രത്തിൽ കാണുകയും അതിൻെറ എല്ലാവശങ്ങളും ഒരേനിലയിൽ പരിപോഷിപ്പിക്കുകയുമാണെന്നുള്ളതിൽ പക്ഷാന്തരത്തിനു വകയില്ല. എല്ലാ വിദ്യാഭ്യാസസംരംഭങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നു തെളിയിക്കുവാൻ എത്ര ഉദാഹരണങ്ങൾ വേണമെങ്കിൽ ഉദ്ധരിക്കാവുന്നതാണ്.

സ്വയം പര്യാപ്തവും സ്വയം നിർമ്മിതവുമായ സഹകരണാടിസ്ഥാനത്തിലുള്ള ഒരു സമുദായഘടന സൃഷ്ടിക്കുന്നതിനുള്ള ഒരു പദ്ധതിയായിട്ടാണ് മഹാത്മാഗാന്ധി അടിസ്ഥാനവിദ്യാഭ്യാസത്തെ വിഭാവനംചെയ്തിട്ടുള്ളതു്. ഈ പുതിയ വിദ്യാഭ്യാസത്തിൻെറ പരിപാടിയും സ്വയംപര്യാപ്തതാപരിപാടിയും ഗ്രാമവ്യവസായപോഷണ പരിപാടികളും ഒന്നോടൊന്നു് ബന്ധപ്പെട്ടിരിക്കുന്നു. ഈ അടിസ്ഥാനവിദ്യാഭ്യാസത്തോടു് അവിഭക്തമായി ബന്ധപ്പെട്ടു നില്ക്കുന്ന ഒന്നാണ് ശിശുവിദ്യാഭ്യാസം. കുട്ടികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും ആരോഗ്യപരമായും പരിശുദ്ധമായും ജീവിക്കുന്നതിനുള്ള ഒരു പരിപാടിയാണ് ശിശുവിദ്യാഭ്യാസപദ്ധതിയിൽ അടങ്ങിയിട്ടുള്ളതു്. ഈ പരിപാടിയിൽ ശിശുവിദ്യാഭ്യാസം മാതാപിതാക്കൾക്കുള്ള വയോജനവിദ്യാഭ്യാസം എന്നി

ങ്ങനെ രണ്ടു വശങ്ങളുണ്ടു്. ഗ്രന്ഥശാലാപ്രസ്ഥാനവും വയോജനവിദ്യാഭ്യാസവും വളരെ അടുത്ത ബന്ധമുള്ളവയാണു്. അതുകൊണ്ടു് ഈ സംസ്ഥാനത്തു് നൂതനമായി സംഘടിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസബോർഡു് പ്രൈമറിയും സെക്കൻഡറിയും വിദ്യാഭ്യാസത്തെപ്പററി മാത്രമല്ല വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളെപ്പററിയും ചർച്ചചെയ്തു് രാഷ്ട്രപുനഃസംഘടനയ്ക്കാവശ്യമായ പദ്ധതികൾ തയാറാക്കി അവ നടപ്പിൽ വരുത്തുവാൻ ഗവർമ്മെൻറിനെ ഉപദേശിക്കേണ്ടതാണു്. വളരെ അപ്രധാനങ്ങളായ കാര്യങ്ങൾ മാത്രമാണു് കഴിഞ്ഞ ബോർഡു് യോഗത്തിൽ ചർച്ചാവിഷയങ്ങളായിട്ടുള്ളതു്. വിദ്യാഭ്യാസബോർഡു് വിദഗ്ദ്ധന്മാരുടെ ഒരു കമ്മററിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ള കമ്മററി അംഗങ്ങളുടെ യോഗ്യതകളെ താഴ്ത്തിപ്പറയാതെതന്നെ വിദ്യാഭ്യാസശ്രമങ്ങളുടെ നാനാമുഖമായ രംഗങ്ങളിൽ പ്രവർത്തിച്ചു് പ്രാവീണ്യം നേടിയിട്ടുള്ളവരുടെ വീക്ഷണഗതിയുംകൂടി ബോർഡിൽ പ്രാതിനിധ്യം നൽകുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഉദാഹരണമായി വയോജനവിദ്യാഭ്യാസം ഗ്രന്ഥശാലാപ്രസ്ഥാനം എന്നിങ്ങനെ വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കു് വേണ്ടത്ര പരിഗണന നൽകുന്നതും ബോർഡിൽ പ്രസ്തുത രംഗങ്ങളിൽ പ്രവർത്തിച്ചു് വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവർക്കു് പ്രാതിനിധ്യം നൽകുന്നതും ഞങ്ങൾ മുൻപു പറഞ്ഞതുപോലെ എല്ലാ വിദ്യാഭ്യാസസംരംഭങ്ങളേയും ഒരേ ചിത്രത്തിൽ വീക്ഷിക്കുവാൻ ബോർഡിനു് സാഹചര്യം നൽകുന്നതാണു്.

വിദ്യാഭ്യാസബോർഡു് സംഘടിപ്പിച്ചുകൊണ്ടുള്ള ഗവർമ്മെൻറു് പ്രൊസീഡിംഗ്സിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശത്തെപ്പററിയോ, ആലോചനയ്ക്കു വിഷയമാകേണ്ട കാര്യങ്ങളെപ്പററിയോ, പ്രവർത്തനപരിധിയെപ്പററിയോ എന്തൊരു നിർദ്ദേശങ്ങളാണടങ്ങിയിട്ടുള്ളതെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ വിദ്യാഭ്യാസപുനഃസംഘടനാവിഷയമായ കാര്യങ്ങളെപ്പററി ചർച്ചചെയ്യുവാനും എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളേയും പരസ്പരം സംഘടിപ്പിക്കുവാനും വേണ്ട ഉപദേശങ്ങൾ ഗവർമ്മെൻറിനു നൽകുവാൻ ഈ ബോർഡിനധികാരവും പ്രാപ്തിയുമില്ലെങ്കിൽ അതു് കേവലം നിഷ്പ്രയോജനമായിരിക്കുന്നതാണു്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റോ ഡയറക്ടററോ മുൻകൂട്ടി തയാറാക്കുന്ന കാര്യപരിപാടി അനുസരിച്ചു ബോർഡു് ആലോചനകൾ നടത്തുന്ന സമ്പ്രദായമാണു് ഇന്നു നിലവിലുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്തുള്ള എല്ലാ ഉപദേശകസമിതികളും ഇങ്ങനെയാണു് ആലോചനകൾ നടത്തിക്കൊണ്ടിരിക്കുന്നതു്. അതിപ്രധാനമായ നയങ്ങളേയും ലക്ഷ്യങ്ങളേയും ബാധിക്കുന്ന സംഗതികളിൽ ഉപദേശകസമിതികൾ കൈകടത്തുന്നതു് പഴയ പാരമ്പര്യങ്ങളിൽ മുരടിച്ച ഗവമ്മെൻറു് ഡിപ്പാർട്ടുമെൻറുകൾക്കു് ഇപ്പോഴും ഹിതകരമായ കാര്യമല്ല. എന്നാൽ വിദ്യാഭ്യാസനയത്തെപ്പററി കൂലങ്കഷമായി ചർച്ചചെയ്തു് ഉപദേശം നൽകുവാൻ അധികാരമില്ലാത്ത വിദ്യാഭ്യാസബോർഡു് കേവലമൊരലങ്കാരം മാത്രമായിരിക്കയേ ഉള്ളു. അതുകൊണ്ടു് ബോർഡംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു സ്റ്റിയറിംഗ് കമ്മററിയെ മീററിംഗുകളുടെ കാര്യപരിപാടി തയാറാക്കുവാൻ നിയോഗിക്കുന്നതും ഡ്റായിംഗിനു് പെൻസിൽ വെട്ടേണ്ടതെങ്ങിനെയെന്നുള്ള കാര്യങ്ങളൊക്കെ അദ്ധ്യാപകന്മാർ വിട്ടിട്ടു് വിദ്യാഭ്യാസസംബന്ധമായ മൌലിക പ്രശ്നങ്ങളെപ്പററി ബോർഡു് ചർച്ചചെയ്തു് തീരുമാനങ്ങൾ സമർപ്പിക്കുന്നതു് കൂടുതൽ ഫലപ്രദവും പ്രയോജനകരവുമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# ശ്രീനാരായണഗുരുസ്വാമി

## ബോധേശ്വരൻ

ആധുനിക കേരളത്തിന്റെ ആദരണീയരായ ജനനേതാക്കളിൽ അഗ്രിമനായ ഒരു മഹാപുരുഷന്റെ അനുസ്മരണയ്ക്കായി ആരംഭിച്ചുകൊള്ളട്ടെ! ആദ്ധ്യാത്മികവിപ്ലവത്തിന്റെ ശംഖധ്വനിയും ഒരു സാമൂഹ്യനവോത്ഥാനത്തിന്റെ പടഹാരവവും ഈ കേരളക്കരയിലും നാം കേട്ടുകഴിഞ്ഞിട്ടുണ്ട്. അതിനുള്ള സാഹചര്യങ്ങൾ യാതൊരു വ്യക്തിപ്രഭാവത്തിൽനിന്നും സംജാതമായോ, അതു കൂടുതലായും ശ്രീനാരായണനിൽനിന്നും ഉള്ളതായിരുന്നു എന്നു സംശയംവിനാ പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീനാരായണഗുരുസ്വാമി നമുക്കും നമ്മുടെ മുമ്പിലത്തെ തലമുറയ്ക്കും സുപരിചിതനാണല്ലൊ. അനുസ്മരണീയനായ ആ കേരളീയാചാര്യന്റെ ജന്മർക്ഷസ്മരണകളിൽ പുളകംകൊള്ളുന്ന മലയാളികൾക്കു അദ്ദേഹത്തെപ്പററി പരിചിതങ്ങളല്ലാത്ത കഥകൾ ഒട്ടുവളരെയുണ്ടെന്നും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ സ്വാമിയെ സ്മരിക്കുമ്പോൾ അദ്ദേഹത്തെപ്പററി കേട്ടറിഞ്ഞതും വായിച്ചു മനസ്സിലാക്കിയതുമായ കഥകളെക്കാൾ കണ്ടറിഞ്ഞതും ഇടപെട്ടു പഴകിയതും സഹകരിച്ചു ബോദ്ധ്യമായതുമായ വസ്തുതകളാണ് ഈയുള്ളവന്റെ ചിന്തയിൽ ഒന്നൊന്നായി അലതല്ലുന്നതു്.

ശിവഗിരി—ആ കുന്നിന്റെ മുകൾപ്പരപ്പിൽ ഒരു പൈങ്കിളിപോയ കൂടുപോലെ —ഒരു വിലാപകാവ്യ ശകലമായി ഇന്നു കാണുന്ന ആ വെണ്മാടത്തിനുള്ളിൽ ചില കാലങ്ങളിൽ ഒതുങ്ങിക്കൂടിയിരുന്ന ആ മഹാത്മാവു്. ദൃഢവ്രതനും ആചാരനിഷ്ഠനുമായ ആ വൃദ്ധതേജസ്വിയെ കൂപ്പുകൈകളോടെ അനുസ്മരിച്ചുകൊള്ളുന്നു.

ഉഷസ്സിന്റെ മൃദുകിരണങ്ങൾ പതിക്കും മുമ്പിൽ—ആ പെരുകാട്ടിലെ പറവക്കൂട്ടങ്ങളുടെ തരളഗീതങ്ങൾ മററാരെയും ഉണർത്തും മുമ്പിൽ—അങ്ങനെ ആ ബ്രാഹ്മമുഹൂർത്തത്തിൽതന്നെ ഉണർന്നെണീററു് കരിയിലകൾപോലും അനങ്ങാതെ നടന്നുപോയി, സ്നാനാദിദിനകൃത്യങ്ങൾ നടത്തി മടങ്ങിയെത്തി 'ആപൂര്യമാണമചല പ്രതിഷ്ഠം' എന്നുള്ള ഗീതാവചനങ്ങളെ അനുസ്മരിപ്പിക്കുമാറു് ചിത്തവൃത്തികളിൽനിന്നും വിരമിച്ചു്—യാതൊരു യതിയുണ്ടോ ഉഷസ്സിലെ കണിപ്പൂപോലെ ഈയുള്ളവക്കു ദർശനസൌഭാഗ്യം നൾകിപ്പോന്നു, ആ മഹാത്മാവിനെ വീണ്ടും വീണ്ടും അഞ്ജലീബദ്ധനായി അനുസ്മരിച്ചുകൊള്ളുന്നു.

കൊല്ലവർഷം 1094 നിടയ്ക്കായിരിയ്ക്കാം, അന്നു ഞാൻ കണ്ടതാണു ഗുരുസ്വാമിയുടെ ചിത്രം. ഓർമ്മയിൽ നിന്നു ഇന്നതൊന്നു വരച്ചുനോക്കട്ടെ. ഭസ്മലേപനം ചെയ്തു വിശാലമായ നെററിത്തടം —അലോകസാമാന്യമായ മുഖദീപ്തി—വിരക്തിവിരാജിതവും എന്നാൽ ആലോകനോൽസുകവുമായ നേത്രങ്ങൾ—അതിശുഭ്രമായ ഒരു വസ്ത്രമുടുത്തും അതുപോലുള്ള മറെറാരുവസ്ത്രം കൊണ്ടു് ഇളം ചുവപ്പു കലൻ് സാമാന്യം വെളുത്ത ശരീരവും മുണ്ഡനം ചെയ്ത ശിരസ്സും മറച്ചും, നീണ്ട കൈവിരലുകൾ അല്പമായി മടക്കി താടിയെ സ്പർശിച്ചും

വസ്ത്രങ്ങൾ ഒതുക്കിപ്പിടിച്ചും, അഞ്ചരയടിയ്ക്കുമേൽ പൊക്കമുള്ള ഒരസാധാരണ മനുഷ്യൻ ആ കുന്നിൻെറ താഴോരത്തെ മാന്തോപ്പിൽ കൂടി സാവധാനമായി നീങ്ങുന്നുണ്ടു്. ഇരുപാൎശ്വങ്ങളിലും അഞ്ചാറടി അകലെയായി തന്നെ അനുഗമിച്ചുകൊണ്ടിരിക്കുന്ന ജനസഞ്ചയത്തിൽ ചിലരോടായി കൊച്ചുകൊച്ചു പദങ്ങളിലും വാചകങ്ങളിലും സൂത്രശൈലിയെ അനുസ്മരിപ്പിക്കമാറു് ആ മൂൎത്തിവിശേഷം കരുണാമസൃണമായി ചിലതു ഭാഷിക്കുന്നുമുണ്ടു്. പുരാണകല്പിതങ്ങളായ കാലങ്ങളിലേക്കു് പ്രേക്ഷകരെ ആനയിച്ചുകൊണ്ടു് അങ്ങനെ സാവധാനത്തിൽ നടന്നുവരുന്ന ഒരു വിഗ്രഹം ഇന്നു് എൻെറ സ്മരണയിൽ തെളിഞ്ഞു നില്ക്കുന്നു. അദ്ദേഹം തന്നെയാണു് ഈശാവാസ്യോപനിഷത്തിനു് ഇങ്ങനെ ഒരു പരിഭാഷ നൽകിയതു്.

ഈശൻ ജഗത്തിലെല്ലാമാവസിക്കു-
ന്നതു കൊണ്ടുനീ
ചരിക്ക, മുക്തനാ, യാശിക്കരു, താരു
ടെയും ധനം.
അല്ലെങ്കിലന്ത്യം വരെയും കൎമ്മം ചെയ്തുമ
സംഗനായ്
ഇരിക്കുക, ഇതല്ലാതില്ലൊന്നും നരനു
ചെയ്തിടാൻ

അങ്ങനെ പോകുന്നു ആ ആൎഷതരംഗിണി.

സ്വാമി എത്ര മനോഹരപദ്യങ്ങളാണു് കൈരളിക്കു് കണ്ഠാഭരണങ്ങളായി സമൎപ്പിച്ചിട്ടുള്ളതെന്നു് ഈ അവസരത്തിൽ ഓൎമ്മിക്കാതെ കടന്നുപോകുന്നതെങ്ങനെ! സ്വാമിയുടെ കൃതികളിൽ ആത്മോപദേശശതകം എന്നു സുപ്രസിദ്ധമായ നൂറു ശ്ലോകങ്ങൾ ഇന്നോവരെയുള്ള ഭാരതീയ മതചിന്തകളുടെ അത്യുത്തമമായ ഒരു സംഗ്രഹമാണു്.

പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലതരയുക്തി പറഞ്ഞു പാമരന്മാർ
അലവതുകണ്ടലയാതമൎന്നിടേണം.

അതുമിതുമല്ല സദത്ഥമല്ലഹം, സ-
ച്ചിദമൃതമെന്നു തെളിഞ്ഞു ധീരനായി
സദസദിത പ്രതിപത്തിയററു സത്തോ-
മിതി മൃദുവായ് മൃദുവായമൎന്നിടേണം.

എന്നവസാനിക്കുന്ന ആ ചിന്താവൈഖരി എന്നുമെന്നും കേരളത്തിൽ മുഴങ്ങിക്കൊണ്ടിരിക്കും. എന്നാൽ മേല്പത്തൂരിനെ അനുസ്മരിപ്പിക്കുന്ന ഭക്തിപ്രചുരങ്ങളായ നിരവധി പദ്യങ്ങൾ സ്വാമി എഴുതിയിട്ടുള്ളതും ഇന്നത്തെ വായനക്കാർ മറന്നുപോയിരിക്കാം. നോക്കുക.

ഗോവിന്ദ ഗോപസുത ഗോഗണപാല
ലോല
ഗോപീജനാംഗകമനീയ നിജാംഗസംഗ
ഗോദേവി വല്ലഭ മഹേശ്വര മുഖ്യവന്ദ്യ
ശ്രീഭൂപതേ ഹര, ഹരേ സകലാമയം മേ.

സംസ്കൃതഭാഷയിലും തമിഴിലും തികഞ്ഞ പാണ്ഡിത്യമുണ്ടായിരുന്ന ഈ അഭിനവാചാൎയ്യനെ ശൈവാഗമങ്ങളും സിദ്ധന്മാരും ആകൎഷിച്ചിട്ടുള്ളതുപോലെ ഉത്തരദേശികളും അവരുടെ സംസ്കാരവും അത്ര ആകൎഷിച്ചിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു്. ശ്രീ നാണുഗുരുസ്വാമിയുടെ ജീവിതത്തിലെ സുപ്രധാന ഘടകങ്ങളായ ശ്രീ കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമിയും തൈക്കാട്ടു അയ്യാസ്വാമിയും ദ്രാവിഡസംസ്കാരത്തിൻെറ ഉറവകളായിരുന്നു എന്നുള്ള കാൎയ്യവും ഇവിടെ പ്രസ്താവ്യമായിരിക്കുന്നു. അങ്ങനെ ദ്രാവിഡാചാൎയ്യന്മാരുടെ പാരമ്പൎയ്യങ്ങളും പുലൎത്തി, അതിൽ മലയാളിയ്ക്കുള്ള പ്രത്യേക വ്യക്തിത്വങ്ങളും പരിപാലിച്ചു്, ഇനിയും ശ്രമസാദ്ധ്യമായിത്തന്നെ അവ

ശേഷിക്കുന്ന ആ അപൂർവശൈലിയിൽ ഭക്തിനിഷ്യന്ദികളും ജ്ഞാനഗംഭീരങ്ങളുമായ നിരവധി പദ്യങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്.

തൂമത്തിങ്കൾക്കിടാവും തിരുമുടിയിടയിൽ
    ചാമ്പലും ഉമ്പരാറും
ശ്രീമച്ചെമ്പൻമുടിക്കൻ തിരുവൊളി ചിതറി
    ച്ചിന്തു മന്തി ച്ചുവപ്പും
നാമപ്പൊട്ടിട്ടിണങ്ങും നെറുക, ചെറുപിറ-
    ക്കീറു കാർവില്ലു വെല്ലു-
ന്നോമൽപ്പൂഞ്ചില്ലി വല്ലിക്കൊടിയുമടിയനു
    ൾക്കൺമുനയ്ക്കെന്നു കാണാം.

എന്നിങ്ങനെ ആ ഭാവനാനിർഝരികൾ പല ചൊക്കങ്ങളിലുംകൂടെ നിർഗ്ഗളിക്കുകയാണു്. വേദാന്തമതത്തിന്റെ പരമതത്വങ്ങൾ ആവശ്യക്കാർക്കു് ആസ്വാദ്യകരങ്ങളാക്കിക്കൊണ്ടു് നിരവധി പദ്യങ്ങൾ രചിച്ചിട്ടുള്ള ഈ ആധുനികാചാര്യൻ, അദ്ദേഹത്തിന്റെ ചിന്താനിർഭരങ്ങളായ വചനസൂക്തങ്ങൾകൊണ്ടു് കേരളത്തിന്റെ സാംസ്കാരികബന്ധങ്ങൾ ക്കുറപ്പുവരുത്തിയിട്ടുണ്ടു്. ആ വീണാതന്തുവിൽനിന്നു നിർഗ്ഗളിച്ച ഓരോ മധുരസ്വരത്തിന്റേയും മാനദണ്ഡം കുറിക്കുവാൻ ഭാരതീയ സംസ്കാരചരിത്രത്തിന്റെ തന്നെ വിശദമായ ഒരു പശ്ചാത്തലം അത്യന്താപേക്ഷിതമായിരിക്കുന്നു.

ഈ തെക്കൻ കടൽക്കരയോടടുത്ത ഒരു പ്രദേശത്തു ജനിച്ചു് അധികമൊന്നും സമീപപ്രദേശങ്ങളെ വിട്ടുപോകാതെ കഴിഞ്ഞുകൂടിയ ഈ മഹാന്റെ ജീവിതത്തെപ്പറ്റി ആകെക്കൂടി ഒന്നു നോക്കുമ്പോൾ കേരളത്തിന്റെ മങ്ങിമറയുന്ന ആ ചിത്രവും ഭാരതത്തിന്റെ അജ്ഞാതകാലങ്ങളുടെ ഒരു ബാഹ്യരേഖയും നമുക്കു വ്യക്തമാകുന്നു. എന്നാൽ ആ ജീവിതവും അതിൽനിന്നുണ്ടായ ഓരോ വാക്കും ഒന്നുകൂടി ചുഴിഞ്ഞു നോക്കുമ്പോൾ, കേരളക്കരയിലെ ഓരോ കുന്നും കാടും മേടും കടന്നു്, സഹ്യനും വിന്ധ്യനും കടന്നു് കൈലാസാചലം വരെ പാഞ്ഞെത്തുന്ന എന്റെ മാനസവാജി— അവിഭക്തഭാരതത്തിന്റെ ഓരോ കോണുകളും സ്പർശിച്ചുകൊണ്ടു് ആവർത്തിച്ചാവർത്തിച്ചു് പ്രദക്ഷിണം ചെയ്തുപോകുന്നു.

ഭൂകമ്പനങ്ങൾ ആഴിപ്പരപ്പുകളേയും അചലപ്രദേശങ്ങളേയും നിർമ്മിക്കുകയും നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യാറുണ്ടു്. ശക്തിമത്തായ പ്രകമ്പനങ്ങൾ അനേകായിരം നാഴികയകലത്തിൽ ഒട്ടനേകം ഞടുക്കങ്ങളേയും കുലുക്കങ്ങളേയും ജനിപ്പിക്കുന്നതായും നാമറിഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ മനുഷ്യരാശിയുടെ ഇടയിലും ചിന്താപരമായുള്ള വിഭ്രമണങ്ങൾ ചിലപ്പോഴൊക്കെ ഉണ്ടാകാറുള്ളതായും, തുടർന്നുള്ള നിരവധി ചലനങ്ങൾ അവയുടെ ശക്തികേന്ദ്രങ്ങളുടെ വീണ്ടും വീണ്ടുമുള്ള ആവിഷ്കരണത്തിനു സഹായകമായി ഭവിക്കാറുള്ളതായും കണ്ടുവരുന്നു. രാഷ്ട്രങ്ങളുടേയും സമുദായങ്ങളുടേയും പുരോഗതികളും അധോഗതികളും അവ എങ്ങനെയൊക്കെ പ്രയോജനപ്പെടുന്നു എന്നു് അറിയുമ്പോഴാണു് മനുഷ്യചരിത്രത്തിന്റെ അടിസ്ഥാനതത്വങ്ങളിലേയ്ക്കു നാം പ്രവേശിക്കുന്നതു്. അങ്ങനെ പഴയതും പുതിയതുമായ സമുദായപരിണാമങ്ങളുടെ ചരിത്രത്തിൽ ചിന്താപരമായ നിരവധി പ്രകമ്പനങ്ങളുടെ കാൽപ്പാടുകൾ നമുക്കെണ്ണിയെണ്ണി പറയുവാൻ കിടപ്പുണ്ടു്.

ഭാരതീയ ചിന്താപ്രകമ്പനങ്ങൾ ആദ്യമായി കണ്ടുതുടങ്ങുന്നതു് ആർഷസംഹിതകളിലാണല്ലോ. അതു് കപിലകണാദപാതഞ്ജലീയ ദർശനങ്ങളിലും, അതിന്റെയൊക്കെ ആഖ്യാനപ്രത്യാഖ്യാനങ്ങൾപോലെയുള്ള ബുദ്ധാജയിനാദിമാർഗ്ഗങ്ങളിലും തുട

ർന്നു നില്ക്കുകയും ചെയ്യുന്നു. ചൈനായിലും പശ്ചിമഏഷ്യൻ രാജ്യങ്ങളിലുമാണെങ്കിൽ ലാവോത്സിയിലും കൺഫ്യൂഷ്യസിലുംകൂടി, തുടന്നു് സോരാഷ്ട്രനിലും, ജെറാമിയായിലും, ഇശക്കിയേലിലുംകൂടി ജീസസ്സിലും, മുഹമ്മദിലുമായി അങ്ങനെ അവ അവസാനിക്കുന്നു.

ഭാരതത്തിനിതേവരെ സിദ്ധിച്ചിട്ടുള്ള സുചിന്തിതങ്ങളും, സുപരീക്ഷിതങ്ങളുമായ അഭിപ്രായങ്ങളിൽ ഏററവും പ്രധാനമായ ചില അടിസ്ഥാനതത്വങ്ങളെക്കൂടെ ഓമ്മയിൽവെച്ചുകൊണ്ടുവേണം നമ്മുടെ മഹജ്ജീവിതങ്ങളെ മനസ്സിലാക്കുവാനുള്ളതു്.

ഏകംസദ്വിപ്രാ ബഹുധാവദന്തി
എന്നു വേദസംഹിതയിൽ തുടങ്ങി
യേ യഥാമാം പ്രപദ്യന്തേതാം സ്തഥൈവ
ഭജാമ്യഹം! സവ്ശഃ!

എന്നു ഗീതയിൽ അവസാനിക്കുന്ന ആഷനിർദ്ദേശങ്ങൾക്കു് എത്രയെല്ലാം സംഘട്ടനങ്ങളേയും, സമൂലസംഹാരക്രിയകളേയും, മതപരിവത്തനഭ്രാന്തുകളേയും അതിജീവിച്ചുപോകാനുള്ള ഉൾക്കരുത്തു് ഉണ്ടെന്നുള്ളതു് പരിഷ്കൃതലോകം ആലോചിച്ചു നോക്കട്ടെ! നമ്മുടെ എല്ലാ മഹാത്മാക്കളും ഈ തത്വങ്ങളെ അടിസ്ഥാനമാക്കിമുന്നോട്ടു പൊയ്ക്കൊള്ളുവാൻ നമ്മെ പ്രേരിപ്പിച്ചു എന്നുമാത്രമല്ലാ, ലോകത്തനംഗീകരിക്കാമെന്നുള്ള എല്ലാ ആദ്ധ്യാത്മികാഭിപ്രായങ്ങൾക്കും നിർബ്ബാധം വളരാമെന്നുള്ള ഒരു മഹാരാജ്യം ഇവിടെ അന്നേ സൃഷ്ടമാവുകയും ചെയ്തു. വ്യാഖ്യാനങ്ങളല്ലാതെ പിന്നീടു പുതുതായി ഒന്നും ഉണ്ടായിട്ടില്ല എന്നുള്ള വസ്തുതയും ഇവിടെ വിസ്മരിച്ചുകൂടാത്തതാണു്. ഈ വക തത്വങ്ങളെ നമ്മെ യഥാകാലം അനുസ്മരിപ്പിക്കുവാൻ ആഗതരാകുന്ന മഹാത്മാക്കളുടെ കാലടികൾ ഒരിക്കലും മാഞ്ഞുപോകാതെ ഒന്നിനു പുറകെ ഒന്നായി തുടന്നുപോകുന്ന ഒരു രാജ്യമാണു് ഭാരതമെന്നും, അതിനാൽ ഭൂപ്രകമ്പനങ്ങൾക്കു് ജപ്പാൻ ദ്വീപുകളെപ്പോലെ ചിന്താവിഭ്രമണങ്ങൾക്കു് നമ്മുടെ രാജ്യം തെരഞ്ഞെടുക്കപ്പെട്ട ഒരു രാജ്യമാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

ഭിന്നസംസ്കാരങ്ങളുമായുള്ള സംഘട്ടനത്താൽ സ്വാത്മവിശ്വാസരാഹിത്യം വന്നു ഭവിക്കുമ്പോഴോ, സാംസ്കാരിക മൂല്യങ്ങൾക്കു് പൊതുവേ ഇടിവു തട്ടുമ്പോഴോ യഥാകാലം ചില സന്ദേശവാഹകരുടെ കാൽപ്പാടുകൾ ഇവിടെ പതിക്കാറുണ്ടു്. ബുദ്ധജയിനാദി ചിന്താമാഗ്ഗങ്ങളുടെ ആ വമ്പിച്ച അലകൾ ഹിമവൽസേതുപര്യന്തം പൊങ്ങിപ്പരന്നമരുന്നതിനു മുമ്പിൽ, ശ്രീ ശങ്കരൻ മുതൽ കബീർ നാനാക്കു് ഗുരു എന്നിവർ വരെ തുടന്നുണ്ടായിക്കൊണ്ടിരുന്ന സന്ദേശവാഹകരുടെ ആ കാലഘട്ടം രാജ്യത്തിനെ പൊതുവെ പലതും അനുസ്മരിപ്പിക്കുവാനുള്ള ഒന്നുതന്നെ ആയിരുന്നു. എന്നാൽ ബ്രിട്ടീഷ് മേൽക്കോയ്മ ഇവിടെ ഉറയ്ക്കാൻ തുടങ്ങിയ കാലത്താണു് രാഷ്ട്രത്തിന്റെ നാലുപാടും പണ്ടേ പടന്നു കിടക്കുന്ന ആ ധമ്മതരുവിൽ പല പുതിയ ചില്ലികളും മൊട്ടുകളും കണ്ടു തുടങ്ങിയതു്. ഭാരതീയമായ എല്ലാവിശ്വാസങ്ങളോടും, എല്ലാവക ജീവിതരീതികളോടും, അന്നേവരെ ഈ രാജ്യത്തുണ്ടായിട്ടുള്ള എല്ലാ മനുഷ്യപ്രയത്നങ്ങളോടും അവജ്ഞയും അവഹേളനവും ഊതിക്കേറുന്ന ഒരു പുതിയകാററു് ആ ഭരണാധിപന്മാരിൽ നിന്നു്, പടിഞ്ഞാറു നിന്നു് ആഞ്ഞു വീശാൻ തുടങ്ങി. ആ കാലഘട്ടം മുതൽ സാവധാനമായും എന്നാൽ സർവ്വവ്യാപകമായുമുള്ള ഒരു പ്രത്യാഘാതം ഭാരതത്തിന്റെ എല്ലാഭാഗ

ങ്ങളിൽ നിന്നും അബോധപൂർവ്വമായും അസംഘടിതമായും ആരംഭിച്ചു എന്നുള്ളതു് അനിഷേധ്യമായ ഒരു ചരിത്രവസ്തുതയാണ്. എന്നാൽ വ്യക്തമായ നിർദ്ദേശങ്ങളും ലക്ഷ്യങ്ങളുമായി ചില വലിയ തിരമാലകൾ രാജ്യമാസകലം വ്യാപിക്കുവാൻ അല്പകാലങ്ങൾകൂടി മുമ്പോട്ടു നീങ്ങേണ്ടിവന്നു. അന്നുമുതൽ ജാതിവ്യവസ്ഥയുടെ നേർക്കാണു എല്ലാശബ്ദങ്ങളും പൊങ്ങിക്കേൾക്കാൻ തുടങ്ങിയതു്. 1774-ൽ ബങ്കാളത്തു ജനിച്ച റാംമോഹൻറായിയും 1824-ൽ ഗുജാററിൽ ജനിച്ച ശ്രീ ദയാനന്ദ സരസ്വതിയും ജന്മം കൊണ്ടുള്ള ജാതിചിന്തകളെ ഭാരതത്തിന്റെ രംഗത്തു നിന്നും എതിർക്കുന്ന രണ്ടു പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാക്കളായി ഭവിച്ചു. ഭാരതത്തിന്റെ പ്രാചീനസംസ്കാരങ്ങളിലേക്കു തിരിഞ്ഞുനോക്കുവാനുള്ള വലിയ പ്രേരണാശക്തികൾ അങ്ങനെ അലയടിച്ചുയരുവാനും തുടങ്ങി. എന്നാൽ മഹജ്ജീവിതങ്ങളുടെ ഘോഷയാത്ര അവിടെ അവസാനിക്കുന്നില്ല. ഭാരതത്തിന്റെ സാംസ്കാരികമായ സമന്വയഭാവം അതിന്റെ യഥാർത്ഥരൂപത്തിൽ പ്രതിഫലിപ്പിക്കുവാൻ 1833-ൽ ബങ്കാളത്തുജനിച്ച മറെറാരു സാധുബ്രാഹ്മണനും അദ്ദേഹത്തിന്റെ ശിഷ്യനുമാണ് കൂടുതലായി അവസരം ലഭിക്കുന്നതു്. അന്നുള്ള സർവ്വപണ്ഡിതന്മാർക്കും അത്ഭുതമുളവാക്കിക്കൊണ്ടിരുന്ന നിരക്ഷരനായ ശ്രീ രാമകൃഷ്ണന്റെ മുമ്പിലത്തെ ഭാരതത്തിന്റെ സന്ദേശങ്ങൾ ആഗോളസ്പർശിയാക്കുവാൻ പോന്ന ശ്രീ വിവേകാനന്ദൻ രൂപം പ്രാപിച്ചതും. 1862-ൽ ജനിച്ചു് 1902-ൽ അവസാനിച്ച ശ്രീ വിവേകാനന്ദന്റെ ആ ഹ്രസ്വകാല ജീവിതത്തോടു് ഇന്നത്തെ ഭാരതം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു് ആർക്കുമാർക്കും പറഞ്ഞുതീർക്കാൻ ഒക്കുന്നതല്ല. എന്നാൽ 1869-ൽ ഗുജറാററിൽ ഉണ്ടായ മറെറാരു വ്യക്തിപ്രഭാവം-ഗാന്ധിജി- പ്രവർത്തനരംഗംമറെറാന്നായിരുന്നെങ്കിലും ഭാരതത്തിന്റെ സാംസ്കാരികാഭിലാഷങ്ങളുടെ പൂർത്തീകരണമായിരുന്നു എന്നുള്ളതും പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ.

എല്ലാംകൊണ്ടും ഈ കാലഘട്ടം ആധുനിക ഭാരതത്തിൽ ഏററവും സ്മരണീയമാണു്. ഇന്ത്യയുടെ പൂർവ്വപശ്ചിമഭാഗങ്ങളെ ബന്ധിച്ച ആ വൈദ്യുതപ്രവാഹങ്ങൾ ദക്ഷിണഭാരതത്തേയും ത്രസിപ്പിക്കുന്നുണ്ടായിരുന്നു. എന്നാൽ ദക്ഷിണഭാരതത്തിന്റെ ഈ തെക്കേകോണിൽ, അവശതാബോധംകൊണ്ടു് പശ്ചാകുലമായ ഒരു ജനവിഭാഗത്തിൽ, ഒരു നാട്ടിൻ പുറത്തെ സാധാരണ മലയാള കുടുംബത്തിൽ 1857-ൽ ശ്രീ നാരായണഗുരു ഭൂജാതനായതോടുകൂടിയാണു് ഭാരതത്തിന്റെ ആ സാംസ്കാരികത്രികോണം പൂർത്തിയാകുന്നതു്. പണ്ടേതന്നെ ഇങ്ങോട്ടു പടർന്നു തഴച്ചു് നിരവധി പൂക്കളും പൂത്തു് വിശ്വമോഹനമായ സൌരഭ്യവിശേഷംകൊണ്ടു് മനുഷ്യശിരസ്സിനു് അന്യാദൃശമായ ഒരു മഹത്വം ചാർത്തിയ ആ അദ്വൈതശാഖയിൽതന്നെ പൂത്തുവന്ന മറെറാരു പുതുമലരിന്റെ പേരായിരിക്കാം ശ്രീ നാരായണൻ എന്നു് നാം ഇന്നു കീർത്തിക്കുന്നതു്. ശുദ്ധജീവിതംകൊണ്ടും തപശ്ചര്യകൊണ്ടും പഠിപ്പുകൊണ്ടും അത്ഭുതപൂർവ്വമായ ശക്തിവിശേഷങ്ങളോടുകൂടി തന്റെ പരിസരങ്ങളിൽനിന്നു് സാവധാനമായി പൊങ്ങിവന്ന ഈ മഹാനുഭാവൻ ശ്രീ ശങ്കരന്റെ മനീഷാപഞ്ചകത്തിലെ പ്രതിപാദ്യതത്വം തന്നെ ഉടലെടുത്തതാണോ എന്നു സംശയിച്ചു പോകുന്നു.

ബ്രഹ്മൈവാഹമിദം ജഗച്ച സകലം
ചിന്മാത്രവിസ്താരിതം

സർവം ചൈതദവിദ്യയാ ത്രിഗുണയ`f
ശേഷം മയാ കല്പിതം!
ഇത്ഥം യസ്യ ദൃഢാമതിഃ സുഖതരേ, നിത്യേ,
പരേ, നിർമ്മലേ,
ചണ്ഡാലോfസ്തു, സ തു ദ്വിജോfസ്തു,
ഗുരുരിത്യേഷാ, മനീഷാ മമ'!

സമുദായമദ്ധ്യേ സാംസ്കാരിക സമത്വത്തിനായുള്ള വ്യക്തമായ നിർദ്ദേശം ഈ ശ്ലോകത്തിൽ അടങ്ങീട്ടുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്.

സസ്യാഹാര നിർബ്ബന്ധംകൊണ്ടും, ലഘുജീവിതക്രമംകൊണ്ടും, ശുചിത്വശീലങ്ങൾകൊണ്ടും കേരളത്തിലെ പഴയ ബ്രാഹ്മണരെത്തന്നെ അതിശയിപ്പിക്കുന്ന ജീവിത ചര്യകളോടുകൂടിയ ശ്രീ നാരായണഗുരുസ്വാമി അഹിംസാവ്രതത്തിലും സന്മാർഗ്ഗനിഷ്ഠയിലും ബുദ്ധശിഷ്യരായ ആർഹതന്മാരെ അനുസ്മരിപ്പിച്ചുകൊണ്ടാണു് 72 വർഷത്തോളം നമ്മുടെ ഇടയിൽ സഞ്ചരിച്ചതു്. ജാതിചിന്തകളെ സൃഷ്ടിപരമായ മാർഗ്ഗങ്ങളിൽക്കൂടിത്തന്നെ പ്രതിഷേധിച്ചുവന്ന ആ മഹാത്മാവിനെ പോലെ അചഞ്ചലമായ സ്വാത്മവിശ്വാസത്തോടുകൂടി ഈ മണ്ണിലെങ്ങും സാവധാനത്തിൽ നടന്നു പാററിയ മററൊരു മഹാപുരുഷനെ ഞാൻ പരിചയിച്ചിട്ടില്ല.

അദ്വൈതമതത്തെ വീണ്ടും വീണ്ടും സ്ഥാപിക്കുന്ന ശ്ലോകങ്ങളും സൂക്തങ്ങളും നിറഞ്ഞ ജീവിതത്തോടുകൂടിയ ഈ മഹാത്മാവിനു് വിഗ്രഹാരാധനയോടു് മുഹമ്മദീയരുടേയോ ആര്യസമാജക്കാരുടേയോ വിരോധമൊന്നും ഉണ്ടായിരുന്നില്ല. ക്ഷേത്രത്തിൽ ജനിച്ചാലും അവിടെ മരിക്കരുതെന്നുള്ള ശ്രീരാമകൃഷ്ണവചനം തന്നെയാണു് നിരവധി ക്ഷേത്രങ്ങൾ സൃഷ്ടിച്ച ഈ മഹാനു് നമ്മെയും ഉൽബോധിപ്പിക്കുവാനുണ്ടായിരുന്നതു്. 'മതമേതായാലും മതി മനുഷ്യൻ നന്നാകണം, എന്നുള്ള മഹോക്തിയാൽ—തദനുസൃതമായ ജീവിതത്താൽ അനേകലക്ഷം ജനങ്ങളെ ഇതിനകം ഉണ്ടാകുമായിരുന്ന മതപരിവർത്തനഭ്രാന്തിൽനിന്നും തടഞ്ഞുനിറുത്തുവാനും ഈ യതിവര്യന്റെ ജീവിതം സഹായകമായി ഭവിച്ചു. സന്മാർഗ്ഗനിഷ്ഠയിലും ശുചിത്വശീലങ്ങളിലും ഇത്ര വലിയൊരു പ്രേരണാശക്തി നമ്മുടെ സമുദായത്തിന്റെ താഴേതരങ്ങളെ ഇതുവരെ സ്പർശിച്ചിരുന്നുമില്ല. ഈശ്വരവിശ്വാസത്തിൽ ഈശ്വരബോധത്തിൽ ഇത്രയധികം ആളുകളെ ആനയിച്ച മറെറാരു മഹാൻ ഈ ആധുനികകാലങ്ങളിൽ കേരളത്തിൽ ഭൂസ്പർശം ചെയ്തിട്ടുമില്ല.

ഏതോ വിത്തായിൽനിന്നു് വാരിയെടുത്ത വിത്തുകളുമായി മനുഷ്യൻ എന്നു പറയുന്ന ഊഷരഭൂമിയിൽ കൃഷിക്കായി വരുന്ന ഈ ആദ്ധ്യാത്മിക കർഷകർ വിതച്ച വിത്തെങ്കിലും കൊയ്യപ്പെട്ടത്തിട്ടുണ്ടോ എന്നു് ആരായുമ്പോൾ നമുക്കു നിരാശക്കേ വകയുള്ളൂ. എന്നാൽ അവർ നിരാശപ്പെടാറില്ല. ആ വക പ്രവർത്തനങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യും. നമ്മുടെ സ്വാമിയെയാകട്ടെ നിരാശ ഒരിക്കലെങ്കിലും സമീപിച്ചതായി എനിക്കറിവില്ല.

ഒരു പീഡയുറുമ്പിനും വരുത്തരു—
തെന്നുള്ളനുകമ്പയും സദാ
കരുണാകര നൽകുകുള്ളിൽ നിൻ—
തിരുമെയ്‌വിട്ടകലാതെ ചിന്തയും

(തിരുവനന്തപുരം എ. ഐ. ആറിന്റെ അനുവാദത്തോടുകൂടി)

# ഗ്രന്ഥശാലകൾക്ക്

1. ഗ്രന്ഥശാലകൾക്ക് ആവശ്യമുള്ള എല്ലാ പുസ്തകങ്ങൾക്കും ഞങ്ങളോട് ആവശ്യപ്പെടുക.

2. കൂടുതൽ തുകയ്ക്കു പുസ്തകങ്ങൾ ആവശ്യപ്പെടുന്നവർ, അടുത്തുള്ള പാഴ്സൽ ഏജൻസി കാണിച്ചിരിക്കണം.

3. ഇല്ലാതെവരാവുന്ന പുസ്തകങ്ങൾക്കു പകരം അയയ്ക്കേണ്ടവയുടെ ലിസ്റ്റും കൂടി അയയ്ക്കുന്നതു സൗകര്യപ്രദമാണ്.

4. വി. പി. ഓർഡറയയ്ക്കുമ്പോൾ ഗ്രന്ഥശാലയുടെ മുദ്രയോ ഹെഡിംഗ പേപ്പറോ ഉപയോഗിച്ചിരിക്കണം.

5. ഗ്രന്ഥശാലാസംഘത്തിലേയ്ക്കു അയയ്ക്കേണ്ട ബിൽപകർപ്പും ഞങ്ങൾ നല്കുന്നതാണ്.

6. ഈ സഹകരണവർഷത്തിൽ (1950 ഏപ്രിൽ 1 മുതൽ 1951 ജൂൺ 30 വരെ) ഇവിടെനിന്നു പുസ്തകം വാങ്ങിയവർക്കുള്ള (100 ക. യ്ക്കു മേൽ) പ്രത്യേക കമ്മീഷൻ ജൂലൈമാസത്തിൽ നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്ത NBS Bulletin കാണുക

## നാഷനൽ ബുക്ക്സ്റ്റാൾ

**(P. Box No. 40)**

കെ. ബസാർ . . . . . കോട്ടയം

(ഉടമസ്ഥന്മാർ : സാഹിത്യപ്രവർത്തക സഹകരണസംഘം ലിമിറ്റഡ്)

# ഗ്രന്ഥശാലാപ്രസ്ഥാനം അന്നും ഇന്നും

ഡാ. പി. കെ. നാരായണപിള്ള

സമസ്തകേരള സാഹിത്യപരിഷത്തിന്റെ 21-ാം വാർഷികോത്സവത്തിലെ നാലാം സമ്മേളനത്തിൽ അദ്ധ്യക്ഷനായിരിക്കുവാൻ ക്ഷണിച്ചു് ബഹുമാനിച്ചതിനു ഞാൻ പരിഷദ് ഭാരവാഹികളോടു് കൃതജ്ഞതയുള്ളവനാണു്. ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് പ്രാധാന്യം കല്പിച്ചിരിക്കുന്ന ഈ സമ്മേളനത്തിലെ അദ്ധ്യക്ഷപദത്തിലേയ്ക്കു് എന്നെ നിയോഗിക്കുവാൻ പ്രത്യേകകാരണം തിരുവിതാംകൂർ സർവകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയോടും, തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തോടും എനിക്കുള്ള ബന്ധമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പറ്റി ഉപന്യസിക്കുന്നതായിരിക്കുമല്ലോ ഉപപന്നമായിരിക്കുക.

പ്രാചീനചരിത്രം പരിശോധിച്ചാൽ ഗ്രന്ഥശാലകളുടെ ഉത്പത്തി മതത്തോടും, മതസ്ഥാപനങ്ങളോടും സംബന്ധിച്ചിരിക്കുന്നതായി കാണാം. മതസ്ഥാപനങ്ങൾ മതപരമായ ഗ്രന്ഥങ്ങൾ മതവിശ്വാസികളുടെ ഉപയോഗത്തിനുവേണ്ടി ശേഖരിച്ചുവച്ചിരുന്ന പതിവായിരിക്കണം ഗ്രന്ഥശാലകളുടെ ഉത്പത്തിക്കു നിദാനമായി തീർന്നിട്ടുള്ളതു്. സാഹിത്യത്തിന്റെ ഉദയഘട്ടത്തിൽ പ്രതിപാദിക്കപ്പെട്ടിരുന്ന വിഷയങ്ങൾ എന്തുതന്നെയായിരുന്നാലും മതപരമായി പ്രാധാന്യമുള്ള കൃതികളാണു് വിശ്വസാഹിത്യത്തിൽ ഏററവും പ്രാക്തനങ്ങളായി അറിയപ്പെടുന്നവ. പരാക്രമകഥകളും, പ്രകൃത്യാസ്വാദനങ്ങളും ഭാവവിലസിതങ്ങളും കലർന്ന പ്രാഥമികസാഹിത്യപഥങ്ങളെക്കാൾ മനുഷ്യന്റെ സ്ഥായിയായ താത്പര്യത്തെ ആകർഷിച്ചതു് ആദ്ധ്യാത്മികമായ സാഹിത്യമായിരുന്നു എന്നാണു ചരിത്രം പഠിപ്പിക്കുന്നതു്. ഗണ്യമായ പ്രാചീനതയുള്ള ചീനം, ഭാരതം, അസീറിയ തുടങ്ങിയ രാജ്യങ്ങളുടെ ചരിത്രം ഇതിനു തികച്ചും സാക്ഷ്യം വഹിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിലെ ഗ്രന്ഥശാലകളുടെ ഉത്പത്തിയും ഈ വിധം തന്നെയത്രെ. ഭാരതത്തിൽ ക്ഷേത്രങ്ങൾ, മഠങ്ങൾ, വിഹാരങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഗ്രന്ഥശാലാപ്രസ്ഥാനം ഉടലെടുത്തപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ പള്ളികളിലും, അരമനകളിലും, കന്യാസ്ത്രീമഠങ്ങളിലും ഗ്രന്ഥശാലകൾ വളർന്നു വന്നു. മതഗ്രന്ഥങ്ങളുടെ പ്രചാരാധിക്യവും മതേതരഗ്രന്ഥങ്ങളുടെ ആവിർഭാവവും നിമിത്തമായിരിക്കണം മതസങ്കേതങ്ങളെ അതിലംഘിച്ചു് പ്രഭുകുടുംബങ്ങളിലേക്കും, പണ്ഡിതവസതികളിലേക്കും ഗ്രന്ഥശാലാപ്രസ്ഥാനം പ്രസരിക്കുവാൻ തുടങ്ങിയതു്.

ഒരു ഗ്രന്ഥശാല എന്നു പറഞ്ഞാൽ യന്ത്രനിർമ്മിതമായ കടലാസ്സിൽ മുദ്രണം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ ശേഖരിച്ചിരിക്കുന്ന ഒരു സ്ഥലം എന്നാണു് ഇന്നു നാം മനസ്സിലാക്കുക. അതായതു് ഇന്നത്തെ വിഭാവന അനുസരിച്ചു് ഗ്രന്ഥശാലകളുടെ

ചരിത്രം കടലാസിന്റെ നിർമ്മാണത്തോടും അച്ചടി നടപ്പിൽ വന്നതോടുംകൂടിയെ സമാരംഭിക്കുന്നൊള്ളു. ഈ ഹ്രസ്വവീക്ഷണത്തിൽ ഗ്രന്ഥാലയചരിത്രം ചുരുക്കം ചില ശതാബ്ദങ്ങൾക്കുള്ളിൽ ഒതുങ്ങിപ്പോകുന്നു. കടലാസും അച്ചടിയും ഇല്ലാതിരുന്നകാലത്തും ഗ്രന്ഥശാലകൾ മുഖാന്തിരം വിജ്ഞാനവിതരണം നടന്നുവന്നിരുന്നു എന്ന വസ്തുത ആധുനികമനുഷ്യനു അനുഭൂതി വിഷയമല്ല. താളിയോല, ഭൂർജപത്രം മുതലായവ ഉപയോഗിച്ചു് എഴുതിയിട്ടുള്ള ഹസ്തലിഖിതഗ്രന്ഥങ്ങൾ ശേഖരിച്ചുവെച്ചിട്ടുള്ള ഗ്രന്ഥാലയങ്ങൾ ദർശിക്കുമ്പോൾ അഭ്യസ്തവിദ്യരായ ആളുകൾതന്നെ തങ്ങൾ സ്വപ്നംപോലും കണ്ടിട്ടില്ലാത്ത ഒരു അനുഭൂതിവിശേഷത്തിനു വിധേയരായി കാണപ്പെടാറുണ്ടു്. അധുനാതനതയിൽ ലയിച്ചിരിക്കുന്ന മാനവസമുദായം പ്രാചീനതയുടെ പ്രവണതാവിശേഷങ്ങളിൽ അവബുധരാകാത്തതു് ക്ഷന്തവ്യമാണു്. പ്രാചീനകാലങ്ങളിൽ ലോകത്തിന്റെ പല കോണുകളിലും ആയിരക്കണക്കിനു ഗ്രന്ഥങ്ങൾ സഞ്ചയിച്ചിരുന്ന ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു എന്നു് നാം വിസ്മരിച്ചുകൂടാ. യന്ത്രസഹായത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ള കടലാസും നിലവിലില്ലായിരുന്ന അക്കാലങ്ങളിൽ മൃത്ഫലകങ്ങൾ, സ്വർണ്ണതകിടുകൾ, പടവിശേഷങ്ങൾ, മൃഗചർമ്മങ്ങൾ, താളിയോല, ഭൂർജപത്രം തുടങ്ങിയ സാധനങ്ങളിൽ അതാതിനു് അനുരൂപമായ ലേഖനികളും മററും ഉപയോഗിച്ചു് ഗ്രന്ഥങ്ങൾ എഴുതിവന്നിരുന്നു. ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾ ആയിരക്കണക്കിനു സഞ്ചയിച്ചുവച്ചിരുന്ന മഹത്തായ അനേകം ഗ്രന്ഥശാലകൾ ലോകത്തിന്റെ പലഭാഗത്തും വിദൂരസ്ഥിതങ്ങളായ ആ കാലഘട്ടങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഭൂഖനനം നടത്തിയ അവസരത്തിൽ അസിറിയാരാജ്യത്തു സഹസ്രാബ്ദങ്ങൾക്കുമുമ്പു് പതിനായിരത്തോളം മൃത്ഫലകാലിഖിതങ്ങൾ ശേഖരിച്ചുവച്ചിരുന്നതായ ഒരു ഗ്രന്ഥശാല കണ്ടെത്തുകയുണ്ടായി. അലക്സാൺട്രിയായിലെ അതിപ്രാചീനമായ ഗ്രന്ഥശാലയിൽ എഴുപതിനായിരം ഗ്രന്ഥത്തോളം നിക്ഷേപിച്ചിരുന്നു. മുപ്പതിനായിരം, നാല്പതിനായിരം, എന്നിങ്ങനെ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥശാലകൾ റോം, ഗ്രീസ്സു് തുടങ്ങിയ രാജ്യങ്ങളിൽ ഒരുകാലത്തു് ഉണ്ടായിരുന്നു. ഈ ഭീമങ്ങളായ സംഖ്യകൾകേട്ടു് പരിഭ്രമിക്കേണ്ട ആവശ്യമില്ല. ഗ്രന്ഥങ്ങളുടേയും രേഖകളുടേയും സംഖ്യകൾ ഭീമമായിരുന്നു എങ്കിലും അവയുടെ ഉള്ളടക്കം ഇന്നത്തെ ഗ്രന്ഥങ്ങളെ അപേക്ഷിച്ചു് ഏററവും പരിമിതമായിരുന്നിരിക്കാനെ തരമൊള്ളു. ഭാരതത്തിലും പുരാതനകാലങ്ങളിൽ വിപുലമായ തോതിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു എന്നുള്ളതു് സുപ്രസിദ്ധമത്രേ. ഒന്നരശതാബ്ദത്തോളം നമ്മെ ഭരിച്ചിരുന്ന ഇംഗ്ലീഷുകാരും അവരുടെ ഒത്താശയോടുകൂടി മററു പാശ്ചാത്യരാജ്യക്കാരും ഈ ഗ്രന്ഥനിധിയുടെ ഒരു നല്ല അംശം അപഹരിച്ചു കൊണ്ടുപോയിക്കഴിഞ്ഞിരിക്കുന്നു. ഈ പ്രാചീനഗ്രന്ഥസമ്പത്തിൽ നിന്നും സഞ്ചയിക്കപ്പെട്ട ഒരു ഭാഗം ബോംബെ, കൽക്കട്ടാ, മദ്രാസ്സു് തുടങ്ങിയ സ്ഥലങ്ങളിലെ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറികളിൽ നിക്ഷേപിച്ചിരിക്കുന്നു. ഏതാണ്ടു മുപ്പതിനായിരത്തോളം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ സർവ്വകലാശാലാമാനുസ്ക്രിപ്റ്റ്സ് ലൈബ്രറിക്കു താദൃശ ഗ്രന്ഥശാലകളുടെ മദ്ധ്യത്തിൽ അതിപ്രശസ്തമായ ഒരു സ്ഥാനമാണു് പണ്ഡിതലോകം നൽകിയിരിക്കുന്നതു്. ഇന്നു് അറിവിൽപെട്ടിടത്തോളമുള്ള ഭാരതീയഗ്രന്ഥങ്ങളുടെ കണക്കെടു

ത്തിട്ടുള്ള ചില ഗ്രന്ഥശാലാപ്രവൎത്തകന്മാർ അവയുടെ സംഖ്യ പത്തുലക്ഷത്തിലും അധികമാണെന്നു് അഭിപ്രായപ്പെട്ടുകാണുന്നു.

ആധുനികരീതിയിൽ സൎവ്വകലാശാലകളുടേയും ഭരണകൂടങ്ങളുടേയും ആഭിമുഖ്യത്തിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുമ്പോഴും പ്രാചീനങ്ങളായ ഹസ്തലിഖിത ഗ്രന്ഥങ്ങൾക്കു് മുദ്രിതപുസ്തകങ്ങളോളംതന്നെ പ്രാധാന്യം കല്പിച്ചു കാണുന്നതു് ചാരിതാൎത്ഥ്യജനകംതന്നെയാണു്. ഇംഗ്ലണ്ടിൽ ബ്രി. മ്യൂസിയം ലൈബ്രറിയിൽ അൻപത്തിനാലായിരവും, ബോഡ്‌ലിയൻ ലൈബ്രറിയിൽ നാല്പതിനായിരവും, റഷ്യയിൽ ലെനിൻഗ്രാഡ് ലൈബ്രറിയിൽ രണ്ടു ലക്ഷത്തിനാല്പതിനായിരവും ഹസ്തലിഖിതങ്ങൾ ശേഖരിച്ചു വച്ചിട്ടുള്ള വസ്തുത ശ്രദ്ധേയമാണു്. രണ്ടരശതാബ്ദത്തോളം പഴക്കമുള്ള ലെനിൻഗ്രാഡ് ലൈബ്രറി [സെൻറ് പീറ്റേഴ്സ്ബെൎഗ്ഗ് ഇംപീരിയൽ പബ്ലിക് ലൈബ്രറി] യെപ്പററിയുള്ള ഒരു വിവരണത്തിൽ ആ ഗ്രന്ഥശാലയിൽ പൌരസ്ത്യഭാഷകളിലും ഫ്രഞ്ചുഭാഷയിലുമുള്ള ഹസ്തലിഖിത ഗ്രന്ഥങ്ങൾ അമൂല്യങ്ങളാണെന്നു വിശേഷവിധിയായി പ്രസ്താവിച്ചു കാണുന്നു. ഈ സന്ദൎഭത്തിൽ A. D. 200 മാണ്ടോടടുത്തു് എഴുതിയിട്ടുള്ള "ധമ്മപദം" എന്ന ഒരു ഭൂൎജ്ജപത്ര ഗ്രന്ഥത്തിന്റെ ഒരു ഭാഗം റഷ്യയിലെ ഒരു ഗ്രന്ഥാലയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു് സവിശേഷം സ്മരണീയമാണു്. രാഷ്ട്രീയ വിപ്ലവങ്ങളുടേയും മഹായുദ്ധങ്ങളുടേയും മദ്ധ്യേകൂടി മുന്നേറിവന്ന റഷ്യൻ ജനത ഈ പ്രാചീന ഗ്രന്ഥങ്ങളെ ചുട്ടുകരിച്ചു ചാമ്പലാക്കിയില്ല എന്നുള്ള വസ്തുത അതിദീൎഘമായ സംസ്കാരപാരമ്പര്യമുള്ള ഭാരതീയ ജനത എപ്പോഴും ഓൎത്തിരിക്കേണ്ടതാണു്. ഡൽഹി യൂണിവേഴ്സിററി വൈസ്ചാൻസലറായിരുന്ന മോറീസ് ഗോയർ പറയുകയാണു് "അമൂല്യങ്ങളായ ഈ ഭാരതീയ നിധികൾ നമ്മുടെ അലസതകൊണ്ടോ, അനാസക്തികൊണ്ടോ നശിച്ചുപോകുവാനിടയാകുന്ന പക്ഷം വരുന്ന തലമുറകൾ നമ്മുടെ അപരാധം ക്ഷമിക്കുകയില്ല."

## II

ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും പ്രാചീനകാലങ്ങളിലും ഉണ്ടായിരുന്നെങ്കിലും ആധുനിക രീതിയിലുള്ള ഗ്രന്ഥശാലകളുടെ ചരിത്രം ആരംഭിച്ചതു് മുദ്രണവിദ്യയുടെ ആവിൎഭാവത്തോടുകൂടിയാണെന്നുള്ളതിൽ രണ്ടു പക്ഷത്തിനവകാശമില്ല. പുരാതനങ്ങളായ കലാലയങ്ങളിലേയും മതസ്ഥാപനങ്ങളിലേയും ഗ്രന്ഥശാലകളെ മാതൃകയായി അംഗീകരിച്ചിട്ടുള്ള പൊതുജനഗ്രന്ഥശാലകൾ 17-ാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി യൂറോപ്പിൽ ആകമാനം പ്രചാരത്തിൽവന്നു. ഗ്രന്ഥശാലകൾ സ്ഥാപിക്കുവാനും, അവയെ നിയന്ത്രിക്കുവാനും, ആവശ്യമായ ഒരു നിയമനിൎമ്മാണം A D 1850-ൽ പാർലമെൻറ് നിർവ്വഹിച്ചതു് ഗ്രന്ഥശാലാപ്രസ്ഥാനം ബലിഷ്ഠമായ അധിഷ്ഠാനത്തിൽ കെട്ടിപ്പടുക്കുവാൻ ഏററവും സഹായകമായി വന്നുകൂടി. ഈ പ്രസ്ഥാനത്തിൽ വളരെ അധികം പുരോഗതിപ്രാപിച്ച ഇംഗ്ലണ്ടിൽ 1928-ൽ ഗ്രന്ഥശാലകളുടെ പ്രയോജനം ലഭിക്കുവാൻ സൗകര്യമില്ലാതിരുന്നവർ ജനസംഖ്യയിൽ 4 ശ: മാ: പോലും വരികയില്ലെന്നു കണക്കാക്കപ്പെട്ടിരുന്നു. ഇതിനകം ഈ ന്യൂനതയും പരിഹരിച്ചിരിക്കും എന്നുവേണം വിശ്വസിക്കുവാൻ. വായനശാലകളുടെ രാജ്യം എന്ന പ്രസിദ്ധമായ അമേരിക്കയാണു് ഈ പ്രസ്ഥാനത്തിൽ ഏററവും മുന്നിട്ടുനില്ക്കുന്നതു് എന്നുപറയാം.

1876-ൽ സ്ഥാപിതമായതും ഇപ്പോൾ 25000 അംഗങ്ങളോളം ഉള്ളതുമായ അമേരിക്കൻ ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം അമേരിക്കയിൽ ഗ്രന്ഥശാലകളുടേയും പുസ്തകങ്ങളുടെയും സംഖ്യ അത്ഭുതകരമായി വർദ്ധിപ്പിക്കുന്നതിനു സഹായമായിത്തീന്നു. ആൻഡ്രൂ കാർണിഗിയേപ്പോലുള്ള കോടീശ്വരന്മാരുടെ സംഭാവനകൾ കൊണ്ടും "മെൽവിൽഡ്യൂയി" തുടങ്ങിയവരുടെ ആത്മാർത്ഥമായ പ്രവർത്തനം കൊണ്ടും വികസ്വരമായി തീന്ന അമേരിക്കയിലെ ഗ്രന്ഥശാലാപ്രസ്ഥാനം പൗരസ്ത്യവും പാശ്ചാത്യവുമായ മററുരാജ്യക്കാക്ക് മാർഗ്ഗദർശകമായിത്തീന്നിട്ടുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു.

### III

നവീനമാതൃകയിലുള്ള ഗ്രന്ഥശാലാപ്രസ്ഥാനം ഭാരതത്തിൽ ഉൽഘാടനം ചെയ്തതു് ബറോഡാ മഹാരാജാവായിരുന്ന സയാജി റാവു തൃതീയൻ ആയിരുന്നു എന്നുള്ളതു് സുപ്രസിദ്ധമാണല്ലോ. അമേരിക്കയിൽനിന്നും വരുത്തിയ ഗ്രന്ഥശാലാശാസ്ത്രവിദഗ്ദ്ധന്മാരുടെ ഉപദേശം അനുസരിച്ചു് അദ്ദേഹം ബറോഡായിൽ ഗ്രന്ഥശാലാപ്രവർത്തനം സമാരംഭിക്കുകയും അതു് ഭാരതീയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയമാവുകയും ചെയ്തു. അമേരിക്കയിലെ പ്രവർത്തനത്തെ മാതൃകയായി അംഗീകരിച്ചുകൊണ്ടു പഞ്ചാബു സർവ്വകലാശാലയും 1918-ൽ ലാഹോറിൽ ഇന്ത്യാഗവമ്മെൻറിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച ഗ്രന്ഥശാലാസംഘവും ഭാരതത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ഉന്നമനത്തിനു സാഹായ്യം അനുഷ്ഠിച്ചിട്ടുണ്ടു്. കല്ക്കട്ടയിൽ വച്ചു 1933-ൽ സ്ഥാപിതമായ ഭാരതീയ ഗ്രന്ഥശാലാസംഘം കാൺഫ്രൻസുകൾ നടത്തിയും പ്രസിദ്ധീകരണങ്ങൾ മുഖേനയും ഗ്രന്ഥശാലാ പ്രവർത്തകക്കു് സാങ്കേതിക പരിശീലനത്തിനു പ്രേരണനല്കിയും മററും ഈ നാട്ടിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു വേണ്ട നേതൃത്വവും പ്രോത്സാഹനവും നല്കിവരുന്നതു് പ്രശംസാർഹമാണു്. ഈ വിഷയത്തിൽ സംഘത്തിന്റെ പ്രസിഡൻറായ ശ്രീ. എസ്സ്. ആർ. രംഗനാഥൻ അനുഷ്ഠിക്കുന്ന വിലയേറിയ സേവനങ്ങൾ കൃതജ്ഞതാപുരസ്സരം സ്മരിച്ചു കൊള്ളട്ടെ.

### IV

പാശ്ചാത്യരാജ്യങ്ങളിലും ഭാരതത്തിന്റെ മററു ഭാഗങ്ങളിലും ഗ്രന്ഥശാലാപ്രസ്ഥാനത്തിലുള്ള ഉണർവിന്റെ അലകൾ കേരളത്തിലും അടിക്കാതിരുന്നില്ല. ആധുനികരീതിയിലുള്ള അനേകം ഗ്രന്ഥശാലകൾ കഴിഞ്ഞ ഒരു ന്യൂറാണ്ടിൽക്കൂടുതലായ കാലഘട്ടത്തിൽ കേരളത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, തലശ്ശേരി മുതലായ സ്ഥലങ്ങളിലുള്ള മികച്ച ഗ്രന്ഥശാലകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. 1927-ലെ കാൺഗ്രസ് വാർഷികത്തോടനുബന്ധിച്ചു നടത്തിയ ഗ്രന്ഥാലയ സമ്മേളനമാണത്രെ കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു പ്രചോദനം നൽകിയതു്. മദിരാശിയിലെ ഗ്രന്ഥാലയസംഘത്തിന്റെ ഭരണസമിതി അംഗങ്ങളായിരുന്ന അമ്പാട്ടു ശിവരാമമേനോൻ തുടങ്ങിയവർ മലബാറിൽ ഗ്രന്ഥശാലാപ്രവർത്തനം ത്വരിപ്പിക്കുന്നതിനു വിലയേറിയ സേവനം അനുഷ്ഠിക്കുകയുണ്ടായി. 1937-ൽ ശ്രീ. കേളപ്പന്റെയും മററു പൊതുക്കാര്യപ്രസക്തരുടേയും ശ്രമഫലമായി സമാരംഭിച്ച 'മലബാർവായനശാലാസംഘം' ഒന്നുരണ്ടു വർഷത്തെ പ്രവർത്തനങ്ങൾക്കു ശേഷം നിർജ്ജീവമായി തീർന്നെങ്കിലും 1949-ൽ കേരളഗ്രന്ഥാലയ

സംഘം എന്ന പേരിൽ ശ്രീ. മധുരവനം കൃഷ്ണക്കുറുപ്പിൻെറ ഉത്സാഹത്തിൽ അതിനു പുനരുജ്ജീവനം നൽകപ്പെട്ടു. ഗ്രന്ഥശാലാപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഈ സംഘം കാര്യമായി ചിലതെല്ലാം ചെയ്തുകൊണ്ടിരുന്നു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ സംഘത്തിൻെറ ഇപ്പോഴത്തെ പ്രവർത്തനപരിപാടിയെപ്പററി വിശദമായി യാതൊന്നും അറിയുന്നില്ല. 150-ൽപ്പരം ഗ്രന്ഥശാലകളുള്ള മലബാറിൽ 10 ശതമാനത്തിനുപോലും ഗ്രാൻറ് ലഭിച്ചുവരുന്നില്ല എന്നറിയുന്നതു് ഏററവും നിർഭാഗ്യകരമെന്നേ പറയാനുള്ളു.

കൊച്ചിയിലെ ഗ്രന്ഥശാലാപ്രസ്ഥാനം ഗവർമ്മെൻറിൻെറ സഹകരണത്തോടുകൂടി അവിടത്തെ പൊതുജനങ്ങൾ ആശാസ്യമായി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് കാണുവാൻ വിഷമമില്ല. ദേശവാസികളുടെ ഉത്സാഹത്തിൽ ഓരോ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉടലെടുത്തുവന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനം വ്യവസ്ഥപ്പെടുത്തുവാനും അതിനെ പ്രോത്സാഹിപ്പിക്കുവാനുമായി 1115-ൽ കൊച്ചി ഗവർമ്മെൻറ് നിർദ്ദേശരൂപത്തിൽ ഒരു കല്പന പുറപ്പെടുവിച്ചു. ഗ്രന്ഥപാരായണം, പ്രഭാഷണം, കലാപ്രകടനം തുടങ്ങിയവയെ പ്രചരിപ്പിക്കുന്നതിനായി ഓരോ ഗ്രാമത്തിലും ഓരോ വായനശാലയെങ്കിലും ഉണ്ടായിരിക്കണമെന്നുള്ള തത്വം ആ കല്പനയിൽ അംഗീകരിച്ചിരുന്നു. പൊതുയോഗ നിശ്ചയമനുസരിച്ചു ഗ്രന്ഥശാല സ്ഥാപിക്കുന്ന പക്ഷം അലമാര, മുദ്ര എന്നീ ഉപകരണങ്ങളും വർഷംപ്രതി ക്ലിപ്തമായ ഒരു തുകയ്ക്കുള്ള പുസ്തകങ്ങളും 25 രൂപയും നൽകുവാൻ ഗവർമ്മെൻറ് ക്ലിപ്തപ്പെടുത്തി. ഗ്രന്ഥശാലകളെ സംബന്ധിച്ച ഔദ്യോഗികമായ അധികാരം വഹിക്കാൻ ഒരു ലൈബ്രറി ഇൻസ്പെക്ടറെ നിയമിക്കുകയും ചെയ്തു. ഈ സംവിധാനം അനുസരിച്ചു് 250-ൽ പരം ഗ്രന്ഥശാലകൾ സ്ഥാപിതങ്ങളായി. തിരു-കൊച്ചി സംയോജനത്തിനു ശേഷം ഈ ഗ്രന്ഥശാലകളെയെല്ലാം തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിൻെറ അംഗങ്ങളായി തീർന്നുകൊള്ളുവാൻ ഗവർമ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

കഴിഞ്ഞ 15 വർഷത്തിൽപ്പരം പ്രശസ്തമായ രീതിയിൽ പ്രവർത്തനം നടത്തിവരുന്ന അമ്പലപ്പുഴ പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ 1121-ൽ ചേർന്ന ഒരു സമ്മേളനത്തിൽ 47 ഗ്രന്ഥശാലകളെ സംഘടിപ്പിച്ചുകൊണ്ടു് അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം സ്ഥാപിതമായി. തിരു-കൊച്ചി രാജ്യങ്ങളുടെ രാഷ്ട്രീയ സംയോജനത്തിനു മുമ്പുതന്നെ സംഘം കൊച്ചിയിൽ സമാരംഭിച്ച സംഘടനാപരിപാടി ആ സംയോജനത്തോടുകൂടി തികച്ചും സഫലമാകുകയും സംഘടനയുടെ നാമധേയം പ്രവർത്തനമണ്ഡലത്തിൻെറ വ്യാപ്തിയെ പുരസ്കരിച്ചു് തിരു-കൊച്ചി ഗ്രന്ഥശാലാസംഘം എന്നു് മാററപ്പെടുകയും ചെയ്തു.

ഈ സംഘം ഇപ്പോൾ 1500 ഓളം അംഗഗ്രന്ഥശാലകളുള്ള സംസ്ഥാനവ്യാപകമായ ഒരു മഹാപ്രസ്ഥാനമായിത്തീർന്നിരിക്കുന്നുവെന്നുള്ളതു് ഈ രാജ്യവാസികളായ നമുക്കെല്ലാപേർക്കും ഒരുപോലെ അഭിമാനകരമാണു്. അംഗഗ്രന്ഥശാലകളുടെ കൂട്ടത്തിൽ ഒരു നല്ല ശതമാനം ഗ്രന്ഥശാലകൾ സംഘത്തിൻെറ ആവിർഭാവത്തിനു മുമ്പുതന്നെ സ്ഥാപിതങ്ങളായിട്ടുള്ളവയാണെങ്കിലും പുനരുദ്ധരിച്ചവയും പുതുതായി സ്ഥാപിച്ചവയുമായ ഗ്രന്ഥശാല

കളുടെ ശതമാനം ഈ സംഘത്തിന്റെ സംഘടനാ പ്രവൎത്തകന്മാരുടെ ഉന്നിദ്രമായ പ്രവൎത്തനത്തെ ഉദാഹരിക്കുന്നു.

സംഘം അനുസ്യൂതമായി നടത്തിക്കൊണ്ടിരുന്ന നിവേദനങ്ങളനുസരിച്ചു് ഗവർമ്മെന്റിന്റെ ചുമതലയിൽ നടത്തിവന്നിരുന്ന ഗ്രാമീണ ഗ്രന്ഥശാലകളും പിന്നോക്കസമുദായ വകുപ്പിലേയും വില്ലേജുപഞ്ചായത്തു വകുപ്പിലേയും ഗ്രന്ഥശാലകളും സംഘത്തിന്റെ അധികാരമണ്ഡലത്തിലേക്കു് വിട്ടുകൊടുക്കുവാൻ ഗവർമ്മെന്റു സന്മനസ്സു പ്രകടിപ്പിച്ചതു് തികച്ചും അഭിനന്ദനാർഹമായിരിക്കുന്നു. ഗവർമ്മെന്റിന്റെ ഈ തീരുമാനം പൊതുജനങ്ങൾക്കു് പരിപൂൎണ്ണമായ പ്രയോജനം ലഭിക്കാതെ ഔദ്യോഗികച്ചുവയോടുകൂടി നടന്നു വന്നിരുന്ന 200-ൽ പ്പരം ഗ്രന്ഥശാലകളെ പാരായണതത്പരന്മാരായ പൗരന്മാരുടെ സ്വച്ഛന്ദവും സ്വതന്ത്രവുമായ ഉപയോഗത്തിനു സൗകര്യപ്പെടുത്തിയിരിക്കുന്നു എന്നോൎക്കുമ്പോൾ അതിനെ എത്രതന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല.

സംഘത്തിന്റെ ബഹുമുഖങ്ങളായ പ്രവൎത്തനങ്ങളുടെ ചുമതല വഹിക്കുന്ന 30-ൽ പ്പരം ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടെ പ്രവൎത്തനങ്ങൾ സംവിധാനം ചെയ്യുന്നതും അവരെ നിയന്ത്രിക്കുന്നതും ജനകീയതത്വങ്ങളനുസരിച്ചു നിയമിതമായിട്ടുള്ള ഒരു ഭരണസമിതിയും ഒരു പ്രവൎത്തകസമിതിയുമാണു്. അംഗഗ്രന്ഥശാലകളുടെ പ്രവൎത്തനത്തെ കൂടുതൽ സുകരവും കാര്യക്ഷമവും ആക്കുന്നതിനായി ഡിസ്ട്രിക്റ്റ് ഗ്രന്ഥശാലകളും താലൂക്കു ഗ്രന്ഥശാലകളും സ്ഥാപിക്കുവാനുള്ള പദ്ധതി അനുസരിച്ചു് ഇതിനകം സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാലു ഡിസ്ട്രിക്റ്റ് ലൈബ്രറികളും ഏഴു താലൂക്കു ലൈബ്രറികളും രൂപംകൊണ്ടു കഴിഞ്ഞിരിക്കുന്നു.

സംഘത്തോടു ഔദ്യോഗികമായും അല്ലാതെയും നമ്മുടെ നാട്ടിലെ പ്രമുഖരായ സാഹിത്യകാരന്മാർ, വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ രാഷ്ട്രീയ നേതാക്കന്മാർ ഗ്രന്ഥശാലാശാസ്ത്രജ്ഞന്മാർ എന്നിങ്ങനെ പലരും ബന്ധപ്പെട്ടിരിക്കുന്നതു് ഈ സംഘടനയുടെ പ്രാതിനിധ്യസ്വഭാവത്തെ സവിശേഷം തെളിയിക്കുന്നു.

ദീർഘകാലമായി നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരുന്നതും സ്വാതന്ത്ര്യത്തിന്റെ ഉദയത്തോടുകൂടി ഏററവും പ്രാധാന്യം സമാർജ്ജിച്ചതുമായ വയോജനവിദ്യാഭ്യാസപ്രശ്നം കൈകാര്യം ചെയ്യുവാൻ ഒന്നാമതായി മുമ്പോട്ടു വന്നതു് തിരു-കൊച്ചി ഗ്രന്ഥശാലാസംഘമാണെന്നുള്ളതു് സാഭിമാനമായ പ്രസ്താവം അർഹിക്കുന്നു. നാട്ടിലുള്ള ഗ്രന്ഥശാലകളിൽ പലേടത്തും വയോജനവിദ്യാഭ്യാസക്ലാസ്സുകൾ നേരത്തേതന്നെ സംഘത്തിന്റെ പ്രേരണയിൽ ആരംഭിച്ചു് നടത്തിവന്നിരുന്നു. ശിഥിലമായ ഈ സംരംഭംകൊണ്ടു് തൃപ്തിപ്പെടാതെ വയോജനവിദ്യാഭ്യാസത്തെ വ്യവസ്ഥാപിതമായ സരണിയിൽകൊണ്ടുവരാനുള്ള ലക്ഷ്യത്തോടുകൂടി സംഘം 1950 ജൂൺ മാസത്തിൽ ഈ വിഷയത്തിൽ പ്രഗത്ഭരായ പ്രവൎത്തകരെ സൃഷ്ടിക്കുവാൻവേണ്ടി ഒരു പരിശീലനക്ലാസ്സു നടത്തുകയുണ്ടായി. ഇങ്ങനെ പരിശീലനം സിദ്ധിച്ച 50 ഓളം പ്രവൎത്തകന്മാർ വായനശാലകളോടനുബന്ധിച്ചും സ്വതന്ത്രമായും വയോജനവിദ്യാഭ്യാസ പ്രചരണത്തിനു കഴിവതൊക്കെ ചെയ്യുവാനൊരുങ്ങിയ ഘട്ടത്തിലാണു് നമ്മുടെ ഗവർമ്മെന്റു് ഈ പ്രസ്ഥാനത്തിലേക്കു് പ്രവേശിച്ചതു്. ഗ്രന്ഥശാലാപ്രസ്ഥാനവും വയോജനവിദ്യാഭ്യാസ

പദ്ധതിയുമായുള്ള ഗാഢമായ ബന്ധം പരിഗണിച്ചു ഈ പദ്ധതി പ്രയോഗത്തിൽ വരുത്തുന്നതിൽ ഗ്രന്ഥശാലാസംഘത്തെ കൂടുതലായി സഹകരിപ്പിക്കുന്നതിന്റെ ആശാസ്യതയെപ്പററി ഗവർമ്മെന്റ് പര്യാലോചിക്കേണ്ടതാണ്.

സംഘത്തിന്റെ മുഖപത്രമായ ഗ്രന്ഥാലോകം, ഗ്രന്ഥശാലാമാന്വൽ, പുസ്തകങ്ങളുടെ പട്ടിക തുടങ്ങി ഇപ്പോൾ നടത്തിവരുന്ന പ്രസിദ്ധീകരണങ്ങൾകൂടാതെ ഒരു സാമാന്യവിജ്ഞാന ഗ്രന്ഥാവലി പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട യത്നങ്ങളും സംഘം ചെയ്തുവരുന്നതായറിയുന്നു. ഭരണവിഷയത്തിലും പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്ന വിഷയത്തിലും സംഘം അംഗഗ്രന്ഥശാലകളുടെ സ്വാച്ഛന്ദ്യത്തെ വിഘാതപ്പെടുത്താതിരിക്കാൻ നിഷ്കൎഷിച്ചു വരുന്നു. ഗ്രാന്റിനത്തിൽ കൊടുക്കുന്ന തുകയുടെ 75 ശതമാനത്തിനു പുസ്തകം വാങ്ങിക്കണമെന്നു നിയമം വച്ചിട്ടുണ്ടെങ്കിലും സംഘം പ്രസിദ്ധപ്പെടുത്തുന്ന പുസ്തകപ്പട്ടികയുടെ സഹായത്തോടുകൂടി അവരവരുടെ അഭിലാഷമനുസരിച്ചു് പുസ്തകങ്ങൾ തെരഞ്ഞെടുക്കുവാൻ അംഗഗ്രന്ഥശാലകളുടെ അധികൃതൎക്കു് തികച്ചും സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്. സംഘത്തിനു വേണ്ടി പുസ്തകലിസ്റ്റ് തയ്യാറാക്കുന്നതു് വിദ്യാഭ്യാസവിചക്ഷണന്മാരും പ്രമുഖ സാഹിത്യകാരന്മാരും ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധകമ്മിററിയാണെന്നുള്ളതു് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ കമ്മിററിയുടെ പ്രവൎത്തനംനിമിത്തം മാററു കൂടുന്ന ഗ്രന്ഥങ്ങളെ ഗ്രന്ഥശാലാപ്രവൎത്തകരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനും തദ്വാരാ അവയുടെ പ്രതികൾ ആയിരക്കണക്കിനു ചെലവാകുവാൻ സഹായിക്കുന്നതിനും സാധിച്ചുവരുന്നു. സംഘം ഇങ്ങനെ ഉത്തമകൃതികളെ പ്രചരിപ്പിക്കുവാനും അവയുടെ കൎത്താക്കന്മാരെ പ്രോത്സാഹിപ്പിക്കുവാനും ചെയ്യുന്ന യത്നം നമ്മുടെ മാതൃഭാഷയിൽ ഉൽകൃഷ്ടങ്ങളായ കൃതികൾ ആവിർഭവിക്കുന്നതിനു പ്രചോദകമായിത്തീരുമെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല.

മററുരാജ്യങ്ങളിലുള്ള ഗ്രന്ഥശാലാസംഘങ്ങൾ സാധാരണയായി ഗ്രന്ഥശാലകളെ സംബന്ധിച്ച കാര്യങ്ങളും അവയുടെ പുരോഗതിക്കുവേണ്ട പരിപാടികളും രൂപവൽക്കരിക്കുക പൊതുവെ പ്രയോജനകരങ്ങളായ ചില പ്രസിദ്ധീകരണങ്ങൾ നിർവ്വഹിക്കുക, മഹാസമ്മേളനങ്ങൾ ചേൎന്നു ഗ്രന്ഥശാലാപ്രസ്ഥാനത്തെ സജീവമാക്കുക എന്നിങ്ങനെയുള്ള പ്രവൎത്തനങ്ങളിൽ മാത്രമേ ഏർപ്പെടാറുള്ളു. തിരു–കൊച്ചി ഗ്രന്ഥശാലാസംഘമാകട്ടെ അതിന്റെ അംഗഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിലും അഭിവൃദ്ധിപ്പെടുത്തുന്നതിലും അവയെ നടത്തിക്കുന്നതിലും സാരമായ ചുമതല വഹിച്ചുവരികയാണ്. പുതുതായി ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും ഉള്ളവയെ പുനരുജ്ജീവിപ്പിക്കുകയും മാത്രമല്ല സംഘത്തിന്റെ പ്രവൎത്തനപരിപാടി. ഓരോ കരയിലും ഓരോ നല്ല ഗ്രന്ഥശാല എങ്കിലും ഉണ്ടായിരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് സംഘം പ്രവൎത്തിക്കുന്നതു്. ഓരോ താലൂക്കിലേയും ഗ്രന്ഥശാലാപ്രവൎത്തനത്തിനു പ്രോത്സാഹനം നൽകുന്നതിനും സംഘത്തോടുചേൎന്നു പ്രവർത്തിക്കുന്നതിനുമായി താലൂക്കുയൂണിയൻ സംഘടിപ്പിച്ചിട്ടുള്ളതും പ്രസ്താവാർഹമാണ്. ഇങ്ങിനെ ബഹുമുഖവും കർത്തവ്യബഹുലവുമായ രീതിയിൽ വ്യാപരിച്ചുവരുന്ന തിരു–കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനപരിപാടി മനസ്സിലാക്കിയ

പ്പോൾ യു. എൻ. ഓയിലെ സാംസ്കാരിക വകുപ്പിലെ പ്രധാനിയായ മി. സിഡ്നി ഇത്തരത്തിൽ ഒരു ഗ്രന്ഥശാലാസംഘടന പ്രവർത്തിക്കുന്നതു് അന്യാദൃശമായിരിക്കുന്നുവെന്നു രേഖപ്പെടുത്തുകയുണ്ടായി.

മി. സിഡ്നിയുടെ അഭിനന്ദന പത്രിക കൊണ്ടു് ഗ്രന്ഥശാലാസംഘം ചരിതാർത്ഥമായി കഴിഞ്ഞുകൂടുവാൻ പാടില്ല. ആധുനികമായ ഗ്രന്ഥശാലാ വിഭാവനമനുസരിച്ചും ജനങ്ങൾക്കുണ്ടാകേണ്ട പ്രയോജനങ്ങൾ കൈവരുത്തുവാൻ സംഘം ഇനിയും എത്രയോ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിലും അവയെ വിതരണം ചെയ്യുന്നതിലും പല പരിഷ്കാരങ്ങളും ഏർപ്പെടുത്തിയേ മതിയാവൂ. സ്ത്രീകളുടേയും കുട്ടികളുടേയും ഉപയോഗത്തിനു പ്രത്യേകം ഗ്രന്ഥവിഭാഗങ്ങൾ സജ്ജമാക്കുന്നതുകൂടാതെ പരാമർശനയോഗ്യങ്ങളായ പ്രമാണഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിലും സംഘം നിർദ്ദേശങ്ങൾ നല്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ ഗ്രന്ഥശാലകൾക്കു് പൊതുവേ ഉപയോഗപ്രദമായ രീതിയിൽ ഏററവും വിപുലമായ തോതിൽ ഒരു കേന്ദ്രഗ്രന്ഥശാല സ്ഥാപിക്കേണ്ടതിൻെറ അത്യാവശ്യകത എത്രതന്നെ ഊന്നിപ്പറഞ്ഞാലും അധികമായിപ്പോകയില്ല. ഇങ്ങനെയുള്ള സാംസ്ഥാനിക കേന്ദ്രഗ്രന്ഥശാലയിലേയും ഡിസ്ട്രിക്ട് ലൈബ്രറികൾ, താലൂക്കു കേന്ദ്രലൈബ്രറികൾ തുടങ്ങിയ ഗ്രന്ഥശാലകളിലേയും ഗ്രന്ഥങ്ങൾ അംഗഗ്രന്ഥശാലകൾക്കു പ്രാപ്യമാക്കുന്നതിനു ലൈബ്രറിവാൻ വാങ്ങി ഉപയോഗിക്കുന്ന പതിവു നടപ്പിൽ വരുത്തിയേമതിയാവൂ. ഈ രീതിയിലുള്ള ഗ്രന്ഥവിതരണ സംരംഭമാണു പാശ്ചാത്യരാജ്യങ്ങളിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തെ പൊതുജനങ്ങൾക്കു ഏററവും ഉപകാരപ്രദമാക്കിത്തീർത്തിട്ടുള്ളതു്. സംഘത്തിൻെറ നേരിട്ടുള്ള ചുമതലയിൽ അംഗഗ്രന്ഥശാലകളിലുള്ള ഗ്രന്ഥങ്ങളുടെ സമഗ്രമായ പട്ടിക തയ്യാറാക്കുക, വായനക്കാരേയും ഗ്രന്ഥവിതരണത്തേയും മററും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധപ്പെടുത്തുക, തുടങ്ങിയ കാര്യങ്ങളും ചെയ്യേണ്ടതായിരിക്കുന്നു. ഗ്രന്ഥശാലകളിൽ വിജ്ഞാനപ്രദങ്ങളായ പ്രഭാഷണങ്ങൾ നടത്തിക്കുക, ഗ്രന്ഥപ്രദർശനങ്ങൾ സജ്ജീകരിക്കുക, വിശിഷ്ടഗ്രന്ഥങ്ങളിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കുക തുടങ്ങിയ കാര്യങ്ങളിൽ പ്രവർത്തകർ സവിശേഷമായ താത്പര്യം പ്രദർശിപ്പിക്കേണ്ടതാണു്.

1500-ൽ പ്പരം ഗ്രന്ഥശാലകളുള്ള ഈ രാജ്യത്തു് പരിശീലനം സിദ്ധിച്ച ഗ്രന്ഥശാലാപ്രവർത്തകരുടെ എണ്ണം ഏററവും പരിമിതമാണെന്നു വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ വ്യസനകരമായ മറെറാരു വസ്തുതയാണു് നമ്മുടെ സംസ്ഥാനത്തുള്ള 20 ശതമാനം ഗ്രന്ഥശാലകൾക്കുപോലും സ്വന്തമായി സ്ഥലവും കെട്ടിടവും സമ്പാദിക്കാൻ സാധിച്ചിട്ടില്ല എന്നുള്ളതും. ഗ്രന്ഥശാലകളോടനുബന്ധിച്ചു് വിനോദത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതും ഏററവും സ്പൃഹണീയമാണു്. ഇങ്ങനെ ഗ്രന്ഥശാലാപ്രസ്ഥാനത്തെ പുരോഗമിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതും പ്രസ്ഥാനത്തെ നിബന്ധനകൾകൊണ്ടു് സുസ്ഥിരവും ശിക്ഷിതവുമാക്കുന്നതുമായ ഒരു ലൈബ്രറിബിൽ നിയമസഭയിൽ അവതരിപ്പിച്ചു് അംഗീകരിക്കുന്ന കാര്യത്തിൽ ഗ്രന്ഥശാലാസംഘം സർവ്വോപരി ദത്തശ്രദ്ധരായിരി

ക്കണമെന്നു അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഈ ജനകീയയുഗത്തിൽ ഗ്രന്ഥശാലാപ്രസ്ഥാനംപോലെ രാഷ്ട്രസൃഷ്ടിപരമായ പ്രവൎത്തനങ്ങളുടെ ചുമതല ഗവൎമ്മെന്റിന്റെ സഹകരണത്തോടുകൂടി വഹിക്കുവാൻ പൊതുജനങ്ങൾ മുന്നോട്ടു വരേണ്ടതാണു്. ഔദ്യോഗികമായ പ്രവൎത്തനങ്ങൾക്കു് നേരിടുന്ന മരവിപ്പിനു ഏക പരിഹാരം ഇതാണെന്നു ഞാൻ വിശ്വസിക്കുന്നു. ഗവൎമ്മെന്റിൽനിന്നു ധനസഹായവും നിർദ്ദേശവും ലഭിക്കുന്ന ഒരു പ്രസ്ഥാനത്തിനു അവരുടെ നിയന്ത്രണത്തിൽനിന്നു മാറിനില്ക്കുവാൻ സാദ്ധ്യമല്ലെന്നുള്ള പ്രസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ പ്രസ്ഥാനങ്ങളുടെ ജനകീയസ്വഭാവം സൂക്ഷിക്കുന്നതിൽ പൊതുജനങ്ങളും അവയെ ഏറ്റവും പരിമിതമായി മാത്രം നിയന്ത്രിക്കുന്നതിനു ഗവൎമ്മെന്റും സന്നദ്ധത പ്രകടിപ്പിക്കുന്ന പക്ഷം സമരസമായ രീതിയിൽ ഏതു ജനാഭിലാഷത്തേയും ചരിതാൎത്ഥമാക്കുവാൻ ഇരുകൂട്ടൎക്കും കഴിയാതിരിക്കയില്ല. ഇതിനു പൊന്തി നില്ക്കുന്ന ഒരു ഉദാഹരണമാണു് നമ്മുടെ സംസ്ഥാനത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനം. പുതുതായി ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിനും ഉള്ളവയെ പരിപോഷിപ്പിക്കുന്നതിനും ജനങ്ങൾ ഉത്സാഹം പ്രകടിപ്പിച്ചുകൊണ്ടു തന്നെയിരിക്കുന്നു. അനേകലക്ഷം രൂപാ വില വരുന്ന പുസ്തകങ്ങളും ഉപകരണങ്ങളും കെട്ടിടങ്ങളും ഈ പ്രസ്ഥാനത്തിനു ജനങ്ങൾ സംഭാവന ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇതുപോലെ തന്നെ ഈ ജനകീയ പ്രസ്ഥാനം സമാരബ്ധമായതോടുകൂടി രാഷ്ട്രസൃഷ്ടിപരമായ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഇതിനെ പോഷിപ്പിക്കുന്നതിനും അവശ്യമായ രീതിയിൽ നിയന്ത്രിക്കുന്നതിനും നമ്മുടെ സാംസ്ഥാനിക ഗവൎമ്മെന്റു് സന്നദ്ധമായിട്ടുമുണ്ടു്.

തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ അദ്ധ്യക്ഷന്മാരും ഉപാദ്ധ്യക്ഷന്മാരും പ്രവൎത്തക സമിതിയിലേയും ഭരണസമിതിയിലേയും അംഗങ്ങളും ഈ പ്രസ്ഥാനത്തിന്റെ ഭരണനിർവഹണത്തിൽ ത്യാഗപൂൎണ്ണമായ സഹായം അനുഷ്ഠിച്ചിട്ടുണ്ടു്. പണ്ഡിതന്മാരും സാഹിത്യകാരന്മാരും പുസ്തകപരിശോധനയിലും പ്രസിദ്ധീകരണപരിപാടിയിലും സംഘത്തെ നിസ്വാൎത്ഥമായി സേവിച്ചിട്ടുണ്ടു്. ധനികന്മാരും വിദ്യാവ്യസനികളുമായ മഹാന്മാർ സംഘത്തിനു ധനസഹായം ചെയ്തിട്ടുണ്ടു്. അംഗഗ്രന്ഥശാലകളുടെ അധികൃതരും യൂണിയൻ കമ്മിററികളും സംഘടനാപ്രവൎത്തകരും സംഘത്തോടു് സൗഹാർദ്ദപൂർവ്വം സഹകരിച്ചു് പ്രവൎത്തിച്ചിട്ടുണ്ടു്. എന്നാൽ ഈ സംഘത്തിന്റെ സ്ഥാപനവും ഇതിന്റെ പ്രശസ്തമായ പുരോഗതിയും സാധിതപ്രായമാക്കുന്നതിൽ സജീവമായും ആത്മാൎത്ഥമായും പ്രവൎത്തിച്ചിട്ടുള്ളതു് ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറിയായ ശ്രീ. പി. എൻ. പണിക്കരാണു് എന്നുള്ള വാസ്തവം എടുത്തു പറയട്ടെ.

ഇന്നു തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഒരു പരീക്ഷണഘട്ടത്തിൽ എത്തിച്ചേൎന്നിരിക്കുകയാണു്. രാജ്യമൊട്ടുക്കു് സങ്കീൎണ്ണമായി കിടക്കുന്നവയും പൊതുജനങ്ങളുമായി നിത്യസമ്പൎക്കത്തിലിരിക്കുന്നവയുമായ 1500ഓളം ഗ്രന്ഥശാലകൾ ഡിസ്ട്രിക്ട് ലൈബ്രറികൾ, താലൂക്കു ലൈബ്രറികൾ, താലൂക്കുയൂണിയനുകൾ പ്രസിദ്ധീകരണപരിപാടികൾ, സംഘത്തിന്റെ കേന്ദ്രആഫീസ്, 30-ൽ പരം ഓൎഗ

നൈസിംഗ് ഇൻസ്പെക്ടറന്മാർ എന്നിങ്ങനെ ബഹുമുഖമായ ഘടകങ്ങളുടെ സങ്കലനം കൊണ്ടു് ഏററവും വിപുലമായിത്തീർന്നിട്ടുള്ള ഈ സ്ഥാപനത്തിൻെറ ചുമതലകൾ എത്രയോ ഭീമങ്ങൾ. കൂടാതെ ഗ്രാമീണഗ്രന്ഥശാലകൾ—പിന്നോക്ക സമുദായ വായനശാലകൾ—കൊച്ചിവിഭാഗത്തിലെ ഗ്രന്ഥശാലകൾ എന്നിവയുടെ എല്ലാം ചുമതലകൂടി വഹിക്കുന്നതിനും സംഘത്തെ ഗവർമ്മെൻറ് ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുകയാണു്. ഇങ്ങനെ പറഞ്ഞപക്ഷം ഗവർമ്മെൻറിലെ ഒരു ചെറിയ ഡിപ്പാർട്ടുമെൻറിനോളം വളർന്നു കഴിഞ്ഞിട്ടുള്ളതും ഇനികൂടുതൽ വളരുവാനായി സാധ്യതകൾ ഉണ്ടെന്നു തെളിയിച്ചിട്ടുള്ളതുമായ ഈ സംഘത്തിനു ഗവമ്മെൻറു ചെയ്തുവരുന്ന ധനസഹായം പരിമിതമാണെന്നു നിർമ്മത്സരബുദ്ധികൾ വിധിക്കാതിരിക്കയില്ല. വിദ്യാഭ്യാസവിഷയത്തിൽ ഏതാണ്ടു നാലുകോടി രൂപയോളം ചെലവാക്കുന്ന ഗവമ്മെൻറ് അനഭിജ്ഞർക്കും അഭ്യസ്തവിദ്യർക്കും ഒരുപോലെ വിജ്ഞാനദാനം ചെയ്യുന്ന ഗ്രന്ഥശാലകൾക്കു് സഹായധനം നൽകുന്നതിനും അവയുടെ സംഘടനാപ്രവർത്തനത്തിനുമായി ഒരു ലക്ഷം രൂപാ മാത്രമാണു് അനുവദിച്ചിട്ടുള്ളതു്. ഈ വിഷയത്തിൽ ഗവമ്മെൻറ് ദയാപൂർവ്വമായ ശ്രദ്ധപതിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളട്ടെ.

ഗ്രന്ഥശാലാസംഘത്തെപ്പററി ഒരു തെററായധാരണ ചിലരുടെ ഇടയിൽ കടന്നുകൂടീട്ടില്ലേ എന്നു ഞാൻ ബലമായി ശങ്കിക്കുന്നു. അതുമറെറാന്നുമല്ല. ഗ്രന്ഥശാലാസംഘം ഒരു ഗവമ്മെൻറ്സ്ഥാപനം ആണെന്നുള്ള ഒരു ധാരണയാണു്. ഗവമ്മെൻറ് ഗ്രാൻറുനൽകുവാനും സംഘടനാജോലി നിർവ്വഹിക്കുവാനും യഥാകാലം ധനസഹായം ചെയ്യുന്നതായിരിക്കണം ഈ മിഥ്യാധാരണയ്ക്കു കാരണമായിത്തീർന്നിട്ടുള്ളതു്. ഇങ്ങനെ ധരിച്ചുവച്ചിരിക്കുന്നവർ, ലക്ഷക്കണക്കിനു പൊതുജനങ്ങളുടെ പണം ഈ പ്രസ്ഥാനത്തിൽ വന്നുചേർന്നിട്ടുള്ളതും പൊതുജനങ്ങളുടെ ഉദാരമായ സംഭാവനയും സജീവമായ സഹകരണവും ഇല്ലാതെ വരുന്നപക്ഷം ഈ പ്രസ്ഥാനം മരവിച്ചുപോകുമെന്നുള്ളതും വിസ്മരിച്ചു കളയുന്നതായി തോന്നുന്നു. പൊതുജനങ്ങൾക്കു നൽകാവുന്ന സഹായസഹകരണങ്ങൾ അവയുടെ പരമാവധിയിൽ എത്തിക്കഴിഞ്ഞുവെന്നു് വിചാരിക്കുന്നതായി തെററിദ്ധരിക്കാതിരിക്കുവാൻ അപേക്ഷ. നമ്മുടെ നാട്ടിലെ പ്രബുദ്ധരായ പൗരജനങ്ങൾ ഈ പ്രസ്ഥാനത്തെ ഉന്നമിപ്പിക്കുന്നതിനായി ത്യാഗസന്നദ്ധതയോടുകൂടി പ്രവർത്തിച്ചേ മതിയാവൂ. ചുരുക്കത്തിൽ ഇന്നാട്ടിലെ ഗ്രന്ഥശാലാപ്രസ്ഥാനം ഒരു പരീക്ഷണഘട്ടത്തെ അഭിമുഖീകരിക്കുന്നുവെന്നുമാത്രമല്ല അതു ഗവർമ്മെൻറിൻേറയും പൊതുജനങ്ങളുടേയും മുൻപിൽ സജീവപ്രശ്നമായി നിൽക്കുകയും ചെയ്യുന്നു. ഈ പ്രസ്ഥാനത്തിൻെറ വലിപ്പവും അതിനെ നയിക്കുന്നതിലുള്ള വൈഷമ്യവും യഥാവിധി മനസ്സിലാക്കി ഗവർമ്മെൻറും പൊതുജനങ്ങളും സാമ്പത്തികമായ സഹായവും സജീവമായ സഹകരണവും നൽകാത്തപക്ഷം ഇതിൻെറ ഭാവി എങ്ങിനെയാകുമോ എന്തോ?

---

[സമസ്തകേരളസാഹിത്യപരിഷത്തിൻെറ 21-ാം വാർഷികത്തിലെ നാലാംസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.]

# "വിചാരവേദി"യിലെ വാദഗതി

## പി. ദാമോദരൻപിള്ള ബി. എ.

അല്പനാൾ മുൻപ് ശ്രീ. ബാലരാമപ്പണിക്കർ അവർകൾ, (സംസ്കൃത കോളേജ് ലക്ചറർ) അദ്ദേഹത്തിന്റെ "വിചാരവേദി" എന്ന ഗ്രന്ഥത്തിന്റെ ഒരു പ്രതി എനിക്കു തന്നു. ആശാന്റെ "കരുണ"യിലെ നായിക, മോക്ഷം അഥവാ നായികയുടെ സ്വർഗ്ഗപ്രാപ്തി അസ്ഥാനത്താണെന്നും, അതിനു വിശ്വാസ്യതയില്ലെന്നുമുള്ള എന്റെ വാദത്തിന് ഒരു ഗംഭീരമായ മറുപടി കൊണ്ടാണ് ആ ഗ്രന്ഥത്തിന്റെ രണ്ടാംപകുതി നിറച്ചിരിക്കുന്നതു്. വായിച്ചു നോക്കിയപ്പോൾ വിചാരവേദി ഒരു ഒന്നാംതരം അവിചാരവേദിയാണെന്നു തോന്നിയതിനെ തുടർന്ന്, രണ്ടാംപക്കം ഞാൻ എന്റെ പതിനഞ്ചു സംശയങ്ങൾ ഗ്രന്ഥകർത്താവിനെ അറിയിക്കയും, അവയ്ക്കു മറുപടി തരണമെന്നർത്ഥിക്കയും ചെയ്തു. ഇത്ര കാലം കാത്തിരുന്നിട്ടും അദ്ദേഹത്തിൽനിന്ന് എനിക്ക് യാതൊരു സമാധാനവും ലഭിച്ചിട്ടില്ല. എങ്കിലും ചില മന്ദപ്രജ്ഞരെ അപകടത്തിൽ ചാടിക്കാൻ ആ വിചാരവേദിക്ക് കഴിയുമെന്നു തോന്നുന്നു. ഏതായാലും എന്റെ അന്നത്തെ സംശയങ്ങളിൽ ചുരുക്കം ചിലതു് ഇവിടെ വിവരിക്കുന്നതു് വായനക്കാരുടെ ബുദ്ധിവ്യവസായത്തിനെങ്കിലും ഉപകാരപ്പെടാതിരിക്കയില്ലെന്നു കരുതുന്നു.

വാസവദത്തയ്ക്കു് മോക്ഷത്തിനോ സ്വർഗ്ഗപ്രാപ്തിക്കോ യാതൊരർഹതയുമില്ലാതെ ഞൊടിയിടയിൽ ചുടുകാട്ടിൽവച്ചു് ഉപഗുപ്തൻ മോക്ഷം അഥവാ സ്വർഗ്ഗം കൊടുക്കുന്നു. ഇതു് അവളുടെ സൽഗതിയെപ്പററി വായനക്കാരിൽ അവിശ്വാസമുളവാക്കാൻ പര്യാപ്തമാണെന്നായിരുന്നു എന്റെ വാദം. ഒരുവൻ എങ്ങനെ ജീവിച്ചാലും, വേണമെങ്കിൽ നിമിഷത്തിനിടയിൽ മോക്ഷം കിട്ടുമെന്ന് ശ്രീ. പണിക്കർ സിദ്ധാന്തിക്കുന്നു. ഇതിന് ഉദാഹരണമായി അദ്ദേഹം അജാമിളമോക്ഷമാണു ചൂണ്ടിക്കാണിക്കുന്നതു്. അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഇങ്ങനെ ഉദ്ധരിച്ചേക്കാം:— "അജാമിളൻ മരണസമയത്തു് സ്വസമീപമെത്തിയ യമദൂതന്മാരെക്കണ്ടു് ഭീതനായിട്ടു് തന്റെ പുത്രനും പേടിച്ചിരിക്കുമെന്നു കരുതി നാരായണ എന്നു പേരുള്ള അവനെ സമാശ്വസിപ്പിക്കാൻ 'നാരായണ' എന്നു വിളിച്ചു. അടുത്ത ക്ഷണംതന്നെ അയാൾ മരിക്കയും ചെയ്തു."

ഇതെന്തൊരുകഥ? ഇങ്ങനെയൊന്നു ഞാനോ, മററുള്ളവരോ കണ്ടിട്ടില്ല. കാരണം, അങ്ങനെയൊന്നില്ലെന്നുള്ളതുതന്നെ. ശ്രീ. പണിക്കർക്കു് ഭാഗവതം വായിക്കാൻ കഴികയില്ലെങ്കിൽ നാരായണീയമെങ്കിലും വായിക്കാമായിരുന്നു. തന്റെ അനധീതിയിൽ വിശ്വസിച്ചുകൊണ്ടു് ഈ അമ്മൂമ്മക്കഥ അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ പുറപ്പെട്ട ഗ്രന്ഥകാരൻ അസാമാന്യൻതന്നെ. അജാമിളൻ ആദ്യം നല്ലവനായിരുന്നു എന്നും, ഇടയ്ക്കുണ്ടായ ഭ്രംശം യമദൂതന്മാരുടെ വരവിനുശേഷം നിവാരണം ചെയ്യപ്പെട്ടെന്നും, അനന്തരം അയാൾ

അനേകകാലം തപസ്സുചെയ്തു് മോക്ഷം പ്രാപിച്ചെന്നുമാണു് ഭാഗവതം ചുരുക്കിയെഴുതിയ ഭട്ടതിരിപ്പാട്ടുപോലും പറയുന്നതു്. അവർക്കാർക്കും വാസവദത്തയുടേതുപോലുള്ള ഒരു "ക്ഷിപ്രസിദ്ധി"യിൽ അത്ര വിശ്വാസമുണ്ടായിരുന്നില്ല. അതിരിക്കട്ടെ. യമദൂതന്മാരെക്കണ്ടു് തന്റെ പുത്രൻ ഭയന്നേക്കുമെന്നു കരുതിയാണു് അജാമിളൻ അവനെ വിളിച്ചതെന്നു എവിടെ പറയുന്നു? മരിക്കാൻ പോകുന്നവരുടെ ചുററും നിൽക്കുന്ന എത്ര പേരാണു യമദൂതന്മാരെ കണ്ടിട്ടുള്ളതു്? ശ്രീ. പണിക്കർ എന്തെല്ലാം അബദ്ധപ്പഞ്ചാംഗമാണു് ഒന്നരവാക്യത്തിൽ തള്ളിക്കയററിയിരിക്കുന്നതെന്നോക്കുമ്പോൾ ആദ്യം സർക്കസ്സ് കണ്ടതുപോലുള്ള അത്ഭുതമാണു തോന്നുന്നതു്. ഇവിടെ തെററുകൾ കൊണ്ടുള്ള ഒരു സർക്കസ്സാണെന്നു വിശേഷിച്ചു പറയാനുള്ളൂ. അജാമിളൻ യമദൂതന്മാരെക്കണ്ടു ഭയന്നു എന്നു ശ്രീ. പണിക്കർ പറയുന്നു. അതു ശരിയായിരിക്കാം. പക്ഷെ അങ്ങനെ ഭയന്നവൻ മറെറാരുവനെ ഭയത്തിൽനിന്നു രക്ഷിക്കാൻ ശ്രമിക്കുന്നതെങ്ങനെ? ഒരൊറാക്കാര്യം പറയുമ്പോൾ ഇത്രയും കുഴപ്പങ്ങൾ ഉണ്ടാകാമെങ്കിൽ കൂടുതൽ പറഞ്ഞാലുള്ള അവസ്ഥയെന്തെന്നു് ഊഹിക്കാവുന്നതാണു്.

അടുത്തതായി ശ്രീ. പണിക്കരുടെ മറെറാരു ഉദാഹരണം നോക്കുക:—"ശ്രീരാമകൃഷ്ണന്റെ കരസ്പർശം വിവേകാനന്ദസ്വാമിയ്ക്കു് പരിപൂർണ്ണാനന്ദഘനത്വം നൽകി" ഇതുകേട്ടാൽ ഉടൻ തോന്നുന്നതു് വിവേകാനന്ദനും വാസവദത്തയും ഒരേ നിലയിലുള്ളവരാണെന്നാണു്! എത്ര ആലോചനാശൂന്യനും അതു് പറയാനോ, അക്കഥ പ്രകൃതത്തിനു് ഉദാഹരണമായി ഉദ്ധരിക്കാനോ സാധിക്കയില്ലെന്നാണു യുക്തിബോധമുള്ളവർക്കു തോന്നുക. വിവേകാനന്ദന്റെ യഥാർത്ഥഭാവം തന്നെ ശ്രീരാമകൃഷ്ണൻ നേരത്തെ കണ്ടിരുന്നു. അതെങ്ങനെയെന്നു മനസ്സിലായിരുന്നെങ്കിൽ അദ്ദേഹത്തിനു ആനന്ദഘനത്വം ലഭിച്ചതു് അത്ര പെട്ടെന്നു് അകാരണമായിട്ടല്ലെന്നറിയാൻ കഴിയുമായിരുന്നു. അതുകൂടാതെ വിവേകാനന്ദൻ തന്റെ ആനന്ദഘനത്വവുംകൊണ്ടു് "അക്ഷണം" തന്നെ മരിച്ചില്ലതാനും. അങ്ങനെ മരിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ അനന്തരജീവിതം കാണാനിടയാകാതെവരികയും അതു് ഒരുപക്ഷേ ലേശം സംശയകാരണമായി പരിണമിക്കുകയും ചെയ്യുമായിരുന്നു. വാസവദത്ത ഒരു പുണ്യാത്മാവിന്റെ അവതാരമല്ല. അവൾ ഉപഗുപ്തന്റെ കരസ്പർശശേഷം മിക്കവാറും ഉടനടി മരിക്കയും ചെയ്യുന്നു. ആ സ്ഥിതിക്കു്, അവൾക്കു് മാനസാന്തരമുണ്ടാകുമെന്നു് അതുവരെയുള്ള ജീവിതംകൊണ്ടു് തെളിയിക്കാതിരിക്കെ, അതിനുശേഷം തെളിയിക്കാനുള്ള സന്ദർഭംകൂടി നഷ്ടമാകുകയാണു ചെയ്തതു്. മഗ്ദലനമറിയവും, പിംഗളയും ഇങ്ങനെയാണോ മാനസാന്തരത്തിനു തെളിവു നൽകുന്നതെന്നു് ശ്രീ. പണിക്കർ പരിശോധിക്കുന്നതു നന്നായിരിക്കും.

അനന്തരം, ഗീതയിലെ "യം യം വാപി സ്മരൻ" ഇത്യാദി ശ്ലോകം ചൂണ്ടിക്കാണിച്ചുകൊണ്ടു് ശ്രീ. പണിക്കർ പറയുന്നു, "ജഡഭരതോപാഖ്യാനം മനസ്സിൽവച്ചുകൊണ്ടു് ഈ ശ്ലോകത്തിന്റെ അർത്ഥം ചിന്തിച്ചാൽ അതു് എന്റെ സ്നേഹിതനു് മനസ്സിലായി എന്നു വരാം". അതായതു് ജഡഭരതോപാഖ്യാനം, മരണനിമിഷത്തിൽ ഒരുവന്റെ ഭാവം എന്താണോ അതനുസരിച്ചുള്ള ഫലാനുഭവത്തിനിടയാകുമെന്നു് തെളിയിക്കുന്നുണ്ടെന്നും, വാസവദത്ത അന്തിമനിമിഷത്തിൽ ഊർദ്ധ്വലോകദിദൃക്ഷ പൂണ്ടിരുന്നതിനാൽ അതിനുമുൻപെല്ലാം എങ്ങനെയെല്ലാം ജീവിച്ചവളായാലും

സൽഗതികിട്ടാതെ ഗത്യന്തരമില്ലെന്നും ഞാൻ മനസ്സിലാക്കണമെന്നാണു് ശ്രീ. പണിക്കരുടെ വിവക്ഷ. ഇതും ഇതിലപ്പുറവും വേണമെങ്കിൽ മനസ്സിലാക്കിയേക്കാം പക്ഷെ അത്ര ബുദ്ധിശൂന്യത എനിക്കില്ലാത്തതിൽ അല്പം കുണ്ഠിതമുണ്ടെന്നേയുള്ളു. എന്തെന്നാൽ ശ്രീ. പണിക്കർ അജാമിളന്റെ കഥ മനസ്സിലാക്കിയതുപോലെ തന്നെയാണു് ജഡഭരതന്റെ കഥയും മനസ്സിലാക്കിയിരിക്കുന്നതു്. ആദ്യം ഈശ്വരസാക്ഷാത്കാരത്തിനു വേണ്ടി ഏറെക്കാലം തപസ്സുചെയ്ത ആളാണു ജഡഭരതൻ. ഒടുവിൽ ഒരു മാൻകുട്ടിയുടെ നിസ്സഹായതകണ്ടു് അലിവു തോന്നി അയാൾ അതിനെ എടുത്തുവളർത്തുന്നു. പക്ഷെ ക്രമേണ അയാളുടെ മനസ്സു് ഈശ്വരനിൽനിന്നു് ഭ്രംശിച്ചു് മാൻകുട്ടിയിൽ ദൃഢമായി ഊന്നുന്നു. ഒന്നുരണ്ടു വൎഷമല്ല, അനേകവൎഷം ഈ അവസ്ഥ തുടരുന്നു. ഒടുവിൽ മരണവേളയിൽ മാനിനെ നോക്കി ദുഃഖിച്ചു ദുഃഖിച്ചു് ജഡഭരതൻ മരിക്കുന്നു. അടുത്ത ജന്മത്തിൽ അയാൾ മാനായി പിറക്കുകയും ചെയ്യുന്നു. ഈ കഥയ്ക്കു് വാസവദത്തയുടെ കാര്യത്തിൽ ശ്രീ. പണിക്കർ വിചാരിക്കുന്ന ഘടന ഭവിക്കുന്നില്ല. എന്തെന്നാൽ, ഗീതയിൽ പറയുംപോലെ ബുദ്ധിയുടെ നിരന്തരമായ അഭ്യാസത്താൽ ജഡഭരതൻ മരിക്കുന്നതിനു മുൻപുതന്നെ മാനായിത്തീൎന്നു എന്നു പറഞ്ഞിരുന്നെങ്കിൽപോലും അതിൽ വിശ്വാസം തോന്നത്തക്കവണ്ണമാണു് ആ കഥ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതു്. വാസവദത്തയ്ക്കു് അതനുസരിച്ചു് സംഭവിക്കേണ്ടതു് സ്വൎഗ്ഗപ്രാപ്തിയല്ലാ അധോഗതിയാണു്. അതിനു പകരം നടക്കാത്ത കാര്യങ്ങളെന്തെല്ലാം പറഞ്ഞാലും അതുകൊണ്ടൊന്നും ഒരു വിശേഷവും ഉണ്ടാകാൻ പോകുന്നില്ല. കരുണയുടെ കാര്യത്തിലും അത്രമാത്രമേ സംഭവിച്ചിട്ടുള്ളു.

അജാമിളന്റെയോ ജഡഭരതന്റെയോ കഥയറിയാതെ അതെല്ലാം വിവരിച്ചുകൊണ്ടു് പണ്ഡിതനായ സ്നേഹിതൻ പുസ്തകമിറക്കിയതു് വല്ല നിവൃത്തികേടുകൊണ്ടുമായിരിക്കണം. എങ്കിലും അതിലുള്ള ചള്ളുററം അവിടെങ്ങും അവസാനിക്കുന്നില്ല. ചിലർ ഒരിക്കൽ തെററു മനസ്സിലാക്കിയാൽ പിന്നെ കാണുന്നതൊക്കെ തെററിച്ചല്ലാതെ അവർക്കു് മനസ്സിലാക്കാൻ സാധിക്കയില്ല. ഒരാൾ "യസ്മിൻ ദേശേ" എന്നതിനെ യസ്മിൻ എന്നദേശത്തിൽ എന്നു ഗ്രഹിച്ചപ്പോൾ അതു തെററാണെന്നു് മറെറാരാൾ പറഞ്ഞു. ഉടൻ നമ്മുടെ പണ്ഡിതൻ തിരിഞ്ഞു ചോദിക്കുകയാണു്, "ആരുപറഞ്ഞു? ഭാഗവതത്തിലും യസ്മിൻ ദേശേ എന്നുണ്ടു്, കണ്ടിട്ടില്ലേ?" ഇതുപോലെയാണു് ശ്രീ. പണിക്കരുടെ ധൈര്യത്തിന്റെയും പോക്കു്. സാധാരണന്മാർക്കു മനസ്സിലാകുന്ന അജാമിളോപാഖ്യാനവും ജഡഭരതോപാഖ്യാനം സർവ്വത്ര അസംബന്ധമയമായി മനസ്സിലാക്കിയശേഷം അവർക്കു മനസ്സിലാക്കുവാൻ അല്പം പ്രയാസമുള്ള ഗീതയിലേക്കാണു അദ്ദേഹം കടക്കുന്നതു്. അതു് ഏതായാലും വേണ്ടായിരുന്നു എന്നു പറയേണ്ടിവന്നിരിക്കുന്നു. "യം യം വാപി സ്മരൻ" ഇത്യാദിശ്ലോകം ശ്രീ. പണിക്കർ ധരിച്ചിരിക്കുന്നതെങ്ങനെയെന്നുനോക്കുക. ശ്ലോകത്തിന്റെ പൂൎണ്ണരൂപം ഇതാണു്:-

"യം യം വാപിസ്മരൻഭാവം
ത്യജത്യന്തേ കളേബരം
തം തമേവൈതി കൗന്തേയ,
സദാ തദ്ഭാവഭാവിതഃ"

ഇതിന്റെ സാരം മരണനിമിഷത്തിലെ ഭാവമനുസരിച്ചുള്ള ഗതി ഉണ്ടാകുമെന്നല്ലാ സദാ സ്മരിക്കുന്ന ഭാവമനുസരിച്ചു് ഏ

തൊരു ഭാവത്തെ അന്തിമനിമിഷത്തിൽ സ്മരിക്കുന്നുവോ ആ ഭാവമനുസരിച്ചുള്ള ഗതി ഉണ്ടാകുമെന്നാണ്. അതിനു പകരം ജീവിതം മുഴുവൻ കണ്ടമാനം നടന്നിട്ട് ഒടുവിൽ ചുളുവിൽ ഈശ്വരവിചാരംകൊണ്ടു ഞൊടിയിടയിൽ മോക്ഷം നേടിക്കളയാമെന്ന് അതിനർത്ഥമില്ല. മറെറാരു ശ്ലോകത്തിൽ കൃഷ്ണൻ വീണ്ടുംപറയുന്നു:-

"അന്തകാലേ ച മാമേവ
സ്മരൻ മുക്ത്വാ കളേബരം
യഃ പ്രയാതി സമൽഭാവം
യാതിനാസ്ത്യത്ര സംശയഃ"

ഇവിടെ "അന്തകാലേ" എന്നല്ല, "അന്തകാലേ ച" എന്നാണു പ്രയോഗം. അതിനു സ്പഷ്ടമായ അർത്ഥം ശ്രീ പണിക്കർ കരുതും പോലെ, "മരണമുഹൂർത്തത്തിൽ" എന്നല്ലാ, "മരണമുഹൂർത്തത്തിലും" എന്നാണ്. സദാ എന്നെപ്പററി സ്മരണയുള്ളവൻ അവസാനത്തിലും എന്നെ സ്മരിച്ചുകൊണ്ടു ദേഹം വെടിയുന്നെങ്കിൽ അവൻ എന്റെ ഭാവം പ്രാപിക്കുമെന്നാണു കൃഷ്ണൻ പറയുന്നതു്. നിരന്തരം മാനിൽത്തന്നെ ലീനചിത്തനായിരുന്ന ജഡഭരതന്റെ പിന്നത്തെ അനുഭവം ഇതിന് ഒരുദാഹരണമാണ്. പക്ഷേ ശ്രീ. പണിക്കരുടെ കണ്ണിൽ ഇതൊന്നും കാണുകയില്ല. ദുഷിച്ച ഭാവത്തെ നിരന്തരം അനുദ്ധ്യാനംചെയ്തിരുന്ന വാസവദത്തയ്ക്കു് അന്തകാലത്തിൽ ഒററയടിക്കു മോക്ഷം അഥവാ ഏതെങ്കിലും സൽഗതി കിട്ടിയെന്നു വിശ്വസിക്കുന്ന ഒരു പ്രസ്ഥാനം ഇവിടെ ഉണ്ടായിട്ടുണ്ട്. അതിന്റെ പ്രമുഖനേതൃത്വത്തിന് ഒരവകാശിയാണു താനെന്നു ശ്രീ. പണിക്കർ വിചാരിക്കുന്നു. അതിനു തരക്കേടില്ല. എന്നാൽ എല്ലാവരും ആ പ്രസ്ഥാനത്തിൽ ചേരണമെന്നു പറയുമ്പോൾ, അഥവാ ആ പ്രസ്ഥാനം ശരിയാണെന്നു വാദിക്കുമ്പോൾ "ഇതുതാനാപൂലോകം" എന്നു തോന്നിപ്പോകും. ഗീതയിൽ ശ്രീ. പണിക്കരുടെ വിവക്ഷയ്ക്കു് കൃഷ്ണൻ വകയൊന്നും നൽകുന്നില്ല. നേരേ മറിച്ചുള്ള വിവക്ഷ പല സ്ഥാനങ്ങളിലും കാണാവുന്നതുമാണ്. "അഭ്യാസേന തു കൗന്തേയ" "സ്ഥിരബുദ്ധിരസംമൂഢോ", "യോഗബലേന" എന്നിവ ഓരോന്നും വെളിപ്പെടുത്തുന്നതു് അത്ര ചുളുവിൽ കാര്യമൊന്നും നടപ്പില്ലെന്നാണ്. മനോയോഗബലം വേണം, സ്ഥിരബുദ്ധിയായി പ്രയത്നിക്കണം, അഭ്യാസംകൊണ്ടു മാത്രമേ സാധിക്കൂ എന്നൊക്കെയാണു കൃഷ്ണന് ഇക്കാര്യത്തെപ്പററി പിന്നെയും പിന്നെയും പറയാനുള്ളതു്. അതറിയുന്നതിനു പകരം, അന്തകാലത്തിലെ ഒരു നിമിഷത്തിൽ ഒററവിചാരംകൊണ്ടു് അതുവരെയുള്ള ദോഷങ്ങളെല്ലാം മാഞ്ഞുപോകുമെന്നു ഗീത പറയുന്നതായി ഭ്രമിക്കുന്നതു് ശുദ്ധ ഭോഷത്തമല്ലെങ്കിൽ മറെറാന്നുമല്ല. അതിനാൽ വാസവദത്തയുടെ "ക്ഷിപ്രസിദ്ധി" പ്രസ്ഥാനം ഗീത ഒരു തവണയെങ്കിലും വായിച്ചിട്ടുള്ളവരോടു പറയാനോ അവർക്കെഴുതാനോ പററിയതല്ലെന്നറിയുന്നതാണു ബുദ്ധി.

വാസവദത്തയ്ക്കു മോക്ഷം കിട്ടിയെന്നുള്ള നിരൂപകന്മാരുടെ വിശ്വാസം തെററാണെന്നും, ആശാന്റെ പരിനിർവാണപദപ്രയോഗത്തിനു മരണാർത്ഥകമായേ പ്രസക്തിയുള്ളെന്നും ശ്രീ. പണിക്കർ വാദിക്കുന്നു. പക്ഷേ് ആശാൻതന്നെയും അതു സന്ദിഗ്ദ്ധാർത്ഥമായിട്ടാണു പ്രയോഗിച്ചിരിക്കുന്നതെന്നു മററുചിലർ വിചാരിക്കുന്നു. ആകെക്കൂടി നോക്കിയാൽ ആശാൻ അതു മോക്ഷാർത്ഥകമായിത്തന്നെയാണു പ്രയോഗിച്ചിരിക്കുന്നതെന്നു കാണാൻ പ്രയാസമില്ല. "സഹജേ നീ മുക്തിപാത്രമായ്" എന്നുള്ള അദ്ദേഹത്തിന്റെ പ്രയോഗം അതിനു സാക്ഷ്യം വഹിക്കുന്നു. എന്നാൽ ശ്രീ. പണിക്കർ പറയുന്നതു് മുക്തിപാത്രമായെന്നുവെച്ചാൽ

ഇനിയൊരുകാലത്തു മുക്തിക്കുള്ള പാത്രത അവൾക്കുണ്ടാമെന്ന് അതിൽനിന്നു മനസ്സിലാക്കണമെന്നാണ്. പന്തീരാണ്ടു കാലം കഴിയുമ്പോഴുണ്ടാകാൻപോകുന്ന കഥ പറയാനാണ് ഉപഗുപ്തൻ ചുടുകാട്ടിൽ പറന്നെത്തിയതെന്നു മനസ്സിലാക്കിയേച്ചാൽ പിന്നെ കവിക്ക് അതിലേറെ യോഗ്യതയൊന്നും വരാനില്ലല്ലോ. ഏതായാലും അങ്ങനെ മനസ്സിലാക്കാൻ ശ്രീ പണിക്കൎക്കു സാധിക്കുമെങ്കിൽ അതിനെപ്പററി ഇവിടാൎക്കും അസൂയപ്പെടാൻ തോന്നുന്നില്ല. ഇനി അതിരിക്കട്ടെ. വാസവദത്തയ്ക്കു കിട്ടിയതു "ശാശ്വതശാന്തിധന"മാണെന്ന് ആശാൻ പറയുന്നുണ്ട്. ഒരു പക്ഷെ ഇതിനു ശ്രീ. പണിക്കർ സ്വയം നൽകുന്ന അൎത്ഥം ശാശ്വതമെന്നു വച്ചാൽ മൂന്നേമുക്കാൽ നാഴികയെന്നും, ശാന്തിയെന്നുവച്ചാൽ അതിനുശേഷമുള്ള ജന്മമെന്നും മററുമായിരുന്നേക്കാം. ഇതെല്ലാം അജാമിളനെപ്പററിയുള്ള സ്വന്തം കഥപോലെ ചില സ്വന്തം അൎത്ഥങ്ങളെന്നല്ലാതൊന്നും പറയാനില്ല. ഈ വക അൎത്ഥങ്ങളൊന്നും പബ്ളിക്കാക്കാതിരിക്കുകയായിരുന്നു ഭേദം. ഏതായാലും, ശാശ്വതശാന്തി, മുക്തി പാത്രത മുതലായവയോടൊപ്പം പരിനിൎവ്വാണംകൂടി കാണുമ്പോൾ അതെല്ലാം മോക്ഷവാചികളാണെന്നല്ലാതെ മററു സംബന്ധങ്ങളൊന്നും ശ്രീ. പണിക്കരൊഴിച്ചാരും മനസ്സിലാക്കാൻ പോകുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വാസവദത്ത പരിനിർവാണയായില്ല. തുഷിതസ്വൎഗ്ഗംവരെ പോകുന്നതേയുള്ളു. ആശാൻ തുഷിതസ്വൎഗ്ഗത്തെപ്പററി പ്രസ്താവിച്ചതു് അതു് നിൎവ്വാണതുല്യമോ, നിർവാണം തന്നെയോ ആയതുകൊണ്ടാണെന്നു ബുദ്ധമതക്കാരുടെ തന്നെ വിശ്വാസത്തിൽ നിന്നറിയാം. എന്തെന്നാൽ അവരുടെ അഭിപ്രായത്തിൽ ശ്രീ ബുദ്ധനും എല്ലാ ബുദ്ധാവതാരങ്ങളും തുഷിതസ്വൎഗ്ഗത്തിൽ നിന്നാണുണ്ടാകുന്നതു്. ആ സ്ഥിതിക്ക് അതു മോക്ഷതുല്യമായ വൈകുണ്ഠംപോലെയാണു കവി ഗണിച്ചതെങ്കിൽ അതിൽ അത്ഭുതമൊന്നുമില്ല. നേരെമറിച്ച് അതിനെ മററുതരത്തിൽ വ്യാഖ്യാനിക്കുമ്പോൾ ശാശ്വതശാന്തി, മുക്തിപാത്രത, പരിനിർവാണം മുതലായവക്കെല്ലാം ഇല്ലാത്ത അൎത്ഥം സൃഷ്ടിക്കാനിടയാകയും അവ തമ്മിലുള്ള ബന്ധം ശിഥിലമാകയും ചെയ്യുന്നതാണ്. കവികളോട് ഇതിൽ കൂടുതൽ അപരാധമൊന്നും ആരും പ്രവൎത്തിക്കാനില്ലെന്നു കലയെപ്പററി ബോധമുള്ളവർ അറിയാതിരിക്കയില്ല. ശ്രീ. പണിക്കർ വിചാരവേദികൊണ്ടു സാധിച്ചതു് ആശാന്റെ കൃതിയിൽ ശേഷിച്ചിരുന്ന ഐക്യത്തെ ഇല്ലായ്മ ചെയ്കയാണെന്ന് അദ്ദേഹം അറിയുന്നില്ലെന്നേയുള്ളൂ.

തൽക്കാലം എന്റെ അന്നത്തെ സംശയങ്ങളെപ്പററിയെല്ലാം ഇവിടെ വിവരിക്കുന്നില്ല. അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല. ബുദ്ധമതത്തിലെ ചില സിദ്ധാന്തങ്ങളെപ്പററിയുള്ള ശ്രീ. പണിക്കരുടെ അബദ്ധബോധവും, പരസ്പരവൈരുദ്ധ്യവും, പ്രതിപാദിക്കുന്ന ഉദാഹരണങ്ങളെപ്പററിത്തന്നെയുള്ള അജ്ഞതയുമൊഴിച്ചാൽ വിചാരവേദിയിൽ കാൎയ്യമായൊന്നും ശേഷിക്കുന്നില്ല. എല്ലാവരും ബുദ്ധിശൂന്യരായിരിക്കുന്ന വല്ല നാട്ടുമുണ്ടെങ്കിൽ അവിടെ പ്രസിദ്ധീകരിക്കാൻ പററിയ ഒരു ഗ്രന്ഥമെന്നാണ് അതു വായിച്ചാൽ തോന്നുക. പക്ഷെ ഇന്നാട്ടിലെ കഥ അതല്ലല്ലോ.

# നക്ഷത്രപ്പാന

## വട്ടോളി കൊച്ചുകൃഷ്ണൻ നായർ

രാത്രിയിൽ നക്ഷത്രം നോക്കിയും, പകൽ അടിഅളവുമൂലവും നമ്മുടെ പൂർവ്വികർ സമയനിർണ്ണയം സാധിച്ചുവന്ന വസ്തുത സുവിദിതമാണല്ലൊ. മനുഷ്യനിർമ്മിതമായ ഘടികാരയന്ത്രങ്ങൾ വിവിധകാരണങ്ങളാൽ സമയത്തിനു നീക്കുപോക്കു വരുത്തിക്കൂട്ടുമെങ്കിലും പ്രസ്തുത പ്രകൃത്യുപാധികൾ സർവദാ സൂക്ഷ്മസമയംതന്നെ പ്രദർശിപ്പിക്കുന്നതു ആധുനികരിൽ ചുരുക്കംപേർക്കെങ്കിലും അനുഭവസിദ്ധമാണു്. പക്ഷേ, സൂചി നോക്കിയാൽ നിഷ്പ്രയാസം സമയമറിയാൻ സാദ്ധ്യമാകുമ്പോൾ, ക്ലേശാവഹമായ ഈ പുരാതനമാർഗ്ഗം,മനസ്സിലാക്കാനോ, സ്വീകരിക്കുവാനോ, ആരാണിഷ്ടപ്പെടുക? വാസ്തവമതായിരുന്നാലും, ആവക ശാസ്ത്രീയപദ്ധതികൾ സാമാന്യക്കാർക്കും സുഗ്രഹമാകുന്നതിനും, ഓർമ്മിച്ചുപഠിക്കുന്നതിനുംവേണ്ടി പൂർവികരായ സഹൃദയന്മാർ പാട്ടുകളായി രൂപപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെയുള്ള ഒരു പഴയപാട്ടാണു് നക്ഷത്രപ്പാന.

നക്ഷത്രപ്പാന അത്രവളരെ പഴക്കമുള്ള ഒരു കൃതിയാണെന്നു തോന്നുന്നില്ല. ഒരു മാന്യവൃദ്ധന്റെ മുഖത്തുനിന്നുമാണു് ലേഖകൻ ഈ പാട്ടുമായി പരിചയപ്പെട്ടതു്. ഈ കൃതി അച്ചടിച്ചിട്ടുള്ളതാണോ എന്നു നിശ്ചയമില്ല. സാഹിത്യലോകത്തിനു സുപരിചിതമല്ലെന്നു തീർച്ചയായതുകൊണ്ടും, അച്ചടിച്ചുകാണാത്തതുകൊണ്ടും പഴയ പാട്ടുകളുടെകൂട്ടത്തിൽ നക്ഷത്രപ്പാനയും ഉൾപ്പെടുത്താമെന്നു ലേഖകൻ വിചാരിക്കുന്നു.

ഈ പാട്ടിനു, പാന എന്നു നാമകരണം ചെയ്തതിന്റെ ഔചിത്യം ചിന്തനീയമാണു്. കൃഷ്ണഗാഥാവൃത്തമായ മഞ്ജരിയിലാണു് ഈ കൃതി നിർമ്മിച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു നക്ഷത്രഗാഥ എന്ന നാമമാണു ശരിയായിരിക്കുക. ദ്രുതകാകളി വൃത്തമായ സുപ്രസിദ്ധ പാനമട്ടു സ്വീകരിക്കാതെ ആ നാമംകൊടുത്തതു് പാന എന്ന പദത്തിനു പാട്ടു് എന്നർത്ഥം കല്പിച്ചായിരിക്കാം. അഥവാ, സാമാന്യനായ കവിക്കു വൃത്തഭേദമജ്ഞാതമായിരിക്കാം. പാന എന്നുപറയുന്ന ഒരുതരം പാത്രത്തിൽ കൊട്ടിപ്പാടുന്ന ഏതുതരം പാട്ടിനും പാന എന്നപദം ഉപയോഗിക്കാറുണ്ടെന്നും അനുമാനിക്കാവുന്നതാണു്.

നക്ഷത്രപ്പാനയുടെ പ്രാരംഭത്തിൽ ഒരു സുന്ദരി, ശാരികയെ അഭിസംബോധനം ചെയ്തു് "ക്ഷീരവും പാലും, പഴവുമിളനീരും-സാരമായുള്ളൊരു കരിമ്പിൻനീരും" തൃപ്തിയാംവോളം പ്രദാനം ചെയ്യുന്നു. ഈ അവതരണ പ്രതിപാദനരീതി എഴുത്തച്ഛന്റെ അനുകരണമാണെന്നു ന്യായമായി അനുമാനിക്കാവുന്നതുകൊണ്ടു്, നക്ഷത്രപ്പാനയുടെ ഉത്ഭവം എഴുത്തച്ഛന്റെ കാലത്തിനു ശേഷമാണെന്നു തീർച്ചയാക്കുന്നതിൽ അബദ്ധമില്ല. ഭാഷാരീതിയും ഈ തീരുമാനത്തിനു ഉപോൽബലകമായിരിക്കുന്നു.

വിശിഷ്ടഭോജ്യങ്ങൾ ആസ്വദിച്ചു്, ശാരിക തൃപ്തിയടഞ്ഞതിനുശേഷം പാന പാടുകയാണു്. "ചാതുര്യം തേടുന്ന മാതർ പലർ" കൂടിയിരിക്കുമ്പോൾ ഒരു സുന്ദരി അഭിപ്രായപ്പെടുന്നു.

"തോഴി നമുക്കു ധനുമാസംവന്നല്ലൊ
ഘോഷിക്കവേണം തിരുവാതിര"

തിരുവാതിര ഘോഷിക്കാൻ രാത്രിയിൽ ഏഴരനാഴിക ചെല്ലുമ്പോൾ തോഴിമാരെല്ലാവരും ഒന്നിച്ചുകൂടണമെന്നു നിർദ്ദേശിക്കപ്പെടുന്നു. അതുകേട്ട് മറെറാരു സുന്ദരി ഒരു വിഷമപ്രശ്നം അവതരിപ്പിക്കുന്നു. രാത്രിയിൽ ഏഴരനാഴിക ചെല്ലുന്ന സമയം എങ്ങനെയാണറിയുക? നക്ഷത്രം നോക്കിയാൽ സമയം അറിയാമല്ലൊ എന്നാണ് അതിനു പ്രത്യുത്തരം. പ്രശ്നകർത്താവിനു ആ മാർഗ്ഗം അറിഞ്ഞുകൂടാത്തതുകൊണ്ടു അതു പറഞ്ഞുകൊടുക്കണമെന്നാവശ്യപ്പെടുന്നു. അനന്തരം അശ്വതി തുടങ്ങിയ ഇരുപത്തേഴു നക്ഷത്രങ്ങളെക്കൊണ്ടു എങ്ങനെ സമയം നിശ്ചയിക്കാമെന്നു ഉപദേശിക്കുന്നു. നക്ഷത്രപ്പാനയുടെ അവതരണം ഏററവും സമഞ്ജസമായി, കവി സാധിച്ചിരിക്കുന്നുവെന്നു നമുക്കു സമ്മതിക്കാവുന്നതാണ്.

ഓരോ നക്ഷത്രത്തിൻേറയും ലക്ഷണം പറഞ്ഞിട്ട്, ആ നക്ഷത്രം ഉച്ചനിലയെ പ്രാപിക്കുമ്പോൾ ഏതു രാശിയിൽ എത്ര നാഴികയായി എന്നു പ്രതിപാദിക്കുന്നു. ലക്ഷണത്തെ അവലംബിച്ച് ആദ്യമായി ഉച്ചസ്ഥമായ നക്ഷത്രം കണ്ടു പിടിക്കുക. ഒരു ദിവസത്തെ പന്ത്രണ്ടു രാശികളായി വിഭജിച്ചിട്ടുള്ളതിൽ ഏതു രാശിയിലാണ് ആ നക്ഷത്രമെന്നറിഞ്ഞ് ആ രാശിയിൽ ചെന്ന നാഴിക കണക്കാക്കി സമയം നിർണ്ണയിക്കാവുന്നതാണ്. പ്രതിപാദനസ്വഭാവമറിയുന്നതിനു ഒന്നു രണ്ടുദാഹരണം ഉദ്ധരിച്ചുകൊള്ളുന്നു.

"കന്നൽമിഴിയെ, തിരുവോണം മൂന്നുമീൻ
പൊന്നിൻ നിറമാം, മുഴക്കോൽപോലെ
തെക്കു വടക്കായിരിക്കുമതുച്ചയ്ക്കു
മയ്ക്കണ്ണി മേടത്തിലൊന്നരയാം"

പ്രഥമരാശിയായ മേടം മുതൽ തുടങ്ങുന്നതിനായിരിക്കണം, ആ രാശിയിൽ സ്ഥിതി ചെയ്യുന്ന തിരുവോണം നക്ഷത്രം മുതൽ ആരംഭിക്കുന്നതു്. തിരുവോണം മൂന്നു നക്ഷത്രംകൂടിയതാണെന്നും, പൊൻനിറമാണെന്നും, അതിൻെറ നില തെക്കുവടക്കാണെന്നും, ആകൃതി മുഴക്കോൽപോലെയാണെന്നും അറിഞ്ഞാൽ ആ നക്ഷത്രം കണ്ടു പിടിക്കുക സുഗമമായിത്തീരുന്നു. ആ നക്ഷത്രം ഉച്ചയാകുമ്പോൾ മേടം രാശിയിൽ ഒന്നരനാഴിക കഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് എത്ര നാഴിക രാത്രിയായിരിക്കുന്നു എന്നു കണ്ടുപിടിക്കാനും വിഷമമില്ല. (270 വിനാഴികയാണ് മേടം രാശി.) മകയിരം നക്ഷത്രത്തെപ്പററി പ്രതിപാദിച്ചിരിക്കുന്നതു നോക്കുക.

"നാളികേരത്തിൻെറ കണ്ണുപോലെ
തോന്നും
നാളീകനേത്രേ മകീരം കണ്ടാൽ
കന്നിയിൽ ചെന്നിട്ടും കാൽ-
നാഴികയത്രും
നിർണ്ണയിച്ചല്ലൊ പറഞ്ഞിടുന്നു".

പ്രസ്തുത രീതിയിൽ ഇരുപത്തേഴു നക്ഷത്രത്തിൻേറയും ലക്ഷണം വിവരിച്ച് രാശിയിൽചെന്ന നാഴികയെത്രയെന്നു നക്ഷത്രപ്പാനയിൽ വിവരിക്കുന്നു.

ശാസ്ത്രീയവിഷയങ്ങൾ കവിതാരൂപമവലംബിക്കുമ്പോൾ കലാസൗന്ദര്യം കുറഞ്ഞു കാണുന്നതിൽ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. പഴയ പാട്ടുകളുടെ കർത്താക്കൾ സംസ്കൃതപാണ്ഡിത്യം കുറഞ്ഞ സാമാന്യകവികളാണെന്നുള്ളതും സ്മരണീയമാണ്.

ഗ്രന്ഥനിരീക്ഷണം 1

# പെൺബുദ്ധി

ഒരു കഥതന്നെ പല പ്രാവശ്യം നമ്മോട് പറഞ്ഞിട്ട്, വീണ്ടും അതുതന്നെ അനവധി പ്രാവശ്യം പറയാൻ 'യാതൊരു മടിയുമില്ലാത്ത ഒരാൾ വഴിയിൽ നമ്മുടെ നേരെ വരുന്നതുകണ്ടാൽ നാം വിചാരിച്ചുപോകാറില്ലേ 'അതാ നമ്മുടെ ആ പഴയ വിദ്വാൻ പഴയ കഥകളുമായി വരുന്നു' എന്ന്? ശ്രീമതി കെ. സരസ്വതി അമ്മയുടെ കഥകൾ വായിക്കേണ്ടിവന്നാൽ ഈ നിരൂപകനും പലപ്പോഴും അങ്ങനെ തോന്നിപ്പോകാറുണ്ട്. അതുമേൽ ഈ ഗ്രന്ഥകർത്രി സ്വയം സ്വതന്ത്രകളായ കേളീയ (ഭാരതീയ) വനിതാലോകത്തിന്റെ ആഴമില്ലാത്ത അഭിപ്രായങ്ങളും, ഫലിതങ്ങളും, ജയഘോഷങ്ങളും അനന്തമായി അങ്ങനെ മുഴക്കിക്കഴിഞ്ഞിരിയ്ക്കുന്നു. ഒരു സാഹിത്യകാരനോ സാഹിത്യകർത്രിയോ പ്രായേണ ഒരു കഥയുടെ പല പതിപ്പുകളെ സൃഷ്ടിയ്ക്കാൻ കഴിവുള്ള, അല്ലെങ്കിൽ മനസ്സുള്ള എന്നു വന്നാൽ അത് അപകടകരവും അഭിമാനകരമല്ലാത്തതുമായ ഒരു പരിമിതത്വം തന്നെയാണ്. ജോൺ ഗാൽസ്‌വർത്തി, അപ്ടൻ സിംക്ലയർ തുടങ്ങിയ സമുന്നത പ്രതിഭാശാലികളുടെ പ്രശസ്തിയ്ക്കുകൂടി ഇക്കാരണംകൊണ്ട് അല്പമൊക്കെ വാട്ടം വന്നുപോയിട്ടുണ്ട്. കലാസൃഷ്ടിയുടെ രൂപത്തിന് പുതിയ പുതിയ മോടി കൊടുക്കാൻ അവർക്ക് അപരിമിതമായ കഴിവുണ്ടായിട്ടുകൂടി എന്ന് പ്രത്യേകം പറയട്ടെ! ഗാൽസ്‌വർത്തി സാമാന്യം ദീർഘമായ ഒരു നിദ്രയ്ക്കുശേഷം ഒന്നുയന്നെഴുനേൽക്കാൻ തുടങ്ങിയിട്ടേ ഉള്ളൂ. അപ്ടൻ സിംക്ലയറെ ഈ പരിമിതത്വം എങ്ങനെ ബാധിച്ചിട്ടുണ്ടെന്ന് അറിയണമെങ്കിൽ, അദ്ദേഹത്തെ മറ്റൊരു അമേരിക്കൻ സാഹിത്യകാരനായ സിംക്ലയർലൂയിസുമായി തട്ടിച്ചുനോക്കിയാൽ മതി.

വിദ്യാഭ്യാസം, വിവാഹം, സമുദായാചാരം തുടങ്ങിയ വിഷയങ്ങളിൽ സ്ത്രീകൾ അനുഭവിയ്ക്കുന്ന പാരതന്ത്ര്യമാണല്ലോ ശ്രീമതി സരസ്വതിഅമ്മ തന്റെ കഥകളിൽക്കൂടി പലപ്പോഴും പ്രതിപാദിക്കാറ്. ഒൻപതു കഥകൾ ഉള്ള 'പെൺബുദ്ധി'യിലെ നാലു കഥകളിൽ വളരെ ഭംഗ്യന്തരേണയല്ലാതെ ഏതാണ്ട് ഇതുതന്നെയാണ് പ്രതിപാദ്യം. സ്ത്രീ അനുഭവിയ്ക്കുന്ന പാരതന്ത്ര്യത്തിനനുസരിച്ച് പുരുഷൻ സ്വാതന്ത്ര്യത്തിന്റെ അനുഭോക്താവുമാകുന്നുണ്ടീക്കഥകളിൽ. അഞ്ചാമതൊരു കഥയിൽ ("പരീക്ഷണം") അതേ പുരുഷനെത്തന്നെ ആത്മനിയന്ത്രണത്തിൽ വിശ്വാസമില്ലാത്ത ഒരു ഭീരുവായി ചിത്രീകരിച്ചിരിയ്ക്കുന്നു. ഇതെല്ലാം നല്ലതുതന്നെ. എല്ലാം കൂടി ചേർന്നാൽ ഒന്നു മൂളാൻ നല്ല ഒരു രാഗവുമായി. പക്ഷേ രാവിലെ മുതൽ വൈകുന്നേരംവരെ ഒരൊററ കളിപ്പണ്ടത്തിൽ ഒരൊററ സ്വരത്തിൽ പീപ്പീപ്പീ വിളിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു കൊച്ചുകുട്ടി പോയി ഉറങ്ങാൻ പറഞ്ഞിട്ടും ആ പീപ്പീപ്പീ വിളി വിടാതെ അവിടെത്തന്നെ അങ്ങനെ ഇരിയ്ക്കുന്നതുപോലെ ഈ ഗ്രന്ഥകർത്രിയും തുടങ്ങരുതെന്നേ അപേക്ഷയുള്ളൂ.

കാര്യമൊന്നും പുതിയതായി ഇല്ലാതെ കഥ എഴുതാൻ തുടങ്ങിയിട്ട്, വക്രങ്ങളോ ബാലിശങ്ങളോ ആയ ഫലിതങ്ങളും, പുതുമയോ കഴമ്പോ ഇല്ലാതെ, പലരും പറഞ്ഞുകൊണ്ടിരിയ്ക്കുന്ന നാലാംകിട ലോകനിരീക്ഷണോക്തികളും അങ്ങനെ ഉരുവിട്ടുകൊ

ണ്ടു് ഗ്രന്ഥകർത്രി സമയവും പുറവും നിറയ്ക്കുമ്പോഴാണു് നിരൂപകന്റെ ക്ഷമയ്ക്കു് അറുതിവരുന്നതു്. അമ്മാതിരിയുള്ള വ്യക്തികൾ ജീവിതത്തിലെന്നപോലെ സാഹിത്യത്തിലും മുഷിപ്പന്മാരാണു്. ഒരു നേരിയ കഥാതന്തുവിൽ തൂങ്ങിക്കിടന്നുകൊണ്ടു്, ജീവിതത്തെയും മനുഷ്യനെയും കുറിച്ചുള്ള മൗലികതത്വങ്ങളെ സാക്ഷാൽ ഫലിയ്ക്കുന്ന ഫലിതങ്ങളിൽ പറഞ്ഞു് വായനക്കാരെ പഠിപ്പിയ്ക്കുകയും രസിപ്പിയ്ക്കുകയും ചെയ്കയെന്നതു് സമനുഗ്രഹീതരായ സാഹിത്യമാന്ത്രികന്മാർക്കുമാത്രം കഴിയുന്നൊരു വിദ്യയാണു്. നാടകങ്ങളിൽക്കൂടി അതു ഷാവും (ആദ്യകാലങ്ങളിൽ ഷാ എഴുതിയ വളരെ പ്രസിദ്ധങ്ങളല്ലാത്ത ചില കഥകളിൽനിന്നു് കഥാമാർഗ്ഗേണയും അതു നിർവഹിയ്ക്കാൻ ഷായ്ക്കു് കഴിയുമെന്നു തെളിയുന്നു) ആഖ്യായികകൾ മുഖേന അതു് സിംക്ലയർ ലൂയിസും സമർത്ഥമായി നിർവഹിച്ചിട്ടുണ്ടു്. പെൺബുദ്ധിയിലെ പല പുറങ്ങളും ഏതാദൃശമായ ഒരു സംരംഭത്തിന്റെ പരാജയം കാണിയ്ക്കുന്നൊന്നു പറഞ്ഞേ തീരൂ.

ഇപ്പുസ്തകത്തിലെ ഫലിത പ്രയോഗങ്ങളിൽ അധികവും വളച്ചുകെട്ടിയുള്ളവയോ ബാലിശങ്ങളോ ആണെന്നു പറഞ്ഞല്ലോ. രണ്ടാംവകുപ്പിൽപ്പെടുന്നവയാണു് അധികവും. ഇതിലെ ചില ഫലിതങ്ങൾ വായിച്ചു രസിച്ചുകൊണ്ടിരുന്ന ഏഴെട്ടുവയസ്സുകാരനായ ഒരു ബാലനാണു് നിരൂപകന്റെ ഈ നിഗമനത്തിനു് ഉപോൽബലകം. ഇതെഴുതുന്നയാൾ പുസ്തകം വായിച്ചതിനു ശേഷം ബാലിശങ്ങൾ എന്നു് അടയാളപ്പെടുത്തിയിരുന്ന ചില ഫലിതങ്ങൾ ആയിരുന്നു താനും അക്കുട്ടിയുടെ ഫലിതരസത്തിനു് ഉദ്ദീപകമായിരുന്നതു്.

അലസമായിട്ടു് ഇഴയുന്ന ഒരു നിർജ്ജീവ ഫലിതരസംവരെയേ ഗ്രന്ഥകർത്രിയുടെ ഫലിതപ്രവർത്തനം ഉയർന്നിട്ടുള്ളെങ്കിൽ, "പെൺബുദ്ധി"യിലെ ഭാഷാശൈലിയും ഏതാണ്ടു് അതിനു് അനുയോജ്യമാണു്. ഓജസ്സു് ആ ശൈലിയുടെ ഒരു പ്രത്യേക ഗുണമല്ല. ചിലേടങ്ങളിൽ പ്രത്യേകിച്ചു് പൂർവകാലകഥകൾ പറയുമ്പോൾ (പേ: 18–19) ഭാഷ തികച്ചുമൊരു വൈചിത്ര്യമോഹിയായ രണ്ടാംകിട സാഹിത്യകാരന്റേതുപോലെ ആകുന്നുണ്ടു്. ബൈറണെക്കുറിച്ചു് ഒരു വിദ്യാർത്ഥി എഴുതിയ ഉപന്യാസത്തിൽ, വെറും വൈചിത്ര്യത്തിനുവേണ്ടി ആ കവിയെ "ചൈൽഡ് ഹാരോൾഡിന്റെ കർത്താവു്" "പ്രഭുകവി" എന്നും മററും പല വിധത്തിൽ വിളിച്ചിരുന്നതിനെക്കുറിച്ചു് സർ. ആർതർ കില്ലർ കൂച്ച് (ക്യൂ) എന്ന ഓക്സ്ഫോർഡു് പ്രഫസ്സറും സാഹിത്യകാരനും ഒരിക്കൽ പ്രസ്താവിച്ചിരുന്നതാണു് ഇവിടെ ഓർമ്മയിൽ വരുന്നതു്.

ഇത്രയും ഇപ്പുസ്തകത്തെക്കുറിച്ചു് ഖണ്ഡനപരമായി പറഞ്ഞിട്ടു് ഒരു നല്ല വാക്കു്. 'പ്രഥമരാത്രി' 'പ്രേമഫലം' 'വൈസ്രായി സന്ദർശനം' ഇവ ഈ പുസ്തകത്തിലെ നല്ല കഥകളാണു്. ഇവയിൽ 'പ്രഥമരാത്രി' മുൻസൂചിപ്പിച്ച, പിൻകഥ പറയുന്നതിൽ ഉള്ള ആ കഴിവുകേടു കൊണ്ടു് അല്പം ഒന്നു വികലമാകുന്നുണ്ടു്. കാളേജിലും മററും പഠിക്കുന്ന പരിഷ്കൃതകളായ സ്ത്രീകളുടെ, മിക്കവാറും സങ്കല്പമാത്രങ്ങളായ പ്രശ്നങ്ങളും പ്രയാസങ്ങളുമെല്ലാം സാധാരണയായി തന്റെ കഥകളുടെ വിഷയമാക്കാറുള്ള ഗ്രന്ഥകർത്രി, "വൈസ്രായി സന്ദർശന"ത്തിൽ ഒരു സാധാരണക്കാരിയേയും അവരുടെ കുടുംബത്തേയും, അവർ അധികാര-

വർഗ്ഗത്തിൻെറ പക്കൽനിന്ന് സഹിക്കേണ്ടിവരുന്ന പീഡയേയും ചിത്രീകരിയ്ക്കുകയാണ് ചെയ്യുന്നതു്. അതിൽ ഏറെക്കുറെ വിജയിച്ചിട്ടുമുണ്ട്. എങ്കിലും സംഭാഷണവും മററും ചിലേടത്തു് [പേ: 164] അസ്വാഭാവികമാകുന്നുണ്ടെന്നും പറയേണ്ടിയിരിയ്ക്കുന്നു. 'പ്രേമഫലം' ഒരു ഒന്നാംതരം കഥയാണ്. ഒരു പരിമിതമായ കാലയളവിൽ നടക്കുന്ന ഒരു സംഭവത്തിൽക്കൂടി, അതിൻെറ പിന്നിലെ കഥയും, അതിൻെറ എല്ലാം മൂലത്തിലുള്ള വിഭിന്ന വികാരങ്ങളും, വിഭിന്ന ജീവിത വീക്ഷണവും, അവയുടെ സംഘട്ടനവും ചിത്രീകരിക്കുന്നതിൽ ഗ്രന്ഥകർത്രി തികച്ചും വിജയിച്ചിട്ടുണ്ട്. മററു കഥകളിൽ ചിലതിനെ വികലമാക്കിയ ആ ഭാവൈകാഗ്ര്യതയുടെ ശൈഥില്യം ഇതിൽ തീരെ ഇല്ലെന്നു പറയാം. കലാകാരന്മാർക്ക് പലപ്പോഴും തങ്ങളുടെ ബലവും ബലഹീനതയും എവിടെയെന്ന് അറിയാൻ കഴികയില്ലെന്ന് പറയപ്പെടുന്നതു് ശരിയാണെങ്കിൽ, ശ്രീമതി സരസ്വതിഅമ്മയോട്ട് ഒരു വാക്ക് ഉപദേശരൂപേണ. ഭാവൈകാഗ്ര്യംകൊണ്ട് പിരിമുറുകിയ "പ്രേമഫലം"പോലെയുള്ള കഥകളിൽ ആണ് ഗ്രന്ഥകർത്രിയുടെ പ്രതിഭ ഏററവും ഫലവത്താകുന്നതെന്നാണ് ഈ നിരൂപകൻെറ അഭിപ്രായം. ഭാവൈകാഗ്ര്യത്തിൻെറ തോഴിയായിവരുന്ന ഭാഷതന്നെ സ്വയം പിരിമുറുകിപ്പോകുന്നതു് ഈ കഥയിൽ കാണാം. മററുള്ളവയുണ്ടല്ലോ, ഫലിതത്തിലും സിനിസിസത്തിലുംകൂടി ജീവിതചർച്ച ചെയ്യുന്നൊന്നു വിചാരിക്കപ്പെടാവുന്ന ആ കഥകൾ, അവ ആ പ്രതിഭയോട്ട് നീതി ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ ആ രീതി ആ പ്രതിഭയ്ക്കു യോജിച്ചതല്ല.

ഗ്രന്ഥകർത്രി:- കെ. സരസ്വതിഅമ്മ
പ്രസാധകർ:- നാഷണൽ ബുക്സ്റ്റാൾ
കോട്ടയം.
വില രൂപാ 1. അണ 8.


# ശബ്ദതാരാവലി
## മലയാളനിഘണ്ടു
(പരിഷ്കരിച്ച നാലാം പതിപ്പ്)

മലയാളികൾക്ക് അപരിത്യാജ്യമായ ഒരു കോശഗ്രന്ഥം. ഇന്നുള്ള ഭാഷാനിഘണ്ടുക്കളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതെന്നല്ല, കൂലങ്കഷമായ ഭാഷാപരിചയത്തിനു പര്യാപ്തമായതെന്നു പണ്ഡിതന്മാർ പരക്കെ സമ്മതിച്ചിട്ടുള്ള ഈ ബൃഹത്കോശത്തിൻെറ ഒന്നാം വാല്യം തയാർ. ആകെ 1030 പുറമുള്ള ഈ വാല്യത്തിൽ എട്ടു ലക്കങ്ങൾ അടങ്ങിയിരിക്കുന്നു. ഏകദേശം ഇത്രയും വരുന്ന രണ്ടാംവാല്യം ഉടനെ പുറപ്പെടുന്നതാണ്. ഒന്നാം ഭാഗം വില രൂ. 12.

കെ. മാത്യു,
ലൈബ്രേറിയൻ,
ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം.

ഗ്രന്ഥന രക്ഷണം 2

# പമ്പവിളക്ക്

"പമ്പവിളക്ക്," "പെണ്ണുകാണല്" "ഷഷ്ടി പൂർത്തിദിനത്തിൽ" '·മധുവിധു" "അഴുതാ തീരത്തിൽ" "കണക്കു ക്ലാസ്സിൽ" "താരുണ്യത്തിന്റെ ചുട്ടകാട്ട്" "ഭാവന" "ആരാധകൻ" "അളകങ്ങൾ" എന്നിങ്ങനെ പത്തു കഥകളാണു് ഈ പുസ്തകത്തിലെ ഉള്ളടക്കം.

"പമ്പവിളക്ക്" "അഴുതാതീരത്തിൽ" എന്നീ രണ്ടു കഥകളും അകൃത്രിമരമണീയമായ വന്യപ്രകൃതിസൗന്ദര്യത്തേയും, അതുപോലെതന്നെയുള്ള മനുഷ്യവികാരത്തേയും മനോഹരമായി ചിത്രീകരിച്ചു് എഴുതിയിട്ടുള്ളവയാണു്. മുൻപൊരു കൊല്ലം മലയിലേയ്ക്കുള്ള യാത്രയിൽ മലയിൽവച്ചു മരണമടഞ്ഞ അമ്മയുടെ ശോകപൂർണ്ണമായ സ്മരണയെ, ആ വനാന്തർഭാഗത്തു് ആണ്ടുതോറും ഒരു വിളക്കു കത്തിച്ചു് ഒരു മകൻ നിലനിർത്തുന്നതാണു് ആദ്യത്തെ കഥയിലെ പ്രതിപാദ്യം. അഴുതാതീരത്തെ കാട്ടിൽ വഴി തെററിയ തനിയ്ക്കു് നേരായ വഴി കാണിച്ചു് തന്നെ മരണത്തിൽനിന്നു് രക്ഷിച്ച അരയപ്പെൺകിടാവിനെ ആണ്ടുതോറും ഒരയ്യപ്പൻ തേടുന്നതാണു് രണ്ടാമത്തെ കഥ. അകൃത്രിമവും തരളവുമായ വികാരങ്ങൾ രണ്ടിലും. അതിനു് അനുസരണം വികാരമസൃണമായ ഭാഷയും.

പെണ്ണുകാണൽ പെണ്ണിന്റെ നിരാശയിലും ശോകത്തിലും പര്യവസാനിയ്ക്കുന്നതാണു് 'പെണ്ണുകാണലലി'ലും 'ഷഷ്ടി പൂർത്തിദിനത്തിലും' പ്രതിപാദിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. ഒരു യുവതിയെ, അവർ മുൻപൊരു പ്രാവശ്യം ഗർഭവതിയാകാൻ ഇടയാക്കിയ പുരുഷൻതന്നെ ആളറിയാതെ വിവാഹാർത്ഥം കാണാൻ വരികയും അവർക്കു് പരസ്പരം ആൾ മനസ്സിലാകുകയും 'അതിന്റെ ഫലവും മററുമാണു് പെണ്ണുകാണലി'ലെ കഥ. വളരെക്കാലമായി രണ്ടാംകിടയിലുള്ള കാഥികന്മാർ വായനക്കാർക്കു് മുഷിപ്പു വരുവോളം കൈകാര്യം ചെയ്തിട്ടുള്ള ഒരു കൃത്രിമ പ്രതിപാദ്യം. യുവതിയ്ക്കു് ഗർഭമുണ്ടാകുവോളം സാമാന്യം ദീർഘമായ സമ്പർക്കം പുലർത്തിയ യുവതീയുവാക്കൾ അവരുടെ പശ്ചാത്തലങ്ങൾ മനസ്സിലാക്കിയില്ലെന്നുള്ളതോ പോകട്ടെ, നമ്മുടെ ഇന്നത്തെ സാമുദായികസ്ഥിതിയിൽ 'പെണ്ണുകാണാ'ൻ വരുന്ന 'കൊച്ചു'ന്റെ പൊടിവേരുകൾവരെ പെണ്ണിന്റെ വീട്ടുകാരും തട്ടാരാ പെണ്ണും കുഴിച്ചു കുഴിച്ചു് കണ്ടുപിടിച്ചില്ലെന്നുള്ളതു് അതിലും അത്ഭുതം. ഒക്കെ കൃത്രിമത തന്നെ! എന്നാൽ വിവാഹത്തെ സ്ത്രീജന്മത്തിന്റെ പരമോദ്ദേശമായും, അവിവാഹിതയായിരിയ്ക്കുകയെന്നതു് ഒരു സ്ത്രീയ്ക്കുണ്ടാകാവുന്ന ഒരു വലിയ അത്യാഹിതമായും കരുതിവരുന്ന ഒരു സമുദായത്തിൽ ഒരു 'പെണ്ണുകാണൽ' ഒരു യുവതിയുടെ ഹൃദയത്തെ അവളുടെ മാത്രമല്ല അവളുടെ അച്ഛനമ്മമാരുടെക്കൂടി ആശകളും ആശങ്കകളും എത്ര നിശിതമായി സമ്മർദ്ദിക്കുന്നൊന്നോ, അലസിപ്പിരിഞ്ഞ ഓരോ പെണ്ണുകാണലും ഒരു പെൺകുട്ടിയുടെ ആത്മവിശ്വാസത്തെ എത്രമേൽ ചവുട്ടി മെതിയ്ക്കുന്നൊന്നോ ഒന്നും ഈ കൃത്രിമകഥാവസ്തുവിൽക്കൂടി ചുഴിഞ്ഞുനോക്കി കണ്ടുപിടിച്ചുപറയുന്നതിനു് ശ്രീ. നാഗവള്ളിയ്ക്കു

ഒട്ടു കഴിഞ്ഞിട്ടുമില്ല. "ഷഷ്ടിപൂർത്തിദിനത്തിൽ" എന്ന കഥയിൽ പെണ്ണുകാണലിനെ ഒരല്പംകൂടി പ്രൗഢമായി കൈകാര്യം ചെയ്തിട്ടുണ്ട്. ഒരു പ്രസിദ്ധസാഹിത്യകാരന്റെ 'പെണ്ണുകാണലി'ന് വിധേയയായിട്ട് പരിത്യക്തയായ ഒരു പെൺകുട്ടി, അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിദിനത്തിൽ അദ്ദേഹത്തിനൊരു കത്തെഴുതുന്നതാണ് കഥ. അങ്ങനെ ഉപേക്ഷിച്ചെങ്കിലും ഞാൻ അതിനുശേഷം മററൊരാളെ വിവാഹം ചെയ്തെങ്കിലും ഞാൻ അയാളുമായി കേവലം യാന്ത്രികമായ വിവാഹബന്ധമേ പുലർത്തിയിരുന്നുള്ളു എന്നും, എന്നുമേ അങ്ങിൽത്തന്നെ അനുരാഗവതിയായിരുന്നെന്നും മററും മററും ആണ് കത്തിലെ ഉള്ളടക്കം. അല്പമൊരു മധുരമുണ്ടെങ്കിലും ഒട്ടൊരു വഴവഴപ്പുമുള്ള ഒരു റൊമാൻറിക് കുഴപ്പമാണ് കഥാവസ്തു.

"കണക്കു ക്ലാസ്സിൽ" "ഭാവന" "അളകങ്ങൾ" എന്നീ കഥകൾ സമുദായ വ്യവസ്ഥിതിയുടെ അസമത്വംകൊണ്ട് അവശത അനുഭവിയ്ക്കുന്നവരെ അധികരിച്ചുള്ളവയാണ്. അവശരുടെ വികാരങ്ങൾക്ക് ശബ്ദം നൾകുന്നതിന് 'കണക്കു ക്ലാസ്സിൽ' 'അളകങ്ങൾ' എന്നീ കഥകളിൽ കാഥികന് ഏറെക്കുറെ സാധിച്ചിട്ടുണ്ട്. പക്ഷെ ആദ്യത്തെ കഥയ്ക്ക് ഒരു ലാഘവവും രണ്ടാമത്തേതിന് ഒരു കൃത്രിമതയും ഉണ്ടെന്നും പറയേണ്ടിയിരിയ്ക്കുന്നു. 'ഭാവന' ഒരു കഥയല്ല. അക്കാര്യത്തിൽ അതു് ഏണസ്റ്റ് ഹെമിംഗ്‌വേ എന്ന അമേരിക്കൻ കഥാകൃത്തിന്റെ ചില കഥകളേ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ഹെമിംഗ്‌വേയുടെ 'First Forty seven Stories' കഥാസമാഹാരത്തിലെ ഒരു നല്ല അംശം കഥകളും വാസ്തവത്തിൽ കഥകളല്ല. അവ ആ വിധത്തിൽ വിമർശിക്കപ്പെട്ടിട്ടുമുണ്ട്.

"ആരാധകൻ" എന്ന കഥയിൽ ഒരു ഡോക്ടർ, കാറപകടത്തിൽപെട്ട് സൗന്ദര്യഭംഗംവന്ന് വെറും പേക്കോലമായ് തീർന്ന തന്റെ ആരാധനാവിഗ്രഹത്തെ, ആ നിലയിൽ വച്ചുകൊണ്ടിരിയ്ക്കുന്നതു് അതിനോടു് ചെയ്യാവുന്ന ഏററവും വലിയ അപരാധമാണെന്ന ധാരണയിൽ മരുന്നു കുത്തിവച്ച് കൊന്നുകളയുന്നതാണ് പ്രതിപാദ്യം. തലകുത്തി നിന്നുകൊണ്ടുള്ള ഒരു സൗന്ദര്യപൂജ! അതോ കേവലം ശാരീരികവും!

ഇനിയും ഈ പുസ്തകത്തിലെ ഏററവും നല്ല കഥയെന്ന് ഞാൻ അഭിപ്രായപ്പെടുന്ന കഥയെ കുറിച്ച്. അച്ഛൻ വളരെ സത്യസന്ധനായ ഒരുദ്യോഗസ്ഥനായിരുന്നതിനാൽ, അവിവാഹിതകളായി നിന്നുപോകുന്ന ആറു യുവതികളുടെ കഥയാണ് "താരുണ്യത്തിന്റെ ചുടുകാട്ട്". അത്യന്തം ശോകാത്മകമായ ആ കഥ ഭാവത്തിന് ഒരു കോട്ടവും ഒരു ഘട്ടത്തിലും വരാതെ പറയാൻ ശ്രീ. നാഗവള്ളിയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഏതാദൃശമായ ഒരു കഥാവസ്തുവിനെ കൈകാര്യം ചെയ്യുമ്പോൾ കഥാവസ്തുവുമായി ഒരു നേരിയ ബന്ധം മാത്രംവച്ചുകൊണ്ട്, ഇന്നത്തെ സാമുദായിക സ്ഥിതിയേയോ മററോ കുറിച്ച് ഉപന്യസിയ്ക്കാൻ പല കാഥികർക്കും ഉണ്ടാകാറുള്ള ആ പ്രലോഭനത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ ശ്രീ. നാഗവള്ളിയ്ക്കു കഴിഞ്ഞിട്ടുമുണ്ട്. ഭാവതീവ്രതയ്ക്ക് ഭംഗം വരാതെ കഥ അങ്ങോട്ടു പറയുന്നതിൽ മാത്രം ശ്രദ്ധ വച്ചുകൊണ്ടായിരിയ്ക്കാം ആ കഥ നമ്മുടെ ഹൃദയത്തിൽ നല്ലവണ്ണം തട്ടുന്നതും, നാമുമായിട്ടേകീഭവിച്ച്, അതിന് എന്തെങ്കിലും സന്ദേശം നൾകാനുണ്ടെ

ങ്കിൽ അതു് ബഹളം കൂടാതെ നമ്മിലേയ്ക്കു് അങ്ങനെ പകരുന്നതും.

ഈ ഘട്ടത്തിൽ സമാഹാര ഗ്രന്ഥങ്ങളെക്കുറിച്ചു് ഒരു വാക്കു്. ഒരു സമാഹാരഗ്രന്ഥത്തിന്റെ ഘടകങ്ങൾ തമ്മിൽ ഭാവൈകരൂപ്യം വേണമെന്നില്ല. പക്ഷേ ഭാവൈകാഗ്ര്യത്തിനു് ഐകരൂപ്യം ഉണ്ടായിരിയ്ക്കുന്നതു് നല്ലതു്. സമുൽക്കടമായ ശോകത്തിന്റെയും സമുൽക്കടമായ ഹാസത്തിന്റെയും ഉറവയായ വികാരവും, അതിന്റെ തീവ്രതയും ഒന്നുതന്നെയാണല്ലോ. വളരെ ചിരിയ്ക്കേണ്ട സന്ദർഭത്തിൽ ആളുകൾ വാവിട്ടു കരയുന്നതും, വളരെ കരയേണ്ട സന്ദർഭത്തിൽ ചിരിച്ചു മണ്ണുകപ്പുന്നതും ഇതുകൊണ്ടുതന്നെ. ഇതിൽനിന്നു് സിദ്ധിയ്ക്കുന്നതു് ഒന്നാംകിടയിലുള്ള ഒരു ശോകാത്മക കഥയും നാലാംകിടയിലുള്ള ഹാസാത്മക കഥകളുംകൂടി ഒരൊറ്റ കാഥികന്റെ കഥകളുടെ സമാഹാരമായ ഒരു ഗ്രന്ഥത്തിൽ ഇണങ്ങിച്ചേരുന്നില്ലെന്നാണു്. സമാഹാര ഗ്രന്ഥത്തിൽനിന്നു് ഉടലെടുക്കുന്ന ആകപ്പാടെയുള്ള കാഥികസ്വരൂപത്തിന്റെ ഭദ്രതയെ, കാഥികനോടു് അനീതി ചെയ്യുംവണ്ണം അതു് വികലമാക്കുന്നു.

ഗ്രന്ഥകാരൻ:—നാഗവള്ളി
പ്രസാധകർ:— വിജയാ പ്രിൻറിംഗ്
ആൻഡു് പബ്ലിഷിംഗ് ഹൗസ്
ഇരിങ്ങാലക്കുട. വില. 1 ക.


# ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും
## 16 വിശിഷ്ട ഗ്രന്ഥങ്ങൾ. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തർജിമകൾ.

"........ഈ ഗ്രന്ഥങ്ങൾ അവശ്യം വരുത്തി വായിക്കേണമെന്നും, അന്ധവിശ്വാസങ്ങളെ അടിയോടെ തകർക്കുന്നതിനു് ഇത്രനല്ല ഉള്ളുറപ്പോടുകൂടി എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഭാഷയിൽ വേറെ ഇല്ലെന്നും, പല സ്നേഹിതന്മാർക്കും വായനശാലകൾക്കും എഴുതിക്കൊണ്ടിരിക്കയാണു്........"

കവി: കെ. സി. കേശവപിള്ള (തിരുവനന്തപുരം.)

"........മതവും മതവും തമ്മിലും ജാതിയും ജാതിയും തമ്മിലും ഉള്ള മത്സരങ്ങൾ മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്ന ഇക്കാലത്തു് ഈ മാതിരി ഗ്രന്ഥങ്ങൾ മനുഷ്യസമുദായത്തിനു് പല നന്മകളും ചെയ്യാൻ കഴിയുന്നതാണു്........"

ഗ്രാമസ്വരാജിൽ—എം. പി. രാഘവക്കുറുപ്പു്. എം. എ.

മോക്ഷപ്രദീപം Rs. 2/- ഇംഗ്ലീഷിൽ Rs. 5/- തമിഴിൽ Rs. 3/- ഹിന്ദിയിൽ Rs. 2/8
ആനന്ദാദർശം Rs. 2/8 ആനന്ദസൂത്രം Rs. 1/4 ആനന്ദവിമാനം Rs. 1/4.
തുടങ്ങിയ 16 സിദ്ധഗ്രന്ഥങ്ങൾ. തപാൽ ചെലവു് പുറമേ.

ആവശ്യപ്പെടുക:— ബ്രഹ്മാനന്ദ സ്വാമി ശിവയോഗി സിദ്ധാശ്രമം.
(ലഘുലേഖനങ്ങൾ സൗജന്യം) P. O. ആലത്തൂർ (ALATUR) S. മലബാർ.

ഗ്രന്ഥനിരീക്ഷണം 3

# ബ്ളീച്ച്

അഞ്ചു കഥകൾ ആണു് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ഒന്നാമത്തേതു് കോട്ടയം ശക്തൻ തമ്പുരാനെയും രാമയ്യൻ ദളവയെയും കുറിച്ചുള്ള ഒരു ഐതിഹ്യമാണു്. രാമയ്യന്റെ ഒരു ആൾമാറാട്ടവും മറവുമാണു് കഥ. ഒടുവിൽ ശത്രുപാളയത്തിൽ ചാരവൃത്തി നടത്തിയ അദ്ദേഹത്തെ ശത്രു തന്നെ ബഹുമാനിച്ചു് അയയ്ക്കുന്നുമുണ്ടു്! "രണ്ടാം വേളി", "മിശ്രവിവാഹം" "സ്ത്രീധനംവേണ്ട" എന്നീ മൂന്നു കഥകൾ വിവാഹാദിവിഷയങ്ങളിൽ നമ്പൂതിരി സ്ത്രീകൾ അനുഭവിക്കുന്ന പാരതന്ത്ര്യത്തെയും, നമ്പൂതിരി യുവാക്കന്മാരുടെ പരിഷ്കാരേച്ഛയേയും അധികരിച്ചുള്ളവയാണു്. കാര്യം നല്ലതുതന്നെ. പക്ഷേ കഥകൾക്കു് ആകപ്പാടെ ഒരു കഴമ്പില്ല. ഊണും കഴിഞ്ഞു് ഒന്നിനെയും കുറിച്ചെന്നു് ഇല്ലാതെ വെടിയും പറഞ്ഞു്, ചിലചില്ലറ ഫലിതങ്ങളും പ്രയോഗിച്ചു്, അങ്ങനെ സമയം കഴിക്കുന്ന ഒരു ആനന്ദകരമായ നമ്പൂതിരി സമ്പ്രദായമുണ്ടായിരുന്നല്ലോ, ഐശ്വര്യവും വിശ്രമവും ആ സമുദായത്തിനെങ്കിലും ധാരാളമുണ്ടായിരുന്ന ഒരു കാലത്തു്; ആ സമ്പ്രദായത്തിന്റെ ഒരു പുനർദർശനം ഈ കഥകളിൽ നിന്നു് കിട്ടുന്നുണ്ടു്. ഈ കഥകളുടെ ഭാഷയും, ഗതിവേഗവും, ഓജസ്സും എല്ലാംതന്നെ അക്കാലത്തിനു് ഉചിമാണു്. ആകപ്പാടെ ഒരു ഇഴഞ്ഞമട്ടു്. എങ്കിലും ഈ പുസ്തകത്തിലെ "സ്ത്രീധനം വേണ്ട" "കല്യാണത്തിരക്കിൽ" എന്നീ കഥകൾ കഥാകാരന്റെ കഴിവുകളെ കാണിക്കുന്നു. സംഭവങ്ങളെ സ്വാഭാവികമായിത്തന്നെ ഒരു ഫലിതാവസാനത്തിലേയ്ക്കു് തിരിച്ചുവിടാൻ ശ്രീ. ഭട്ടതിരിപ്പാടിനു് കഴിവുണ്ടെന്നു് അവ കാണിക്കുന്നു. ഈ പുസ്തകത്തിനു് ഇനി പതിപ്പുകൾ ഉണ്ടാകുന്നെങ്കിൽ ഉണ്ടാകട്ടെ!—"സ്ത്രീധനംവേണ്ട" എന്ന കഥയ്ക്കു്, സ്ഥൂലമായ ആ തലക്കെട്ടിനെക്കാൾ നല്ലതു് "ബ്ളീച്ചു്" എന്നായിരിക്കുമെന്നു് അഭിപ്രായപ്പെടുന്നു. കഥയുടെ സാരാംശം അതു് ഗുളികപ്രായത്തിൽ ഉൾക്കൊള്ളുന്നെന്നാണു് തോന്നുന്നതു്. സമാഹാരത്തിന്റെ പേരും 'ബ്ളീച്ചു്' എന്നുതന്നെയാണല്ലോ.

കെ. രാഘവൻപിള്ള.

ഗ്രന്ഥകർത്താ:- ടി. എസ്സ്. ഭട്ടതിരിപ്പാട്.

വില. 12 ണ:

# ഗ്രന്ഥശാലാവാർത്തകൾ

## ഗ്രന്ഥശാലാപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

### I

1950-51ലെ ഗ്രാൻറിനുള്ള രസീതുകൾ യഥാകാലം അയച്ചുതരാതിരുന്നതുമൂലം പല വായനശാലക്കാരുടേയും ഗ്രാൻറുതുക നഷ്ടപ്പെടുവാനിടയായി. എന്നാൽ സംഘത്തിൻെറ തുടരെയുള്ള നിവേദനങ്ങളുടെ ഫലമായി ടി തുക ഗവമ്മെൻറു വീണ്ടും അനുവദിച്ചിരിക്കയാണ്. എഡ്യൂക്കേഷൻ ഡയറക്ടർ തുക അതതു വായനശാലകൾക്ക് അയച്ചുകൊണ്ടിരിക്കുന്നു. ഗ്രാൻറുതുക കൈപ്പററി രണ്ടാഴ്ചയ്ക്കകം പുതിയ പുസ്തകങ്ങൾ വാങ്ങി ഡ്യൂപ്ളിക്കേററ് ബില്ല് സംഘത്തിലേയ്ക്കു അയച്ചുതരേണ്ടതാണ്.

### II

വായനശാലാകെട്ടിടങ്ങൾക്ക് ആവശ്യമുള്ള തടി ഗവർമ്മെൻറിൽനിന്നും സൗജന്യമായി ലഭിക്കണമെന്നു കാണിച്ച് തിരു-കൊച്ചി ഗ്രന്ഥശാലാസംഘം തുടരെ നടത്തിയ നിവേദനങ്ങളുടെ ഫലമായി, ഏതെല്ലാം വായനശാലകൾക്ക് എത്രമാത്രം തടി വേണ്ടിവരുമെന്ന് ഒരു വിശദവിവരം ഗവർമ്മെൻറു ആവശ്യപ്പെട്ടിരിക്കുന്നു. പുതിയ വായനശാലാകെട്ടിടങ്ങൾക്ക് തടി ആവശ്യമുള്ളവർ ചുവടെ ചേക്കുന്ന വിവരങ്ങൾ ഫെബ്രുവരി 15-ാംതീയതിയ്ക്കകം ഇവിടെ കിട്ടത്തക്കവിധം അയച്ചുതരാൻ താല്പര്യപ്പെടുന്നു.

(1) കെട്ടിടത്തിൻെറ പ്ലാൻ.
(2) കെട്ടിടത്തിൻെറ എസ്റ്റിമേററ്.
(3) ആവശ്യമുള്ള തടിയുടെ സൂക്ഷ്മഅളവ്

തടി ആവശ്യപ്പെട്ടു അയയ്ക്കുന്ന അപേക്ഷ ഓർഗ്ഗനൈസിംഗ് ഇൻസ്പെക്ടർ സാക്ഷിപ്പെടുത്തിയിരിക്കണം.

### III

അറബിലീഗ് സാംസ്കാരിക സംഘം അറബി കയ്യെഴുത്തു പ്രതികളുടെ ഫോട്ടോ ശേഖരിക്കുന്നതിനായി പര്യടനം നടത്തുകയാണ്. ഈ ഉദ്ദേശത്തോടുകൂടി നമ്മുടെ സംസ്ഥാനത്തെ വായനശാലകളും അവർ സന്ദർശിക്കാനിടയുണ്ടു്. ആ യവസരങ്ങളിൽ അവരുടെ ഉദ്ദേശസാദ്ധ്യതയ്ക്കു വേണ്ട എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു.

---

# ഗ്രന്ഥശാലാമന്ദിരങ്ങൾ

1. ആതനാടു ഗ്രാമസേവാസംഘം വായനശാല 2500 രൂ. വിലവരുന്ന ഒരു സ്വന്ത കെട്ടിടം നിർമ്മിച്ചിരിക്കുന്നു.

2. വള്ളിക്കാവു സംസ്കാരസന്ദായിനി ഗ്രന്ഥശാല 1500 രൂപയോളം വില വരുന്ന ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടു്.

---

# മാതൃകാപരമായസംഭാവന

1. അയിരൂപ്പാറ മഹാത്മജീസ്മാരക വായനശാലയ്ക്കു് സ്വന്തമായി ഒരു മന്ദിരം ഉണ്ടാകുന്നതുവരെ കൊന്നമൂട്ടിൽ ശ്രീ. എൻ. കേശവപിള്ള ഒരു കെട്ടിടം വായനശാലയ്ക്കുവേണ്ടി സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു.

2. ക്ലാപ്പന (കരുനാഗപ്പള്ളി) ഗ്രാമോദ്ധാരണ ഗ്രന്ഥശാലയ്ക്കു ശ്രീ. എം. കേശവൻ നമ്പ്യാതിരി അഞ്ചുസെൻറു സ്ഥലം സംഭാവനചെയ്തിട്ടുണ്ടു്.

3. പണ്ടാരത്തുരുത്തു് (ചെറിയഴീക്കൽ) പ്രബോധിനി ഗ്രന്ഥശാലയ്ക്കു ശ്രീ. ഏ. പുന്ന്യൻ മൂന്നുസെൻറുസ്ഥലം സൗജന്യമായി കൊടുത്തിട്ടുണ്ടു്. വിദ്യാഭ്യാസത്തിലും ധനസ്ഥിതിയിലും പിന്നോക്കം നില്ക്കുന്ന അരയസമുദായക്കാരാണധികവും അവിടെ ഉള്ളതു്. വായനശാലയ്ക്കുവേണ്ടി പുതിയ ഒരു മന്ദിരവും പണികഴിപ്പിച്ചിരിക്കുന്നു.

4. കാപ്പിൽമേക്കു് മഹാത്മജീസ്മാരകഗ്രന്ഥശാല (കൃഷ്ണപുരം) യുടെ ആവശ്യത്തിനു മൂന്നുസെൻറുസ്ഥലം മേനാത്തേരിൽ ശ്രീ. കൃഷ്ണപണിക്കർ സംഭാവന ചെയ്തിട്ടുണ്ടു്. ടി സ്ഥലത്തു് ഒരു പുതിയകെട്ടിടം പണികഴിപ്പിച്ചിരിക്കയാണു്.

5. ശക്തിചിറ ദേശബന്ധു വായനശാല (മാവേലിക്കര) യ്ക്കു കൊപ്പാറ ശ്രീ. ഗോപാലപിള്ള നാലുസെൻറ സ്ഥലം സംഭാവന നല്കാമെന്നു് ലൈബ്രറി ഇൻസ്പെക്ഷൻ കമ്മററിയുടെ സാന്നിദ്ധ്യത്തിൽവച്ചു് വാഗ്ദാനം ചെയ്തിരിക്കുന്നു.

6. കുടശനാട്ടു് സുബാസ് ലൈബ്രറിക്കു സ്വന്തകെട്ടിടം ഉണ്ടാകുന്നതുവരെ വായനശാലയ്ക്കു വേണ്ടി പാപ്പാടി ശ്രീ. രാമകൃഷ്ണക്കുറുപ്പു് ഒരു കെട്ടിടം സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു.

7. പെരുമ്പുളിക്കൽ (പന്തളം) ടാഗോർ വായനശാലാസെക്രട്ടറി ശ്രീ. കെ. എൻ. രാമക്കുറുപ്പു് രണ്ടുസെൻറുസ്ഥലം വായനശാലയ്ക്കു സംഭാവനചെയ്തിരിക്കുന്നു. 127 കുംഭം 30-നകം കെട്ടിടം പണികഴിപ്പിക്കാമെന്നു പ്രവർത്തകർ സമ്മതിച്ചിട്ടുണ്ടു്.

8. വടശ്ശേരിക്കര പബ്ലിക് ലൈബ്രറിക്കു് ഒരു കെട്ടിടംപണികഴിപ്പിക്കുന്നതിനു ആവശ്യമുള്ള സ്ഥലം സൗജന്യമായി നല്കാമെന്നു ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ ഉദ്ഘാടനം ചെയ്ത പ്രസ്തുത ഗ്രന്ഥശാലാ സമ്മേളനത്തിൽവച്ചു താഴത്തില്ലത്തു് ശ്രീ. തോമസ്മാത്യു വാഗ്ദാനം ചെയ്തിരിക്കുന്നു.

9. കടമ്മനിട്ട കെ. ജി. കെ. എം. ഗ്രന്ഥശാലയ്ക്കുവേണ്ടി റവ: ഫാദർ. പി. സി. വറുഗീസ് പുത്തൻപുരയ്ക്കൽ അദ്ദേഹത്തിൻെറ സ്വന്തചെലവിൽ ഒരു കെട്ടിടം പണികഴിപ്പിച്ചുകൊടുക്കാമെന്നു സംഘം ജനറൽ സെക്രട്ടറിയുടെ സന്ദർശനാവസരത്തിൽ സമ്മതിച്ചിരിക്കുന്നു.

10. അണ്ടൂർക്കോണം യുവജനസമാജം വായനശാലയുടെ ആവശ്യത്തിനു ഒരു പുതിയ കെട്ടിടം അണ്ടൂർക്കോണം ശ്രീ. നീലകണ്ഠപ്പിള്ള സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു.

## ലൈബ്രറി ഗ്രാൻറ പരിശോധന

1951-52 ലെ ലൈബ്രറിഗ്രാൻറ പരിശോധനയ്ക്കുവേണ്ടി ഗ്രഡേഷൻ കമ്മിററി സംസ്ഥാനമൊട്ടാകെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. പരിമിതമായ ഒരു സമയത്തിനുള്ളിൽ പരിശോധന പൂത്തിയാക്കി ലിസ്ററ സമർപ്പിക്കേണ്ടതായിരിക്കുന്നു. രാവിലെ 8 മണി മുതൽ രാത്രി 10 മണി വരെ വായനശാലകൾ തുറന്നിടുകയും പ്രവത്തകർ അവിടെ ഉണ്ടായിരിക്കുകയും ചെയ്യേണ്ടതു് പരിശോധനാകമ്മററിയുടെ പ്രവത്തന സൗകര്യത്തിനു ആവശ്യമാണ്. ഓരോ താലൂക്കിലുമുള്ള ഓർഗനൈസിംഗ് ഇൻസ്പെക്ററന്മാരും ഗ്രന്ഥശാലാ പ്രവത്തകരും ഈ സമയപരിമിതി മനസ്സിലാക്കി കമ്മററിയോടു സഹകരിക്കേണ്ടതാണ്.

## ഒരു പ്രത്യേക അറിയിപ്പ്

ഗ്രന്ഥശാലാപ്രസ്ഥാനത്തിനു ധനസഹായം ലഭിക്കുന്നതിനു ഇൻഡ്യാഗവർമ്മെൻറിനോടു അപേക്ഷിച്ചതിനെത്തുടന്നു വായനശാലകളുടെ സ്ഥിതിവിവരക്കണക്കുകൾ അയച്ചുകൊടുക്കേണ്ട ആവശ്യം നേരിടുകയുണ്ടായി. അതനുസരിച്ച് ഒരു സ്ഥിതിവിവരസ്റ്റേറമെൻറ ഫാറം കഴിഞ്ഞ ലക്കം ഗ്രന്ഥാലോകത്തിൽ (1951 സെപ്ററംബർ-ഡിസംബർ ലക്കം 69-ാം പേജ്) ചേത്തിരുന്നു. ഫാറം പൂരിപ്പിച്ചു അയച്ചിട്ടില്ലാത്ത വായനശാലക്കാർ 60-ാം പേജിൽ കൊടുത്തിരുന്ന നിർദ്ദേശമനുസരിച്ചു കാലതാമസം വരുത്താതെ പൂരിപ്പിച്ചു അയച്ചു തരേണ്ടതാണ്. ഏതെങ്കിലും വായനശാലകൾക്കു കഴിഞ്ഞ ലക്കം മാസിക കിട്ടീട്ടില്ലെങ്കിൽ വിവരം അറിയിച്ചാൽ സ്ഥിതിവിവരസ്റ്റേറമെൻറഫാറം അയച്ചുകൊടുക്കുന്നതുമാണ്.

---

## ഗ്രന്ഥശാലാസംഘം
## ആയുഷ്ക്കാല സാമാജികന്മാർ

(തുടർച്ച)

27. ശ്രീമതി. കെ. ഭാനുമതിഅമ്മ, ശാരദാ ബുക്കുഡിപ്പോ, — ആലുവാ
28. ശ്രീ. ദേവൻ നാരായണൻ നമ്പൂതിരിപ്പാട്, ഭദ്രകാളി മററപ്പള്ളി ഇല്ലം, — കുറുമശ്ശേരി
29. ,, കെ. രാമൻ നമ്പൂതിരിപ്പാട്, കാഞ്ഞിരപ്പള്ളിമന, — പാമ്പാക്കുട
30. ,, അബ്ദുൽഖാദർ, പാൽക്കുളം തോട്ടം, തടിക്കാട്ട്, — അഞ്ചൽ
31. ,, സി. സി. മഹമ്മദുകാസിം. സി. റി. സി. മാൻസിൽ, — ചാലക്കുടി
32. ,, പി. ജെ. വക്കി, — ചാലക്കുടി
33. ,, എസ്സ്. കെ. ഗംഗാധരൻ, വിജയവിലാസ്, — പാലോട്
34. ,, എം. കെ. വെങ്കിടാചലശർമ്മ, കൊട്ടാരം പ്ലാൻേറഷൻസ്, പാങ്ങോട്, — വാമനപുരം

## (i) ആർ. മാധവൻപിള്ള, സെക്രട്ടറി.

### സാഹിത്യപോഷിണി ഗ്രന്ഥശാല, ചുനക്കര.

> ജീവിതം തന്നെ ഗ്രന്ഥശാലാപ്രവർത്തനത്തിനുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ള അനേകം പ്രവർത്തകർ നമ്മുടെ ഇടയിലുണ്ട്. അവരെപ്പററിയുള്ള വിവരങ്ങൾ ഈ പംക്തിയിൽക്കൂടി പ്രസിദ്ധപ്പെടുത്തുന്നതാണ്.
>
> എഡിററർ.

മാവേലിക്കര ചുനക്കര സാഹിത്യപോഷിണി ഗ്രന്ഥശാലയുടെ സെക്രട്ടറിയും ലൈബ്രേറിയനുമായ ശ്രീ. ആർ. മാധവൻപിള്ള വായനശാലയുടെ പ്രാരംഭകാലം മുതൽ അതിൻെറ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബപരമായ പല പ്രാരബ്ധങ്ങളുടെ നടുവിലും വായനശാലാപ്രവർത്തനം സജീവമാക്കുന്നതിൽ 62 വയസ്സു പൂർത്തിയായ അദ്ദേഹം ഇപ്പോഴും കാണിക്കുന്ന താല്പര്യം അഭിനന്ദനാർഹം തന്നെയാണ്.

## ഗ്രന്ഥശാലകൾ

### എസ്സ്. എം. ആർ. വി. ലൈബ്രറി, കരമന

പ്രസ്തുത ലൈബ്രറിയുടെ ഒരു പൊതുയോഗം 1-7-51-ൽ കൂടി. ശ്രീ. ജീ. ശങ്കരനാരായണയ്യരെ വൈസ് പ്രസിഡൻറായും ശ്രീ. പി. രാമസുബ്രഹ്മണ്യയ്യരെ അസി: സെക്രട്ടറിയായും ശ്രീ. എൻ. പത്മനാഭയ്യരെ ലൈബ്രേറിയനായും തെരഞ്ഞെടുത്തു.

### ആയുഷ്കാല സാമാജികന്മാർ — (തുടർച്ച)

| | | | |
|---|---|---|---|
| 35. | ,, | എം. എസ്. രാഘവവാര്യർ, മഴുവന്നൂർവാര്യം, | കോലഞ്ചേരി |
| 36. | ,, | മാണി കുരുവിള, മഴുവന്നൂർ, | കോലഞ്ചേരി |
| 37. | ,, | പി. എൻ. ഗോപാലൻനായർ, പുളിക്കൽവീട്, | പനമാറം |
| 38. | ,, | ഏ. ഡി. കൃഷ്ണനാശാൻ, പേരയിൽവീട്, | തൃപ്പൂണിത്തുറ |
| 39. | ,, | ഏ. ആർ. സുലൈമാൻ സേട്ടു, മുൻസിപ്പൽ ചെയർമാൻ, | ആലപ്പുഴ |
| 40. | ,, | പി. കെ. ജി. തരകൻ, അയ്മനാട്ടു പാറായിൽ, | തൈയ്ക്കാട്ടുശ്ശേരി |
| 41. | ,, | പി. കെ. ഉമ്മീസ് തരകൻ, അയ്മനാട്ടു പാറായിൽ, | തൈയ്ക്കാട്ടുശ്ശേരി |
| 42. | ,, | ഏ. ബി. കൊച്ചുണ്ണി, മർച്ചൻറ്, | എറണാകുളം |
| 43. | ,, | വി. ആർ. ദാമോദരൻനായർ, ദേവീവിലാസം, മറാക്കര, | കിടങ്ങൂർ |

### പി. കെ. എം. വായനശാല, എടക്കൊച്ചി

പ്രവർത്തകസമിതിയുടെ ഒരു യോഗം 29-6-51-ൽ ശ്രീ. വി. എ. ഭാസ്കരന്റെ അദ്ധ്യക്ഷതയിൽ കൂടി. പണ്ഡിററ് കറുപ്പൻ സ്മാരകഗ്രന്ഥം അച്ചടിപ്പിക്കേണ്ടതാണെന്നു തീരുമാനിച്ചു.

### വാണീവിലാസം ഗ്രാമീണവായനശാല, പൂഴിക്കോൽ

വായനശാലയുടെ വാർഷികസമ്മേളനം ജൂലൈ 1—ാം തീയതി ശ്രീ. പ്രോം. ജെ. കൊണത്താപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീമതി കെ. പി. ഭവാനി അമ്മ, ശ്രീ. സി. എം. മത്തായി എന്നിവർ പ്രസംഗിച്ചു.

### കിസാൻവായനശാല, ഒററശ്ശേഖരമംഗലം

വായനശാലയുടെ ഒരു കമ്മിററിയോഗം ജൂലൈ 1-ാംതീയതി സ്ഥിരം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. വാർഷികറിപ്പോർട്ടും വരവുചെലവുകണക്കും അംഗീകരിച്ചു. കെട്ടിടംപണി ഊർജ്ജിതമായി നടത്തുന്നതിനും തീരുമാനിച്ചു.

### ഏ. കെ. വി. ലൈബ്രറി, പത്തനംതിട്ട

പ്രസ്തുതലൈബ്രറിയുടെ പുനരുദ്ധാരണം സംബന്ധിച്ച് ഒരു യോഗം ജൂലൈ 14—ാം തീയതി റവ: ഫാദർ. ററി. സി. ഗീവർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. റവ: ഫാദർ പി. ജോഷ്വാ, ശ്രീ. എം. മുഹമ്മദു എം. ഏ., എൽ. എൽ. ബി., ശ്രീ. ഓമല്ലൂർ കൊച്ചുകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

### ലൈബ്രറി & റീഡിംഗ്റൂം, പാറങ്കോട്ട്

ഈ വായനശാലയുടെ രണ്ടാമത്തു വാർഷികയോഗം ശ്രീ. സി. പത്മനാഭൻ നായരുടെ അദ്ധ്യക്ഷതയിൽ ജൂലൈ 15—ാം തീയതികൂടി. ശ്രീ. ജി. ഭാസ്കരപിള്ള ആർ. ഗോപാലൻ എന്നിവർ പ്രസംഗിച്ചു ശ്രീ. ജീ. ഭാസ്കരപിള്ള പ്രസിഡന്റായും ആർ. ഗോപാലനാശാരി സെക്രട്ടറിയായും ഉള്ള 15 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം, ഞാറയ്ക്കാട്ട്

പ്രസ്തുതലൈബ്രറിയുടെ ഉത്ഘാടനം ശ്രീ. പി. ആർ. രാമകൃഷ്ണപിള്ള നിർവ്വഹിച്ചു. തൽസംബന്ധമായി കൂടിയ യോഗത്തിൽ ശ്രീ. ഈ. കെ. കേശവപിള്ള ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ. പി. ജി. ഗോപാലപിള്ള, മഹോപാദ്ധ്യായ എം. ആർ. നീലകണ്ഠപ്പണിക്കർ, കുന്നിക്കോട്ടു സുകുമാരൻനായർ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

### പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല

24-8-51-ൽ ശ്രീ. എൻ. പി. ചെല്ലപ്പൻനായർ ബി. ഏ. ബി. എൽ-ന്റെ അദ്ധ്യക്ഷതയിൽ ചേന്ന-അഷ്ടമിരോഹിണിയോടനുബന്ധിച്ചു നടത്തിയ-സാഹിത്യസമ്മേളനത്തിൽ സെക്രട്ടറി വായിച്ച റിപ്പോർട്ടിലെ ചില ഭാഗങ്ങൾ:-

ആണ്ടിൽ രണ്ടു സാഹിത്യസമ്മേളനങ്ങളാണ് ഈ ഗ്രന്ഥശാലയിൽനിന്നും നടത്താറുള്ളതു്. രണ്ടിനും പ്രാബല്യം ഒരു

പോലെയാണെങ്കിലും ഒൻപതാമുത്സവത്തോടനുബന്ധിച്ചുള്ളതിനു ആൾപ്പെരുപ്പം കൂട്ടമെന്നുള്ള ഒരു വിശേഷതയുമുണ്ട്.

ഇക്കഴിഞ്ഞ മീനത്തിൽ നടന്ന ആ മഹാ സമ്മേളനം, ശ്രീ. കോമാട്ടിൽ അച്ചുതമേനോൻെറ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടപ്പെട്ടു. മെസ്സേഴ്സ് ജി. കുമാരപിള്ള എം. ഏ, നീലകണ്ഠനുണ്ണി മുതലായവർ പ്രസംഗകന്മാരുമായിരുന്നു. അന്നത്തെ ആ സമ്മേളനം ഒരു വിജയംതന്നെ ആയിരുന്നുവെന്നു് സാഭിമാനം ഞങ്ങൾക്കു് പറയുവാൻ കഴിയും.

ആയുഷ്ക്കാല സാമാജികന്മാർ, സാമാജികന്മാർ, വരിക്കാർ ഉൾപ്പടെ 768 അംഗങ്ങൾ ഈ വായനശാലയെ ഇപ്പോൾ അലങ്കരിക്കുന്നുണ്ടു്. നിത്യം ശരാശരി 195 ആളുകൾ ഈ വായനശാല ഉപയോഗിക്കുന്നു. ശരാശരി 45 പുസ്തകംവീതം ഒരു ദിവസം വിതരണം ചെയ്യപ്പെടുന്നുണ്ടു്. ആറായിരത്തോളം പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിൽ ശേഖരിച്ചിരിക്കുന്നു. ദിനപ്പത്രങ്ങൾ, പ്രതിപക്ഷപത്രിക, വാരിക, മാസിക, ത്രൈമാസികം, ദൈ്വമാസികം, കൈയെഴുത്തുമാസിക മുതലായി നാല്പതിൽപരം പ്രസിദ്ധീകരണങ്ങൾ മാസംതോറും വരുത്തുന്നുണ്ടു്. രാവിലെ എഴരമണി മുതൽ ഇടവിടാതെ രാത്രി 9 മണിവരെ ആർക്കും വന്നു വായിക്കത്തക്ക വിധത്തിൽ ലൈബ്രേറിയൻെറ മേൽനോട്ടത്തിൽ വായനശാല തുറന്നിട്ടിരിക്കുകയാണ്!. ആണ്ടിൽഒരൊററ ഒഴിവുദിവസം മാത്രമേ വായനശാലയ്ക്കു് അനുവദിച്ചിട്ടുള്ളു. അതു് മഹാനവമി ദിവസമാണു്. എല്ലാ ഞായറാഴ്ചയും, ഒൻപതാമുത്സവം, അഷ്ടമിരോഹിണി ഈ ദിവസങ്ങളിലും പുതിയതായി "ആഗസ്റ്റ് 15"ലും പുസ്തകം വിതരണം ചെയ്യുന്നതല്ല. ആണ്ടിൽ മുടങ്ങാതെ രണ്ടു പൊതുയോഗവും 12 കമ്മററിയോഗങ്ങളും നടക്കുന്നു. യൂണൈററഡ് സ്റ്റേററ്സ്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിൽനിന്നു് പല പ്രസിദ്ധീകരണങ്ങളും ഈ ഗ്രന്ഥശാലയ്ക്കു് സൗജന്യമായി ലഭിക്കുന്നുണ്ടു്. അതുപോലെ ഇൻഡ്യയിലെ പല പ്രദേശങ്ങളിൽനിന്നും നമ്മുടെ ഗവർമ്മെൻറിൽനിന്നും സൗജന്യമായി നൽകുന്ന പ്രസിദ്ധീകരണങ്ങളും ഈ ഗ്രന്ഥശാലയെ അലങ്കരിക്കുന്നു. മേല്പടി ഗവർമ്മെൻറുകളോടു് ഈ സ്ഥാപനത്തിനുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരു:കൊച്ചി ഗ്രന്ഥശാലാസമൂഹത്തിൽ ഏ–ക്ലാസ്സിൽ ഉൾപ്പെട്ടിട്ടുള്ളതും ടി ഗ്രന്ഥശാലാസംഘത്തിൻെറ മാതൃസ്ഥാനം വഹിക്കുന്നതുമായ ഈ സ്ഥാപനത്തിൻെറ ഉല്കൃഷ്ടത്തെപ്പററി ചിന്തിക്കുമ്പോൾ, തിരു: കൊച്ചി ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കരുടെ മഹനീയ സേവനങ്ങൾ ഒരിക്കലും മറക്കാവതല്ല. നിറഞ്ഞ ആത്മാർത്ഥതയോടുകൂടിയുള്ള പ്രവർത്തനത്തിനു് തികഞ്ഞപ്രതിഫലം താനേ വന്നുചേരുമെന്നു് ശ്രീ. പി. എൻ. പണിക്കർ സാക്ഷ്യം വഹിക്കുന്നു.

ഈ സ്ഥാപനത്തിൻെറ ഉല്കൃഷ്ടത്തിനു വേണ്ട ഉപദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന ഗ്രന്ഥശാലാസംഘത്തിനോടും പല വിധത്തിലും ഈ സ്ഥാപനത്തെ ഉള്ളഴിഞ്ഞു് സ്നേഹിച്ചു് സഹായിച്ചുകൊണ്ടിരിക്കുന്ന മാന്യമഹാജനങ്ങളോടും ഈ സ്ഥാപനം സദാ കടപ്പെട്ടിരിക്കുന്നു.

## പബ്ളിക്ലൈബ്രറി & റീഡിംഗ് റൂം, പനമററം ഈസ്റ്റ്

ഗ്രന്ഥശാലാപ്രവർത്തനത്തിൽ അടുത്ത കാലത്തുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ

തീർത്തു് പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടി ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ 1952 ജനുവരി 23—ാം തീയതി പ്രസ്തുത ഗ്രന്ഥശാല സന്ദർശിക്കുകയുണ്ടായി. ജനറൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഒരു അടിയന്തിര കമ്മിററിയോഗം നടത്തി. വായനശാലയ്ക്കു സ്വന്തമായി കെട്ടിടം പണികഴിപ്പിക്കുന്നതിനു് ഒരു സബ്കമ്മിററിയെ തെരഞ്ഞെടുത്തു. ഫെബ്രുവരി 15—ാം തീയതിയ്ക്കകം കെട്ടിടത്തിൻെറ ഉത്ഘാടനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടു്.

## വൈ. എം. വി. ഏ. ലൈബ്രറി, പുന്തലത്താഴം

വായനശാലയുടേയും സാഹിത്യസമാജത്തിൻേറയും ഒരു സംയുക്ത കമ്മിററി യോഗം 29-7-51-ൽ കൂടി 'കലാവിലാസിനി' എന്ന പേരിൽ ഒരു കൈയ്യെഴുത്തു മാസിക നടത്തുന്നതിനു തീരുമാനിച്ചു. ഏഴുപേരുൾപ്പെട്ട ഒരു പത്രാധിപസമിതിയേയും തെരഞ്ഞെടുക്കുകയുണ്ടായി.

## എസ്സ്. എൻ. വി. വിവേകപ്രദായിനി ഗ്രന്ഥശാല, & ഗാന്ധിസ്മാരക വായനശാല പെരുങ്ങുഴ

പ്രസ്തുത ഗ്രന്ഥശാലയുടെ പ്രവർത്തനത്തിൽ, പ്രവർത്തകർ തമ്മിലുള്ള അഭിപ്രായഭിന്നതകൾമൂലം ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ തീർക്കുന്നതിനു് ഒത്തുതീർപ്പുകമ്മിററി പ്രസിദ്ധപ്പെടുത്തിയ നോട്ടീസ് അനുസരിച്ചു് ഒരു പൊതുയോഗം 24—12—51-ൽ ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കരുടെ അദ്ധ്യക്ഷതയിൽ കൂടി. ഗ്രന്ഥശാലാസംഘം ഓണററി ജോയിൻറ് സെക്രട്ടറി ശ്രീ. എം. തോമസും ട്രഷറർ ശ്രീ. എൻ. കേശവപിള്ളയും യോഗത്തിൽ സംബന്ധിച്ചിരുന്നു. ഗ്രന്ഥശാലയുടെ പ്രവർത്തനപുരോഗതിക്കു് സെക്രട്ടറി ശ്രീ. എസ്സ്. കെ. സുരേന്ദ്രൻ വാദിയായും പ്രവർത്തകരായ ശ്രീ. പി. സുരേന്ദ്രൻ, എൻ. ജനാർദ്ദനപ്പണിക്കർ തുടങ്ങിയുള്ളവർ പ്രതികളായും നെയ്യാററിൻകര മജിസ്ട്രേട്ടു കോടതിയിൽ നടന്നുവരുന്ന 1951-ലെ 104-ാം നമ്പർ കേസ്സ് രാജിയായിത്തീരേണ്ടതു് ആവശ്യമാണെന്നു പൊതുയോഗത്തിനു ബോദ്ധ്യപ്പെട്ടു. അതനുസരിച്ചു് കേസ്സു രാജിയാക്കിത്തീർക്കുന്നതിനു ശ്രീ. എസ്സ്. കെ. സുരേന്ദ്രനോടും മേൽനടപടികൾ ഇല്ലെന്നു രാജിയിൽ സമ്മതിച്ചുകൊടുക്കുന്നതിനു പ്രതികളോടും ആവശ്യപ്പെടുന്ന ഒരു പ്രമേയം തീവ്രമായ വാദപ്രതിവാദങ്ങൾക്കുശേഷം പൊതുയോഗം അംഗീകരിച്ചു. വാദിപ്രതികൾ സൗഹാർദ്ദപൂർവ്വം കഴിഞ്ഞുകൂടാനുള്ള അന്തരീക്ഷം തന്മൂലം സംജാതമായി. ഒരു മാസത്തിനു ശേഷം പുതിയ തെരഞ്ഞെടുപ്പു നടത്തിയാൽ മതിയെന്നും നിശ്ചയിക്കുകയുണ്ടായി.

## ആനിക്കാട്ടു സെൻട്രൽ ലൈബ്രറി

ആനിക്കാട്ടു സെൻട്രൽ ലൈബ്രറിവക പുസ്തകങ്ങളും ഉപകരണങ്ങളും വിട്ടുകിട്ടുന്നതിനു വേണ്ടി സ്ഥലത്തുള്ള പല ലൈബ്രറിക്കാരും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. സൂറൽ ലൈബ്രറിക്കു് അടുത്തുള്ള രണ്ടു ലൈബ്രറികളാണു് ആനിക്കാട്ടു നാഷണൽ ലൈബ്രറിയും ആനിക്കാട്ടു ദേശസേവിനി ലൈബ്രറിയും. രണ്ടും സാമാന്യം തൃപ്തികരമായ നിലയിൽ പ്രവർത്തനം നടത്തുന്നുമുണ്ടു്. രണ്ടു ലൈബ്രറികളേയും സംയോജിപ്പിക്കാൻ നിവൃത്തിയില്ലാത്തവണ്ണം രണ്ടു പ്രധാന കേന്ദ്രങ്ങളിലാണു് ലൈബ്രറികൾ നടത്തുന്നതും. സൂറൽ ലൈബ്രറിവക പുസ്തക

ങ്ങൾക്കും ഉപകരണങ്ങൾക്കും വേണ്ടി രണ്ടു ലൈബ്രറിക്കാരും നിരന്തരശ്രമങ്ങൾ നടത്തിവരികയായിരുന്നു. തന്മൂലം സ്ഥലത്തു് ഒരു ചേരിതിരിവുതന്നെ ദൃശ്യമായി. ജനുവരി 23-ാം തീയതി ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ പ്രസ്തുത സ്ഥലം സന്ദർശിച്ചു. ജനറൽ സെക്രട്ടറിയോടൊന്നിച്ചു് ഓർഗനൈസിംഗ് ഇൻസ്പെക്ടർ മി. എൻ. കെ. പുരുഷോത്തമനും ശ്രീ. ഡി. സി. കിഴക്കേമുറിയും ഉണ്ടായിരുന്നു. ജനറൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രണ്ടു ഗ്രന്ഥശാലകളിലേയും പ്രവർത്തകരുടെ ഒരു യോഗം കൂടി. ലൈബ്രറിപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ നാട്ടുകാർ യോജിച്ചുനില്ക്കേണ്ട ആവശ്യകതയെപ്പററി അദ്ധ്യക്ഷൻ ഊന്നിപ്പറഞ്ഞു.

രണ്ടു ഗ്രന്ഥശാലകളുടേയും സഹകരണത്തോടുകൂടി ആനിക്കാടു സെൻട്രൽ ലൈബ്രറി എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിനും മുറൽ ലൈബ്രറി, പുസ്തകങ്ങളും ഉപകരണങ്ങളും സെൻട്രൽ ലൈബ്രറിയെ ഏല്പിക്കുന്നതിനും തീരുമാനിച്ചു. ഭരണപരമായ നിർവ്വഹണത്തിനു് ഇരുഗ്രന്ഥശാലകളിലേയും പ്രസിഡൻറന്മാരും സെക്രട്ടറിമാരും വേറെ തെരഞ്ഞെടുത്ത 3 അംഗങ്ങളും ഉൾപ്പെട്ട ഒരു കമ്മററിയെ രൂപീകരിച്ചു. സെൻട്രൽ ലൈബ്രറിയിൽനിന്നും മററു വായനശാലകൾക്കു് പുസ്തകങ്ങൾ കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. രണ്ടു ലൈബ്രറിക്കാരെയും യോജിപ്പിക്കുവാനും അങ്ങനെ നാട്ടിൽ സൗഹാർദ്ദതയും സഹകരണവും വളർത്തുവാനും സംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ ചെയ്ത സ്തുത്യർഹമായ സേവനത്തിൽ നാട്ടുകാർക്കുള്ള കൃതജ്ഞതയും അഭിനന്ദനവും ശ്രീ. പി. പി. രാമൻനായർ ബി. എ. ബി. എൽ., ശ്രീ. കെ. ജെ. ചാക്കോ ബി. എ. എന്നിവർ പ്രകടിപ്പിക്കുകയുണ്ടായി. ഈ നടപടിമൂലം നാട്ടുകാർക്കു പൊതുവെ സംതൃപ്തിയും പ്രസ്ഥാനത്തോടു് അനുഭാവവും ഉണ്ടായിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്.

### ദേശാഭിവർദ്ധിനി ഗ്രന്ഥശാല, പുത്തൻചന്ത—വക്കം

പ്രസ്തുത ഗ്രന്ഥശാലായുടെ നാലാമതു വാർഷികയോഗം ജൂലൈ 14—ം 15—ം തീയതികളിൽ നടന്നിരിക്കുന്നു. 15—ാം തീയതിയിലെ പൊതുയോഗത്തിൽ വിദ്വാൻ വി. പി. നാരായണൻ ആദ്ധ്യക്ഷം വഹിക്കുകയും, ശ്രീ. കെ. പി. ശ്രീധരൻ ബി. എ., കെ. രംഗനാഥൻ ബി. എ., പി. വിദ്യാധരൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

### ജനകീയ വായനശാല, വെണ്ണല

വായനശാലയുടെ നാലാമതു വാർഷികയോഗം ജൂലൈ 15—ാം തീയതി ശ്രീ. കെ. നാരായണക്കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. കുറുപ്പു് അദ്ധ്യക്ഷനായും ശ്രീ. എസ്സ്. പ്രഭാകരൻ സെക്രട്ടറിയായും ശ്രീ. കെ. എം. രാമചന്ദ്രൻ ലൈബ്രേറിയനായും 11 പേരുൾപ്പെട്ട ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

### പ്രബോധിനി ഗ്രന്ഥശാല, പണ്ടാരത്തുരുത്തു്

ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിലുള്ള വയോജന വിദ്യാഭ്യാസക്ലാസ്സിന്റെ ഉത്ഘാടനം ആഗസ്റ്റ് 15-ാം തീയതി ശ്രീ. കെ. കെ. ഭാസ്കരൻ ബി. എ., എൽ. ററി.

യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ചു് നിർവ്വഹിച്ചിരിക്കുന്നു. ശ്രീ. കാരോട്ടു ജനാർദ്ദനൻ ബി. എസ്സ്. സി., ശ്രീ. ഈ. സുകുമാരപ്പണിക്കർ, ശ്രീ. കെ. കൊച്ചു രാമൻപിള്ള എന്നിവർ പ്രസംഗിക്കുകയുണ്ടായി.

## സുഭാഷ് ഗ്രന്ഥപാരായണസംഘം വായനശാല, പള്ളിക്കൽ

വായനശാലയുടെ ആഭിമുഖ്യത്തിലും ശ്രീ. പി. സി. തോമസ്സിൻെറ അദ്ധ്യക്ഷതയിലും ആഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനം ആചരിച്ചിരിക്കുന്നു. കൂടാതെ വയോജന വിദ്യാഭ്യാസക്ലാസ്സിൻെറ ഉത്ഘാടനം ശ്രീ. എസ്സ്. രാഘവൻ നിർവ്വഹിക്കുകയുമുണ്ടായി.

## ദി വിക്ടറി വായനശാല, വെട്ടിമുകൾ

സ്വാതന്ത്ര്യദിനം പ്രമാണിച്ചു് ആഗസ്റ്റ് 15-ാം തീയതി ശ്രീ. വി. കെ. ജോസഫിൻെറ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. ശ്രീ. പി. വി. തോമസ്, ശ്രീ. വി. എസ്സ്. ജോസഫ്, ററി. പി, ശ്രീധരൻ ആശാരി എന്നിവർ പ്രസംഗിച്ചു.

## ഗ്രാമോദ്ധാരണ ലൈബ്രറി & റീഡിംഗ് റൂം, ക്ലാപ്പന

പ്രസ്തുത ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനം പ്രമാണിച്ചു് ആഗസ്റ്റ് 15-ാം നു- ശ്രീ. പി. ആൻഡ്രൂ ഫർണാൻറസ് ബി. എ. യുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ശ്രീ. എൻ. ജനാർദ്ദനൻ നായർ, എൻ. കൃഷ്ണൻ നായർ, പണ്ഡിററ് കെ. ചെല്ലപ്പൻപിള്ള വി. കുട്ടപ്പൻ എന്നിവർ പ്രസംഗിച്ചു. വയോജനക്ലാസ്സിൻെറ ഉത്ഘാടനവും അദ്ധ്യക്ഷൻ നിർവ്വഹിക്കുകയുണ്ടായി. ഗ്രന്ഥശാലയ്ക്കുവേണ്ടി ആത്മാർത്ഥസേവനം അനുഷ്ഠിച്ച ശ്രീ. ഡി. സി. ഡിക്രൂസ് ബി. കോം., വി. കുട്ടപ്പൻ എന്നിവർക്കു് പാരിതോഷികങ്ങൾ നല്കി.

## യൂണിയൻ വൈ. എം. സി. ഏ. ലൈബ്രറി നാരങ്ങാനം,

ഇൻഡ്യൻ സ്വാതന്ത്ര്യദിനം പ്രമാണിച്ചു് പ്രസ്തുത ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാം തീയതി ശ്രീ. പി. എം. ജോർജ്ജിൻെറ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. ശ്രീ. എം. എൻ. ഗോപാലൻ, സി, പി. ജോർജ്ജ്, എം. ററി. കോശി എന്നിവർ പ്രസംഗിച്ചു.

## വൈ. എം. എൽ. ഏ. റീഡിംഗ് റൂം, ചെമ്മക്കാട്ട്

ജൂൺ 12—ാം നു- കൂടിയ പൊതുയോഗത്തിൽ വച്ചു് ഒരു പുതിയ ഭരണസമിതിയേയും 16—ാം തീയതി കൂടിയ കമ്മിററി യോഗത്തിൽ വച്ചു് ശ്രീ. ജെ. ജോസഫിനെ പ്രസിഡൻറായും ശ്രീ. റിച്ചേഡ് വി. പാളിനെ സെക്രട്ടറിയായുംതെരഞ്ഞെടുത്തു.

## വില്ലേജ് ലൈബ്രറി & റീഡിംഗ്റൂം കൊണ്ടാഴി

ഈ വായനശാലയുടെ ഒരു യോഗം ആഗസ്റ്റ് 5-ാം തീയതി ശ്രീ. എസ്സ്. ചെട്ടിയാരുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. ടി. കെ. രാമനാരായണമേനോനെ പ്രവർത്തക സമിതിയിലേയ്ക്കു തെരഞ്ഞെടുത്തു. വാർഷിക യോഗവും പ്രഹസനവും നടത്തുന്നതിനും പ്രസംഗപരിശീലനക്ലാസ്സ് ആരംഭിക്കുന്ന

തിനും വേണ്ടി സബ്ബ് കമ്മിററികളെ തെര ഞ്ഞെടുക്കുകയുണ്ടായി.

## ശ്രീ. ചിത്രാ റീഡിംഗ് റൂം ഉഴവ

പ്രസ്തുത വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ആഗസ്റ്റ് 19-ാം തീയതി ശ്രീ. കെ. എൻ. ഗംഗാധരൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടി. 1952 ലേയ്ക്കു 956 രൂ. വരവും 916 രൂ. ചെലവുമുള്ള ബഡ്ജററ് അംഗീകരിച്ചു.

## ഗ്രാമീണവായനശാല, വിയ്യൂർ

ഈ വായനശാലയുടെ ഒരു പൊതുയോഗം ആഗസ്റ്റു 19-ാംതീയതി വിദ്വാൻ ടി. ശങ്കുണ്ണിമേനോൻ എം. എ. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. ടി. എസ്സ്. മേനോൻ പ്രസിഡൻറായും ശ്രീ. എം. പരമേശ്വരൻനമ്പൂതിരി വൈസ് പ്രസിഡൻറായും, ശ്രീ. എം. പി. മേനോൻ, എ. കൃഷ്ണപ്പിഷാരടി എന്നിവർ സെക്രട്ടറിമാരായും ശ്രീ. കെ. അച്ചുതൻനായർ ലൈബ്രേറിയനായും ഉള്ള 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## ജവഹർ വായനശാല പള്ളം വില്ലുക്കിറി

സ്വാതന്ത്ര്യദിനം പ്രമാണിച്ചു ആഗസ്റ്റ് 15-ാം തീയതി ശ്രീ. എ. സുബ്രഹ്മണ്യപിള്ള എം. എ. യുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി.

## കൈരളീ വായനശാല ചിറക്കടവ്

ഈ വായനശാലയുടെ ഒരു പൊതുയോഗം ജൂലൈ 8-ാം തീയതി കൂടി ശ്രീ. എൻ. ഗോപാലപിള്ള പ്രസിഡൻറായും ശ്രീ. കെ. ആർ. കേശവൻനായർ സെക്രട്ടറിയായും ശ്രീ. പി. ബാലഗംഗാധരൻ പിള്ള ഖജാൻജിയായുമുള്ള 7 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## വിജ്ഞാനവിലാസിനി ലൈബ്രറി ഇളമ്പള്ളൂർ

ശ്രീ. പി. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടിയ പൊതുയോഗത്തിൽവച്ചു ശ്രീ. എ. സിൽവാ സെക്രട്ടറിയായുള്ള ഒരു സാഹിത്യസമാജം രൂപീകരിക്കയുണ്ടായി.

## കസ്തൂർബാ സ്മാരകഗ്രന്ഥശാല വെങ്ങാന്നൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു സാധാരണപൊതുയോഗം ആഗസ്ററ 20-ാം തീയതികൂടി ശ്രീ. സി. ആർ. ശങ്കരപ്പിള്ളയെ പ്രസിഡൻറായും ശ്രീ. പി. നാരായണൻനായരെ സെക്രട്ടറിയായും ശ്രീ. ജി. കൃഷ്ണൻനായരെ ജോയിൻറ് സെക്രട്ടറിയായും ശ്രീ. ജി. മാധവൻനായരെ ഖജാൻജിയായും, ശ്രീ. കെ. കൊച്ചുകൃഷ്ണൻനായരെ ലൈബ്രേറിയനായും തെരഞ്ഞെടുത്തു.

## സി. വൈ. എം. ഏ. ലൈബ്രറി തൃക്കടവൂർ

തൃക്കടവൂർ വൈ. എം സി. എ. യുടെ ഒരു പൊതുയോഗം ആഗസ്ററ 5-ാം തീയതി കൂടി ശ്രീ. ജി. ആൻറണി ബി. എ. പ്രസിഡൻറായുള്ള 9 പേരടങ്ങിയ ഒരു കമ്മിററിയെ തെരഞ്ഞെടുത്തു. "വൈ. എം. സി. എ. ഗ്രന്ഥശാല & വായനശാല" എന്ന പേരു സി. വൈ. എം. എ ഗ്രന്ഥശാല & വായനശാല എന്നു ഭേദഗതിചെയ്യുന്നതിനു തീരുമാനിച്ചു.

### വിജ്ഞാനപ്രദായിനി ഗ്രന്ഥശാല
### കട്ടക്കര

ഒരു വിശേഷാൽ പൊതുയോഗം ആഗസ്റ്റ് 15-ാം തീയതി ശ്രീ. ടി. കെ. അച്ചുതന്റെ അദ്ധ്യക്ഷതയിൽക്കൂടി സ്വാതന്ത്ര്യദിനം ആഘോഷിച്ചിരിക്കുന്നു. ശ്രീ. എൻ. കെ. വിശ്വംഭരൻ വായനശാലയ്ക്കു പുതുതായി അനുവദിച്ചിട്ടുള്ള സാക്ഷരതാ പാഠശാല ഉത്ഘാടനം ചെയ്തു.

### മഹാത്മജി സ്മാരകഗ്രന്ഥശാല
### പവിത്രേശ്വരം

പ്രസ്തുത ഗ്രന്ഥശാലയുടെ ദ്വിതീയ വാഷികയോഗം ശ്രീ. സി. എസ്സ്. വാര്യർ എം. ഏ. എൽ. എൽ. ബിയുടെ അദ്ധ്യക്ഷതയിൽക്കൂടി. ശ്രീ. സി. എസ്സ്. വാര്യർ അദ്ധ്യക്ഷനായും ശ്രീ. സി. ഉണ്ണി സെക്രട്ടറിയായും 9 പേരടങ്ങിയ ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

### ദി വിജയോദയം ലൈബ്രറി
### മീനച്ചിൽ

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ശ്രീ. വി. ററി. തോമസ് എം. ഏ. ബി. എൽ. ന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. വെട്ടൂർ രാമൻനായർ വിദ്വാൻ എം. സി. നായർ, പി. കെ. രാമൻ എന്നിവർ പ്രസംഗിച്ചു.

## ഗ്രന്ഥശാലകൾക്കാവശ്യമുള്ള റിക്കാർഡുകൾ

അധികൃതമായി അച്ചടിപ്പിച്ചു വില്ക്കുന്നതിന് തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം 11—1—51-ലെ 7922-ാം നമ്പർ കത്തനുസരിച്ച് എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. സംഘം അംഗീകരിച്ചുതന്ന മാതൃകയനുസരിച്ചുള്ള ഫാറങ്ങളും രജിസ്റ്ററുകളും നല്ല കടലാസ്സിൽ ഭംഗിയായി തയ്യാർചെയ്തുകൊണ്ടിരിക്കുകയാണ്. വളരെ മിതമായ വിലയേ ഉള്ളു.

| | 1 ക്വയർ ബുക്ക് | 2 ക്വയർ ബുക്ക് | 3 ക്വയർ ബുക്ക് |
|---|---|---|---|
| A അംഗരജിസ്റ്റർ | 1 12 0 | 3 8 0 | |
| C പുസ്തകങ്ങളുടെ സ്റ്റോക്കു രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| E ഗ്രന്ഥവിതരണ രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| G നാൾവഴി | 1 12 0 | 3 8 0 | 5 0 0 |
| F മാസവരി രജിസ്റ്റർ | 2 0 0 | | |
| I ഇൻവേഡ് രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| J ഔട്ടുവേഡ് രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| L അക്വിററൻസ് റോൾ | 2 0 0 | (അരക്വയർ 1 ക.) | |
| M ഉപകരണ രജിസ്റ്റർ | 2 0 0 | (അരക്വയർ 1 ക.) | |

B പ്രവേശനാപേക്ഷാഫാറം 100-ന് 1 ക. 8 ണ.
K രസീതുബുക്ക് (100 രസീതടങ്ങിയതു്) ഒന്നിനു് 8 ണ.
[പത്തു ബുക്കിനു് ഒന്നിച്ചാർഡർ തരുന്നപക്ഷം ഗ്രന്ഥശാലയുടെ പേർ ചേർത്തു് അച്ചടിപ്പിച്ചയക്കുന്നതാണ്.]
N മാസാന്ത്യക്കണക്കു ഫാറം 100-ന് 2 ക. 8 ണ.
ടി 24 മാസത്തേയ്ക്കു മതിയാകുന്ന ബുക്കിനു 12 ണ.
ഗ്രാൻറിനപേക്ഷിക്കുവാനുള്ള ഫാറം ഡസന് 5 ണ.
മററിനങ്ങൾ തയ്യാറാകുന്നു

കടലാസിന്റെ വിലക്കൂടുതലും ദുർഭിക്ഷതയുംമൂലം അധികം സ്റ്റോക്കുചെയ്യുവാൻ തരപ്പെടുന്നതല്ല. ആവശ്യക്കാർ ഉടനെ ആർഡറയക്കുക.

ആർ. മാധവപ്പൈ,
ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ, തുറവൂർ.

## വാഴക്കുളം വായനശാല മാറമ്പള്ളി

വായനശാലാകമ്മിററിയുടെ ഒരുയോഗം ശ്രീ. ഒ. എം. ഗോപിനാഥ് ബി. എസ്സ്. സിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ 7–ാം തീയതികൂടി. താലൂക്കയൂണിയനിലേയ്ക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തു. വയോജനവിദ്യാഭ്യാസക്ലാസ്സ് ആരംഭിക്കുന്നതിനും കലാമുകുളം കൈയ്യെഴുത്തു മാസിക പുനരാരംഭിക്കുന്നതിനും ഔട്ട്ഡോർ ഗെയിംസ് നടത്തുന്നതിനും തീരുമാനിച്ചു.

## പൊതുജനവായനശാല, പള്ളിപ്പുറം

പ്രസ്തുത വായനശാലയുടെ ഒരു പൊതുയോഗം ജൂലൈ 8–ാം തീയതി ശ്രീ. എൻ. രാഘവപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. വി. കെ. നാരായണൻനായർ, വി. കെ. നാരായണൻ വൈദ്യർ, ടി. എൻ. നാരായണപിള്ള, പൗലോസ് കോയിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. വി. കെ. നാരായണൻ വൈദ്യൻ പ്രസിഡൻറായും ശ്രീ. വി. എൻ. നീലകണ്ഠൻ വൈദ്യൻ സെക്രട്ടറിയായുമുള്ള 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## എൽ. എസ്സ്. ലൈബ്രറി & റീഡിംഗ്റൂം, നൂറനാട്

പ്രസ്തുത ലൈബ്രറിയുടെ ദ്വിതീയ വാർഷിക യോഗം ജൂലൈ 1–ാം നു- ഡാക്ടർ എസ്സ്. എസ്സ്. ഉണ്ണിത്താൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. വി. പരമേശ്വരനുണ്ണിത്താൻ എം. എ., എൽ. ററി., കെ. എൻ. നീലകണ്ഠപ്പിള്ള ബി. എ., എൽ. ററി., എം. ഡി. കേശവൻനമ്പ്യാതി ബി. എ. എൽ. ററി., എസ്സ്. രാഘവൻ എന്നിവർ പ്രസംഗിച്ചു.

## ജയഭാരത് ഗ്രന്ഥശാല, തെക്കനാൽ–ഓച്ചിറ

ഈ വായനശാലയുടെ വാർഷികം സെപ്തംബർ 14–ാം തീയതി ശ്രീ. എസ്സ്. കുഞ്ചുപിള്ള ബി. ഏ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. എം. ഈ. ഈപ്പൻ, ററി. ഏ. മൈതീൻകുഞ്ഞ്, ശ്രീമതി അയിഷാഭായി, ശ്രീ. ജി. വേലായുധൻനായർ ബി. എസ്സ്. സി. ബി. എൽ., എന്നിവർ പ്രസംഗിച്ചു. അടുത്ത ദിവസം 'അന്തർജനം' എന്ന നാടകവും അഭിനയിക്കുകയുണ്ടായി.

## കുഞ്ഞുണ്ണിമെമ്മോറിയൽ ലൈബ്രറി, ആവിണിശ്ശേരി

ഗാന്ധിജയന്തി പ്രമാണിച്ച് ഒക്ടോബർ 2–ാം നു- ശ്രീ. ഇയ്യു കൊച്ചാപ്പുവിൻെറ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. ശ്രീ. ഈ. എൻ. ദാമോദരൻ, ഐ. പി. ലോനപ്പൻ, കെ. ദാമോദരൻ, എം. എൻ. കൃഷ്ണൻനമ്പൂതിരി, ഈ. ആർ. വേലായുധൻ, ടി. വി. ദേവസ്സി എന്നിവർ പ്രസംഗിച്ചു.

## വിവേകോദയം വായനശാല & ഗ്രന്ഥശാല, തെക്കനാര്യാട്-ആലപ്പുഴ

ശ്രീനാരായണഗുരുസ്മാരക യുവജനസംഘത്തിൻേറയും, പ്രസ്തുത വായനശാലയുടേയും സംയുക്ത വാർഷികം ആഗസ്റ്റ് 14–ാം തീയതി ശ്രീ. കെ. അയ്യപ്പൻ ബി. ഏ. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. വി. ജെ. ചാണ്ടി ബി. ഏ. ബി. എൽ. സമ്മേളനം ഉത്ഘാടനം ചെയ്തു. ശ്രീമതി എം. ബി. രാധാമണിയമ്മ, ശ്രീ. എൻ. ഗോപിനാഥൻനായർ, എം. സി. ജോസഫ് എന്നിവർ പ്രസംഗിക്കുകയുമുണ്ടായി,

# അംഗഗ്രന്ഥശാലകൾ

(തുടർച്ച)

1201—വിയ്യൂർ ഗ്രാമീണവായനശാല, രാമവർമ്മപുരം.
1202—ഏ. കെ. വി. ലൈബ്രറി, വാഴമുട്ടം, ഓമല്ലൂർ.
1203—ദേശാഭിവർദ്ധിനി വായനശാല, കുഴിക്കാലാ, പത്തനംതിട്ട.
1204—ദേശീയ വായനശാല, വെട്ടൂർ, പത്തനംതിട്ട.
1205—സഹൃദയ ഗ്രന്ഥശാല, നന്ദിയോട്, പച്ച.
1206—വെള്ളനാട്ട് പബ്ളിക് ലൈബ്രറി, നെടുമങ്ങാട്,
1207—സർക്കാർ ഗ്രാമീണ വായനശാല, ഞാറയ്ക്കൽ.
1208—സർക്കാർ ഗ്രാമീണ വായനശാല, മുളന്തുരുത്തി.
1209—സർക്കാർ ഗ്രാമീണ വായനശാല, പറപ്പൂക്കര, പുതുക്കാട്.
1210—ഉദയാ ലൈബ്രറി & റീഡിംഗ്റൂം, ഏരൂർ, പത്തനാപുരം
1211—ഞാറയ്ക്കാട്ട ലൈബ്രറി & റീഡിംഗ്റൂം, കുന്നിക്കോട്
1212—ദേശസേവാസമിതി വായനശാല, പൊന്നുമംഗലം, പാപ്പനംകോട്, നേമം.
1213—സഹോദരസമാജം ഗ്രന്ഥശാല, വെൺപകൽ, നെയ്യാററിങ്കര
1214—സി. ഏ. സി. പൊതുവായനശാല, പാറേൽ, ചങ്ങനാശ്ശേരി
1215—പി. വൈ. എം. ഏ. ലൈബ്രറി & റീഡിംഗ്റൂം, ചേനപ്പാടി, ചിറക്കടവ്
1216—ദി കങ്ങഴ പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം, കങ്ങഴ
1217—കല്ലൂപ്പാറ ദേശസേവിനി വായനശാല, കല്ലൂപ്പാറ
1218—ഗ്രാമോദ്ധാരണ ഗ്രന്ഥശാല, കിഴക്കുംമുറി, വെണ്മണി
1219—തൃപ്പുലിയൂർ ജ്ഞാനപ്രദായിനി ഗ്രന്ഥശാല, പുലിയൂർ
1220—മഹാത്മാഗാന്ധി സ്മാരകവായനശാല, കൊട്ടറ, പൂയപ്പള്ളി
1221—ജനതാ വായനശാല & ഗ്രന്ഥശാല, വെളിയം പടിഞ്ഞാററുംകര, പൂയപ്പള്ളി
1222—പത്തനാപുരം പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം, പത്തനാപുരം
1223—തലവൂർ പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം, കുന്നിക്കോട്
1224—ഗ്രാമമുന്നേററസംഘം & റീഡിംഗ്റൂം, രാജാക്കമംഗലം
1225—അന്നൈ കസ്തൂരിബായി മെമ്മോറിയൽ ലൈബ്രറി & റീഡിംഗ്റൂം, താമരക്കുളം.
1226—പള്ളിപ്പുറം പൊതുജന ഗ്രന്ഥശാല, തൈയ്ക്കാട്ടുശ്ശേരി
1227—കുമാരപുരം പബ്ളിക് ലൈബ്രറി, കരുവാററ.
1228—പേരൂർ പബ്ളിക് ലൈബ്രറി, ഏററുമാന്നൂർ
1229—പബ്ളിക് ലൈബ്രറി, തിരുവഞ്ചൂർ. ഏററുമാന്നൂർ.
1230—നെടുമുടി സി. വൈ. എം. ഏ. ഗ്രന്ഥശാല, ചെമ്പുംപുറം, ചമ്പക്കുളം.
1231—ഗ്രാമീണവായനശാല, കൊണ്ടാഴി.
1232—സർക്കാർ ഗ്രാമീണവായനശാല, പെങ്ങാമുക്ക്, കട്ടകാമ്പാൽ.

(തുടരും)

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | | |
|---|---|---|
| FRONT COVER PAGE | ... | (Reserved) |
| BACK COVER PAGE | ... | Rs. 70 per insertion. |
| | ... | Rs. 60 per insertion, if three insertions or more. |
| COVER PAGE 2 | ... | Rs. 60 per insertion. |
| | ... | Rs. 40 per insertion, if |
| | ... | three consecutive |
| | ... | insertions or more. |
| COVER PAGE 3 | ... | Rs. 50 per insertion. |
| | ... | Rs. 40 per insertion. |
| | ... | insertions or more. |
| ANY OTHER PAGE | ... | Rs. 40 per insertion. |
| HALF PAGE | ... | Rs. 25 .... |
| QUARTER PAGE | ... | Rs. 15 .... |
| BELOW QUARTER PAGE | ... | Rs. 10 .... |

*For further details apply to:*

*THE MANAGER*

**GRANDHALOKAM,**

PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ; എം.എൽ.ഏ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
„ എൻ. കേശവപിള്ള (ട്രഷറർ)
„ എൻ. അഗസ്ത്യലിംഗംപിള്ള
„ ജെ. കേശവൻ
„ ഏ. പി. ഉദയഭാനു
ബി. ഏ. ബി. എൽ; എം. എൽ. ഏ.
„ പല്കമ്ലേരി പി. രാഘവൻ
ബി. ഏ. ബി. എൽ.
„ നീലവന ആർ. മാധവൻനായർ
(പ്ര. സ: അംഗം)
„ ഏ. ആർ. സുലൈമാൻസേട്ട്
„ എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ആണററി ജോയിൻറ് സെക്രട്ടറി)
„ സി. കെ. മാണി ബി. ഏ. ബി. എൽ.
„ എൻ. പി. വർഗ്ഗീസ്
ബി. ഏ. ബി. എൽ; എം. എൽ. ഏ.
(പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ
„ എം. കെ. മേനോൻ
„ K. W. മുരളീധരമാരാർ ബി. ഏ. എൽ. എൽ. ബി;
ഡാ. പി. കെ. നാരായണപിള്ള
എം. ഏ. പിഎച്ച്. ഡി.
(പ്ര. സ: അംഗം)

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കേണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Trivandrum.